# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ

# പള്ളി കൂദാശ ക്രമം

## ജ്ഞാപകം

ദേവാലയത്തിനു കല്ലിടുക എന്നു പറഞ്ഞാൽ മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത അടിസ്ഥാനകല്ല് ബലിപീഠത്തോട് ചേർത്ത് പ്രതിഷ്ഠിക്കുകയാകുന്നു. കല്ലു സഭയുടെ അടിസ്ഥാനമാകുന്ന കർത്താവിനേയും തന്റെ ശരീരമായ സഭയേയും സൂചിപ്പിക്കുന്നു. അതു ബലിപീഠത്തോടും പള്ളിയോടും ചേർത്തു പ്രതിഷ്ഠിക്കുമ്പോൾ പള്ളിമുഴുവൻ കർത്താവിനോടും സഭയോടും ചേർത്തു പണിയപ്പെടുന്നുവെന്നർത്ഥമാകുന്നു. അങ്ങനെ പള്ളി ദൈവത്തിന്റെ ആലയമായി തീരുന്നു. കല്ലിടാത്ത പള്ളി കേവലം പ്രാർത്ഥനാലയം മാത്രമാകുന്നു. സഭയുടെ പ്രതിനിധിയായ മേല്പട്ടക്കാരൻ വന്ന് കർത്താവിന്റേയും സഭയുടേയും ദൃഷ്ടാന്തമായ കല്ലു കൂദാശ ചെയ്തു പള്ളിയുമായി ചേർത്തു പ്രതിഷ്ഠിക്കുമ്പോൾ പള്ളി സഭയുടെ ഭാഗമായി തീരുന്നു.

കല്ലിട്ടില്ലെങ്കിലും മേല്പട്ടക്കാരൻ കൂദാശ ചെയ്ത തബലൈത്താവച്ച് വി. കുർബ്ബാന ചൊല്ലുമ്പോൾ തന്നെ പള്ളി സഭയുടെ ഭാഗമാകുന്നു. കൂദാശ ചെയ്ത തബലൈത്താ സഭയുടെ മറ്റൊരു ദൃഷ്ടാന്തമാണ്. പള്ളിക്കായി സ്ഥലം വാങ്ങുകയും അതിൽ പള്ളി വയ്ക്കുകയും ചെയ്യുമ്പോൾ തന്നെ അതു സഭവകയായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാകുന്നെന്നു പറയും. മേല്പറഞ്ഞ കാരണങ്ങളാൽ പള്ളിക്കു കല്ലിടുകയും കൂദാശ ചെയ്യുകയും ചെയ്യുന്നതിന് മുമ്പായി തന്നെ അതിന്റെ താക്കോൽ മേല്പട്ടക്കാരനേയും അദ്ദേഹം വികാരിയേയും ഏല്പിക്കുന്ന പതിവുണ്ട്. പിന്നീട് പള്ളിയുടെ ഭരണ ചുമതല സഭയ്ക്കു വേണ്ടി വികാരിയ്ക്കാണ്. (ഈ കല്ലിടീൽ പണി ആരംഭിക്കുമ്പോൾ വാനത്തിൽ ആദ്യം കല്ലിടുന്ന സാധാരണ കല്ലിടീൽ അല്ല.) ബലിപീഠത്തിന് കല്ലിട്ടിട്ടല്ലാതെ ത്രോണോസോ മദ്ബഹായോ ഹൈക്കലായോ മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് കൂദാശ നടത്തുകയില്ല.

കല്ലിടീൽ ശുശ്രൂഷ നടത്തിയിട്ടില്ലെങ്കിൽ തല്കാല കൂദാശ നടത്തി കുരിശ് ആഘോഷിച്ച് ത്രോണോസിൽ പ്രതിഷ്ഠിച്ച ശേഷം തബലൈത്താ വച്ച് വി. കുർബ്ബാന ചൊല്ലാവുന്നതാണ്. പിന്നീട് തക്ക സന്ദർഭത്തിൽ കല്ലിടീൽ ശുശ്രൂഷ നടത്തി സ്ഥിരകൂദാശ നടത്തേണ്ടതാണ്. ഈ കല്ലിടീൽ ശുശ്രൂഷ പള്ളി പണി ആരംഭിക്കുമ്പോഴോ മറ്റേതെങ്കിലും സന്ദർഭത്തിലോ നടത്താം. സാധാരണയായി പള്ളി പണിത ശേഷം പള്ളി കൂദാശയുടെ തലേ ദിവസം സന്ധ്യാ നമസ്കാരത്തോടു കൂടി നടത്തുന്നു.

## കല്ലുതയ്യാറാക്കൽ

ഉദ്ദേശം 5 - 6 ഇഞ്ചു നീളം 5 - 6 ഇഞ്ചു വീതി 5 - 6 ഇഞ്ചു കനത്തിൽ

ഒരുകല്ല് കൊത്തി ശരിപ്പെടുത്തണം. കരിങ്കല്ലോ മാർബിളോ സിമന്റോ മറ്റേതെങ്കിലും വിശേഷ സാധനമോ ആവാം. കല്ലിന്റെ മുകൾ പരപ്പിൽ മദ്ധ്യത്തിൽ 2 ഇഞ്ചു ചതുരവും 2 ഇഞ്ചു താഴ്ചയുമുള്ള ഒരു കുഴി കൊത്തിയുണ്ടാക്കണം. ആ കുഴിയ്ക്കകത്തു വയ്ക്കത്തക്കവണ്ണം ഉദ്ദേശം ഒന്നര ഇഞ്ചു ചതുരവും ഒരിഞ്ചു പൊക്കവും ഉള്ളതും അടപ്പുള്ളതുമായ ഒരു ചെപ്പു ഉണ്ടാക്കുന്നതു കൊള്ളാം. (വെള്ളിയോ സ്വർണ്ണമോ മറ്റു ലോഹമോ ആകാം) ശ്ലീഹന്മാരുടെ സാദൃശ്യത്തിൽ 12 ചെറിയ കല്ലുകൾ (പാറക്കല്ലോ, പളുങ്കോ, സ്പടികമോ, മാർബിളോ മറ്റോ) കരുതണം. അവ ചെപ്പിനകത്തോ അതിൽ സ്ഥലമില്ലെങ്കിൽ ചെപ്പു വച്ച ശേഷം കല്ലിലെ കുഴിയിലോ ഉൾക്കൊള്ളത്തക്ക വലിപ്പമുള്ളവയായിരിക്കണം.(ചെപ്പില്ലെങ്കിൽ എല്ലാം കുഴിക്കകത്തു തന്നെ വയ്ക്കാം.) കല്ലു മുഴുവൻ മൂടത്തക്കവണ്ണം കല്ലിന്റെ സാധനം കൊണ്ടു തന്നെയോ മറ്റൊ ഒരു മൂടിക ഉണ്ടാക്കണം. അതിനു കല്ലിന്റെ മേൽപരപ്പിന്റെ അളവും ഒരിഞ്ചു ഘനവും ഉണ്ടായിരിക്കാം. അതിന്റെ മുകളിൽ ഒരു കുരിശു രൂപം കൊത്തുകയോ വരയ്ക്കുകയോ ചെയ്യുന്നതു കൊള്ളാം.

കല്ലിലോ മൂടികയിലോ കല്ലിടുന്ന ആണ്ടുമാസം തീയതി എന്നിവയും കല്ലിടുന്ന ആളിന്റെ പേരും മറ്റു സന്ദർഭോചിതമായ വിവരങ്ങളും കൊത്തുന്നതു കൊള്ളാം. അതിനു സൗകര്യമില്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ ഒരു ചെമ്പു തകിടിൽ എഴുതി കല്ലിനകത്തു വയ്ക്കാവുന്നതാണ്.

സൗകര്യമെങ്കിൽ ഒരു കല്ലിനു പകരം 13 കല്ലുകൾ ഉണ്ടാക്കാം. കർത്താവിനെ സൂചിപ്പിക്കത്തക്കവണ്ണം അവയിൽ ഒന്നു വലുതും മറ്റുള്ളവ ശ്ലീഹന്മാരുടെ സാദൃശ്യത്തിൽ ചെറുതും ഒരേ വലിപ്പത്തിലും ആയിരിക്കണം. വലിയ കല്ലിൽ മാത്രം ചെപ്പു വച്ച് സ്ലീബാ ഇടത്തക്കവണ്ണം കുഴി ഉണ്ടാക്കണം. അതിനു മാത്രം മൂടിക ഉണ്ടാക്കണം. എല്ലാ കല്ലുകളും ഒരുമിച്ചു വച്ച് ശുശ്രൂഷ നടത്തുന്നു. ആഘോഷണം മുതലായവ വലിയ കല്ലു കൊണ്ടു മാത്രം ചെയ്യുന്നു. വലിയ കല്ലു പ്രധാന ത്രോണോസിൽ പ്രതിഷ്ഠിക്കുന്നു. മറ്റുള്ളവ യഥാക്രമം താഴെപ്പറയുന്ന പ്രകാരം പ്രതിഷ്ഠിക്കാം. എല്ലാ കല്ലുകളും മൂറോൻ കൊണ്ട് അഭിഷേകം ചെയ്യണം.

1. വടക്കേ ത്രോണോസ്സിൽ
2. തെക്കേ ത്രോണോസ്സിൽ
3. മദ്ബഹായുടെ വടക്കു കിഴക്കേ മൂല
4. മദ്ബഹായുടെ വടക്കു പടിഞ്ഞാറേ മൂല
5. മദ്ബഹായുടെ തെക്കു പടിഞ്ഞാറേ മൂല
6. മദ്ബഹായുടെ തെക്കു കിഴക്കേ മൂല
7. അഴിക്കകത്ത് വടക്കേ ഭിത്തി

8. അഴിക്കകത്ത് തെക്കേ ഭിത്തി
9. ഹൈക്കലായുടെ മദ്ധ്യത്തിൽ വടക്കേ ഭിത്തി
10.ഹൈക്കലായുടെ മദ്ധ്യത്തിൽ തെക്കേ ഭിത്തി
11.ഹൈക്കലായുടെ വടക്കു പടിഞ്ഞാറേ കോണിൽ
12.ഹൈക്കലായുടെ തെക്കു പടിഞ്ഞാറേ കോണിൽ

ഓരോ കല്ലും താഴെ കൊടുത്തിരിക്കുന്ന പ്രമാണം ചൊല്ലി പ്രതിഷ്ഠിക്കുന്നു.

നോട്ട് :- വലിയ കല്ലിനു മൂടികളുണ്ടാക്കുന്നതിനു പകരം അതിന്റെ കുഴിയിൽ ഫിറ്റ് ആയി ചുവടിറങ്ങത്തക്കവണ്ണം കല്ലുകൊണ്ടുതന്നെ ഒരു കുരിശ് ഉണ്ടാക്കി വയ്ക്കാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ കല്ലിടീലിന്റെ അവസാനത്തിൽ കല്ലിട്ടതിന്റെ മുകളിൽ കുരിശു പ്രതിഷ്ഠിക്കുന്നതിനു പകരം ഈ കൽക്കുരിശ് പ്രതിഷ്ഠിക്കാവുന്നതാണ്. അപ്രകാരം കുരിശു മൂടികയായി വയ്ക്കുമ്പോൾ അതനുസരിച്ച് കല്ലിന്റെ വലിപ്പം വർദ്ധിപ്പിക്കേണ്ടതാണ്.

കല്ലിടീൽ ശുശ്രൂഷ മേല്പട്ടക്കാരനു മാത്രമേ നടത്തുവാൻ അധികാരമുള്ളൂ. പണി ആരംഭിക്കുമ്പോൾ ചെയ്യുന്ന സാധാരണ കല്ലിടീൽ ആർക്കും ചെയ്യാവുന്നതാണ്.

സന്ദർഭോചിതമായ യാമ നമസ്കാരം (സന്ധ്യയോ പ്രഭാതമോ) നടത്തിയ ശേഷം അവസാനത്തെ കൗമ്മ കഴിഞ്ഞ് (വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമ്മാ എന്നിവയ്ക്കു മുമ്പായി) കല്ലിടീൽ ശുശ്രൂഷ നടത്തുന്നു. അതിനു ശേഷം വിശ്വാസപ്രമാണം, കുക്കിലിയോനുകൾ മുതലായവ നടത്തുന്നു. പള്ളി കൂദാശയുടെ ആദ്യഭാഗം സമയം ലാഭിക്കുന്നതിനുവേണ്ടി സന്ധ്യക്കുതന്നെ നടത്താവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ അതും കൂടി കഴിഞ്ഞിട്ടു മാത്രം കൗമ്മാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമ്മാ മുതലായവ നടത്തുന്നു.

കല്ല് മൂടിക കൊണ്ടു മൂടി ത്രോണോസിലോ ഒരുക്കിയ മേശപ്പുറത്തോ വച്ച് ഒരു ശോശപ്പായോ പട്ടു തുണിയോ കൊണ്ടു മൂടുന്നു. ചെപ്പിൽ സ്ലീബാ വച്ച് മറ്റ് ചെറുകല്ലുകളുമിട്ട് കുന്തുരുക്കം കൊണ്ടു നിറച്ച് കല്ലിനടുത്ത് വയ്ക്കുന്നു. മൂറോൻ കുപ്പിയും സൗകര്യമുള്ള സ്ഥാനത്ത് വയ്ക്കുന്നു.

കല്ലിനുമുമ്പിൽ ദർഗ്ഗായ്ക്കു താഴെ അംശവസ്ത്രധാരിയായ മേല്പട്ടക്കാരൻ നിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നു.

# കല്ലിടീൽ ശുശ്രൂഷ

## *പ്രാരംഭ പ്രാർത്ഥന*

(ദർഗ്ഗായിക്കു താഴെ നിന്നുകൊണ്ട്)

ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധാലയത്തെ ആത്മീയ സ്തുതികളാൽ പ്രതിഷ്ഠിക്കുന്നതിനും അതിനു അടിസ്ഥാനം ഇടുന്നതിനും നിന്റെ പരിശുദ്ധ സ്ലീബായുടെ റൂശ്മായാൽ മുദ്ര കുത്തുന്നതിനും ദിവ്യമായ നിന്റെ മൂറോന്റെ പരിമള വാസനയാൽ അഭിഷേകം ചെയ്യുന്നതിനും നിന്റെ നൽവരങ്ങളുടെ വിശുദ്ധിയാൽ അതിനെ ശുദ്ധീകരിക്കുന്നതിനും പരിശുദ്ധാത്മ ദാനങ്ങളാൽ അതിനെ പൂർത്തീകരിക്കുന്നതിനും കിരീടം ധരിപ്പിക്കുന്നതിനും അതിൽ നിത്യമായി നിന്നെയും നിന്റെ ഏകജാതനാം പുത്രനേയും ജീവൻ നൽകുന്ന നിന്റെ റൂഹായേയും സ്തുതിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ........ ആമ്മീൻ.

## *മറ്റൊന്ന്*

ദൈവമായ കർത്താവേ! നിന്റെ തിരുനാമ മഹത്വത്തിനു ഈ ആലയത്തിന്റെ അടിസ്ഥാനം വയ്ക്കുവാനും പരിശുദ്ധ സഭയുടെ അടിസ്ഥാനങ്ങളാകുന്ന നിന്റെ ശ്ലീഹന്മാരുടെ നാമത്തിൽ അഭിഷേകം ചെയ്യപ്പെട്ട കല്ലുകൾ അതിൽ ഉറപ്പിയ്ക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമെ. അങ്ങനെ ഇതു നിന്റെ ആലയമായിത്തീരുകയും നീ അതിൽ വസിക്കുകയും എല്ലാ ദിവസവും കർതൃബലികളും വെടിപ്പുള്ള പ്രാർത്ഥനകളും അതിൽ നിനക്ക് അർപ്പിക്കപ്പെടുകയും പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! തിരുനാമം മഹത്വപ്പെടുകയും വന്ദിക്കപ്പെടുകയും ചെയ്യുമാറാകണമെ. ഹോശോ..... ആമ്മീൻ.

## *51-ാം മസുമൂർ*

ദൈവമേ! നിന്റെ കൃപ പോലെ എന്നോടു കരുണ ചെയ്യണമെ; നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയണമെ.

എന്റെ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്നും എന്നെ വെടിപ്പാക്കണമെ; എന്തെന്നാൽ എന്റെ

അതിക്രമങ്ങൾ ഞാൻ അറിയുന്നു; എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേയുമിരിക്കുന്നു.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉൽഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു; നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെൺമയാക്കണമെ; ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെൺമയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ, ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്നും നിന്റെ തിരുമുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ! സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്നും എന്നെ തള്ളിക്കളയരുതേ; നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്നും എന്നെ രക്ഷിച്ചു കൊള്ളണമെ! എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല; ഹോമബലികളിൽ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ. അപ്പോൾ നീതിബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു -ബാറെക്മോർ.

## *ഗാനം*

*ഒലിവീന്തൽ തലകളെടുത്തൂശാന.......പോലെ.*

**1. ഭാഗ്യംതേ - മശിഹാ തൻ മണവാട്ടീ!**
**നിൻ ശിലവയ്പിൽ - ജാതികൾ മോദി-ഷ്യൂ-**
**ദേവാ! ദയ ചെയ്തീടണമെ.**

**2. ശ്രീയേകീ - മേൽ നിൻ മണവറ തീർത്തോൻ**
**മശിഹായെ നീ സ്തുതി ചെയ്യുക സ-ഭയെ**
**ദേവാ! ദയ ചെയ്തീടണമെ.**

**3. ദ്യോവിൽ വ - ച്ചാൻ നിൻ ഭാസുര ഗേഹം**
**മംഗല്യം തവ വാനോർ ഘോഷി-ഷ്യൂ**
**ദേവാ! ദയ ചെയ്തീടണമെ.**

**4. വിശ്വാസ - ത്തൊടു സ്നാനം കൈക്കൊണ്ടോർ**
**നാനാദേശേ നിന്നെക്കൊണ്ടാ-ടും**
**ദേവാ! ദയ ചെയ്തീടണമെ.**

**5. മുടിചൂടു - ന്നരചർ നിൻ പതി നൃപനേ**
**വന്ദിച്ചീടാൻ നിന്നുള്ളിൽ വ-ന്നൂ**
**ദേവാ! ദയ ചെയ്തീടണമെ.**

**ബാറെക്മോർ. ശുബഹോ...... മെനഓലം...**

**6. സഭ വരണം - ചെയ്തതു പാവനമാക്കാൻ**
**തിരുസുതനെ തന്നാ ത്താതനു സ്തോത്രം**
**ദേവാ! ദയ ചെയ്തീടണമെ.**

## *പ്രാർത്ഥന*

വിലയേറിയ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ള നിന്റെ പരിശുദ്ധ സഭയാകുന്ന ആന്തരീക സെഹിയോന്റെ കോട്ടകളെ ജയമുള്ള നിന്റെ സ്ലീബായുടെ ശക്തിയാൽ കാത്തു കൊള്ളണമെ. പരി

ശുദ്ധ സ്വർഗീയ സൈന്യങ്ങളുടെ കാവലും ജാഗ്രതയും കൊണ്ട് അതിനെ ചുറ്റുമാറാകണമെ. അങ്ങനെ അതിന്റെ മക്കളുടെ സംഘത്തിൽ സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്തു കൊണ്ട് അവൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതി പാടുമാറാകണമെ. ഹോശോ......... ആമ്മീൻ.

## *ഗാനം (കോനൂനോ-7)*

*അഖിലാണ്ഡത്തെ വഹിപ്പോനെ / ആത്മാവേ നീ സ്തുതിയേക്കാൾ....... പോലെ.*

1. **തൻ കരതാരിൽ തിരുസഭയെ നന്നായ് സ്ഥാപി-ച്ചൊരു മശിഹാ!**
   **സ്തുതി സതതം പാടീടാൻ ഞങ്ങടെയകതാരിനെ സ-ജ്ജമതാക്ക**
   **അഖിലത്തിന്നധിപൻ നാഥാ! നീയെന്നും വന്ദ്യൻ-ത-ന്നെ.**
2. **മശിഹാ സഭയിൻ കൂടാരം മലയിൽ പണിതാൻ മോശവഴി**
   **പാവനശ്ലീഹന്മാർ മൂലം തന്നുടെ സഭയെ പണിതേറ്റി**
   **പാടണമവനായ് നാം സ്തോത്രം - താനെന്നും വന്ദ്യൻ തന്നെ.**

   **ശുബഹോ.......**
3. **മശിഹാ തന്നുടെ ഹിതമതുപോൽ ശ്ലേമ്മോൻ ഭവനം ശാലേമിൽ-**
   **പരനായ് നന്നായ് പണിചെയ്തു പണിതാനീശോ - തിരുസഭയെ**
   **വിശ്വാസമതാം ശിലയിന്മേൽ താനെന്നും വന്ദ്യൻ തന്നെ.**

   **മെനഓലം....**
4. **സീനായിൽ ദ്വാദശ ശിലയാൽ കൂടാരം പണിതാൻ മോശ**
   **ശ്ലീഹന്മാരാൽ മശിഹായും സഭ പണിതാൻ വിശ്വാസമതിൽ**
   **സ്തുതിഗാനം നാം പാടീടാം-താനെന്നും വന്ദ്യൻ തന്നെ.**

## *പ്രുമിയോൻ*

തന്റെ ക്നൂമായുടെ കഷ്ടപ്പാടുകളാൽ പരിശുദ്ധ സഭയെ തനിക്കു വിവാഹം പറഞ്ഞു നിശ്ചയിക്കുകയും, ആത്മാക്കളുടെ കാവലിനായി ജീവനുള്ള സ്ലീബായെ അതിൽ വയ്ക്കുകയും ചെയ്ത മേലുള്ള മണവാളനും തന്റെ സഭയേയും ആചാര്യ സംബന്ധമായ തന്റെ ഇടവകകളേയും ആശ്രയ കോട്ടകളായി പണിതു വേലി കെട്ടുകയും അക്രമികളുടെ കൈയ്പു പെട്ട കഠിന കോപത്തിന്റെ ഉഗ്രതയിൽ നിന്നും അതിനെ കാവൽ ചെയ്യുവാനായി രക്ഷയുടെ ബലമുള്ള ഗോപുരങ്ങൾ

മനുഷ്യത്വത്തിനു സ്ഥിരപ്പെടുത്തുകയും, പ്രതികൂലമായി ക്ഷോഭിച്ചി രിക്കുന്ന തിരമാലകളെ, അതിൽ നിന്നും കടത്തിക്കളയുകയും ചെയ്ത ജ്ഞാനമുള്ള ശില്പിയുമായ തനിക്കു സ്തുതി. തനിക്കു ഈ പരി ശുദ്ധ ദേവാലയത്തിന്റെ ശിലാസ്ഥാപനത്തിന്റെ ഈ നേരത്തും, സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും എന്നേക്കും യോഗ്യമാകുന്നു. ബ്കുലഹൂൻ.... ആമ്മീൻ

## *സെദറ*

അഗ്ന്യാത്മമയന്മാരുടെ ഗണങ്ങളാൽ മഹിമയോടെ ആത്മീയമായി പുകഴ്ത്തപ്പെടുകയും, ചിറകുള്ള അഗ്നിമയന്മാരാൽ മഹാ സംഭ്രമ ത്തോടു കൂടി വാഴ്ത്തപ്പെടുകയും, സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിട്ടുള്ള കടിഞ്ഞൂലുകളുടെ സഭയിൽ അശരീരികളായ ശുശ്രൂഷക്കാരാൽ ത്രിത്വ സ്തുതി അർപ്പിക്കപ്പെടുകയും ചെയ്യുന്നവനായ മശിഹാ തമ്പുരാനേ! മഹത്വമുള്ള നിന്റെ കൂടാരത്തിൽ - ഇസ്രായേലിന്റെ കൂടാരത്താൽ മുമ്പു കൂട്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള പരിശുദ്ധ സഭയിൽ- പുകഴ്ത്തപ്പെട്ടു, വാഴ്ത്തപ്പെട്ടു-പ്രാഭവപ്പെടുവാൻ, നിന്റെ കൃപയാൽ തിരുമനസ്സായി. നിന്റെ ബഹുമതിക്കായി മോശ കൂടാരം ഉറപ്പിക്കുകയും, സകല വർഗ്ഗ ങ്ങളുടെയും പ്രതിഛായകളാൽ അതിനെ അലങ്കരിക്കപ്പെടുകയും, നിന്റെ സ്നേഹിതന്മാരുടെ അസ്ഥികളാൽ പണിയപ്പെടുകയും, നിന്റെ സ്നേഹി തന്മാരുടെ സ്തൃത്തിൽ ഉയർത്തപ്പെടുകയും, ചെയ്തിട്ടുള്ളതായ നിന്റെ പരിശുദ്ധ സഭയ്ക്കു ദൃഷ്ടാന്തം വരയ്ക്കുകയും ചെയ്തു. നിന്റെ വെളി പാടുകാരായ നിബിയന്മാർ ഈ സഭയ്ക്കു മുമ്പു കൂട്ടി രൂപം നൽകി. അവരിൽ ഒരുവൻ ജലപ്രളയത്തിൽ നിന്നുള്ള വിടുതലിനു വേണ്ടി, ആശ്വാസത്തിന്റെ പരിമളവാസന അർപ്പിക്കുകയും, നിന്റെ പരിശുദ്ധ ബലിപീഠത്തിന്റെ രഹസ്യം കാണിക്കുകയും ചെയ്തു.മറ്റൊരുവൻ മോ റിയാ മലയിലേക്കു കയറി, തന്റെ ഏകജാതനെ ബലി കഴിക്കുകയും നിന്റെ പരിശുദ്ധ സഭയുടെ ദൃഷ്ടാന്തം നിലനിർത്തുകയും ചെയ്തു. ഒരുവൻ ബഥേലിൽ വച്ച് കല്ല് അഭിഷേകം ചെയ്ത് നേർച്ചകളും പതാ രങ്ങളും അതിന്മേൽ അർപ്പിച്ച്, അതു മുഖാന്തരം, ഇവിടെ സഭയിൽ നിനക്കു അർപ്പിക്കപ്പെടുന്നതായ രഹസ്യപൂർണ്ണമായ കുർബ്ബാനകളെ

മുമ്പു കൂട്ടി കാണിച്ചു. വേറൊരുവൻ കർമ്മേൽ മലയിൽ ബലിപീഠം പണിത്, നിഴലായ ബലികളെ അതിന്മേൽ അർപ്പിച്ചു. മറ്റൊരുവൻ പൗരസ്ത്യാലയത്തിന്റെ മഹത്വത്തെപ്പറ്റി സംസാരിച്ചു. ഒരുവൻ അത്യുന്നതന്റെ പട്ടണത്തെപ്പറ്റിയുള്ള ശ്രേഷ്ടതകൾ സംസാരിക്കപ്പെടുമെന്ന് ഉത്ഘോഷിച്ചു. അപരൻ മെദിയാന്യരിൽ നിന്നുള്ള വിടുതലിനു വേണ്ടി, നിന്റെ ബഹുമാനത്തിനു ബലിപീഠം പണിതു. ഒരുവൻ തന്റെ ഏകജാതനെ ബലികഴിക്കുകയും,പരിശുദ്ധ സഭയ്ക്കു മർമ്മങ്ങൾ വരയ്ക്കുകയും ചെയ്തു. വേറൊരുവൻ യബുസായനായ ആരാമിന്റെ കളത്തിൽ വച്ച് കുർബ്ബാന അർപ്പിച്ച്, ജനത്തിൽ നിന്നും വസന്ത വിലക്കി. ഒരുവൻ കർത്താവിന്റെ ഭവനം പർവ്വത ശൃംഗത്തിൽ പണിയപ്പെടുമെന്നു പറയുകയും അതിലേക്കു ജാതികൾ തടിച്ചു കൂടുമെന്നു പ്രസിദ്ധീകരിക്കുകയും ചെയ്തു. വേറൊരുവൻ കർത്താവ് ഊർശ്ലേമിനെ മോഹനീയ പ്രഭകളാൽ അലങ്കരിച്ചിരിക്കുന്നുവെന്നു പ്രസ്താവിച്ചു. ഒരുവൻ കർത്താവു തന്റെ ഭവനത്തെ സകല മേൽക്കോയ്മകൾക്കും, അധികാരങ്ങൾക്കും മേലായി പണിയുമെന്നു പ്രസംഗിച്ചു. മറ്റൊരുവൻ സഭയോടു, നിന്റെ കൂടാരകയറുകൾക്കു നീളം കൂട്ടുക, നിന്റെ വിരികളെ വിസ്താരപ്പെടുത്തുക, എന്നിങ്ങനെ അരുളിച്ചെയ്തിരിക്കുന്നു. ഒരുവൻ കർത്താവിന്റെ ദേവാലയം പണിയപ്പെടുമെന്നും, അതു ഇസ്രായേലിന്റെ മഹത്വത്തിനായി തീരുമെന്നും കാഹളം മുഴക്കി. മറ്റൊരുവൻ അടിമയ്ക്കും, ബാബേലിൽ നിന്നുള്ള കരേറ്റത്തിനും ശേഷം നിന്റെ നാമത്തിനു ആലയം രൂപപ്പെടുത്തി. ഒരുവൻ കർത്താവു തന്റെ ബലിപീഠം സ്ഥിരപ്പെടുത്തുമെന്നും ദുഷ്ടൻ ലജ്ജിച്ചു പോകുമെന്നും പ്രവചിച്ചു. മറ്റൊരുവൻ, കർത്താവേ! നിന്റെ ബലിപീഠത്തിനരികെ പക്ഷിക്കുഞ്ഞുങ്ങൾ വളർന്നു എന്നു പാടി. ഇപ്രകാരം സഭ മുഖാന്തിരം അവളെപ്പറ്റി പ്രഘോഷിച്ചിട്ടുള്ളവരുടെ ഉപമാനങ്ങളെ സത്യങ്ങളായി നീ കാണിച്ചു. ആകയാൽ ഞങ്ങളുടെ മശിഹാ തമ്പുരാനേ! ഈ സുഗന്ധ ധൂപം മൂലം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കണ്ടാലും ലോകാവസാനത്തോളം ഞാൻ നിന്നോടു കൂടെയുണ്ടെന്നുള്ള നിന്റെ വാഗ്ദത്തം അതിന്റെ പക്കൽ നിവർത്തിച്ചു കൊണ്ട്, നിന്റെ പരിശുദ്ധ സഭയെ നീ സന്ദർശിക്കണമെ. കാരുണ്യത്തോടു കൂടി അതിനെ നീ സന്ദർശിച്ച്

നിന്റെ കരുണാ സമ്പത്തു കൊണ്ട് അതിനെ നിറയ്ക്കണമെ. പ്രക്ഷോഭകരമായ ബഹളങ്ങളിൽ നിന്നു അതിനെ സംരക്ഷിക്കണമെ. സകല വിപത്തുകളിൽ നിന്നും ഞെരുക്കങ്ങളിൽ നിന്നും അതിനെ കോരിയെടുക്കണമെ. അതിന്റെ അഗ്രങ്ങൾ വലിപ്പപ്പെടുത്തി അതിന്റെ കുറ്റികളെ സ്ഥിരപ്പെടുത്തണമെ. അതിന്റെ നിരകളെ വിസ്തീർണ്ണതപ്പെടുത്തണമെ.പരിശുദ്ധ റൂഹായുടെ പാട്ടുകളാൽ അതിന്റെ ഗൂദാകളെ ക്രമീകരിക്കണമെ. അതിന്റെ കൂട്ടത്തെ മറച്ചു കൊള്ളണമെ. അതിന്റെ മക്കളെ കാത്തുകൊള്ളണമെ. അതിന്റെ അതിർത്തികളെ വലുതാക്കണമെ. നിന്റെ സത്യജ്ഞാനമാകുന്ന അടിസ്ഥാനോപദേശങ്ങളാൽ അതിനെ സ്ഥിരപ്പെടുത്തണമെ. നിന്റെ ന്യായ പ്രമാണത്തെ പാലിക്കുന്ന മല്പാന്മാരെയും, സത്യ ഇടയന്മാരെയും ശെമ്മാശ്ശന്മാരെയും അതിൽ എഴുന്നേല്പിക്കണമെ. നിന്റെ കല്പനകൾ അനുസരിക്കുവാൻ രാജാക്കന്മാരെയും അധികാരികളെയും യോഗ്യരാക്കണമെ. വാർദ്ധക്യത്തെ താങ്ങണമെ.യൗവ്വനക്കാരെ വിനയം കൊണ്ട് അലങ്കരിക്കണമെ. അനാഥരെ എഴുന്നേറ്റ് സഹായിക്കണമെ. രോഗികളെ സൗഖ്യമാക്കണമെ. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവരെ സ്വാതന്ത്ര്യപ്പെടുത്തണമെ. ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരീ സഹോദരന്മാരുടെയും നേതാക്കളുടെയും മരിച്ചു പോയവരുടെയും ആത്മാക്കളെ ആശ്വസിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ......... ആമ്മീൻ

## *ഗാനം*

*(ഏനോനോ നുഹറോ എന്ന രീതി)*

*പ്രാർത്ഥിപ്പാൻ ദൈവത്തിൻ....... പോലെ*

**കേൾപ്പീനിതു ജാതികളെല്ലാം**

1. **പാവനമാം തിരുസഭയോടേവം**
**ചൊന്നേശായ-നിബിമുഖ്യൻ**
**ഉണരുക നിൻ ശോഭസമാഗതമായ്**
**നിൻ മണവാളൻ-മൃതി രഹിതൻ**
**രാപകൽ നിന്നുടെ വാതിലുകൾ**
**അടയാതങ്ങു തുറന്നീടും**

മുടി ചൂടും മന്നന്മാരും
വിധിക-ർത്താക്കൾ ജ്ഞാനികളും
സ്തുതി പാടിക്കൊ-ണ്ടതിലേറും.
**പരനതിനുള്ളിൽ വേണ്ട ഭയം...**

2. വാനമണാ-ളൻ തൻ വധുസഭയേ
പരിശുദ്ധേകളയു-ക ഭീതി
അപരനു നീ-ചേരായ്കിൽ ഞാനും
ചേർക്കില്ലന്യയെ-നീയെന്യേ
കാലാന്ത്യേഭൂ-വാനങ്ങൾ
തൻ നാശം വന്നീ-ടുമ്പോൾ
നീ പാർക്കും കേടേ-ശാതെ
താതസുതാ-ത്മാവിൻ സവിധേ
സംസ്ഥിതമാം-നിന്നാസ്ഥാനം.
ശുബഹോ......

3. വാനിൻ നി-ന്നാഗതനായ് സഭയെ
പാണിഗ്രഹണം-ചെയ്ത സുതൻ
സഭ പേർക്കായ്-ക്രൂശിത വചനേശൻ
സംസ്തുത്യൻ താ-നനവരതം
ക്രൂശാൽ രക്ഷിതമാം ജനത
സ്തുതി പാടി ചൊല്ലീടുന്നു.
കുരിശാലുലകം വീണ്ടോനം
ദൈവാത്മജനേ നീ ശുദ്ധൻ
പരിശുദ്ധൻ നീ പരിശുദ്ധൻ. മെനഓലം.....

4. ആദ്യ സുതൻ-തൻ വധുവെന്നതു പോ-
ലിതുവരെയുളവായില്ലന്യ
വരണം ചെ-യ്തവനവളേ മുന്നം
തൻ കൊലയാൽ-നല്കീ സദ്യ
ക്രൂശതിലവളും തൻ ചാരേ
ഭൂഷിതയായ്-തൻ രക്തത്താൽ
ആർത്തുര ചെയ്താളാദരവായ്

**താത-ന്നനു രൂപൻ സൂനോ**

**നീ പരിശുദ്ധൻ-പരിശുദ്ധൻ.**

## *എത്രോ*

ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധ ദേവാലയത്തിന്റെ അടിസ്ഥാനം ഇടുന്ന ഈ ദിനത്തിൽ ഞങ്ങളുടെ ബലഹീനതയിൽ നിന്നും നിനക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ ധൂപവും പരിമളങ്ങളുടെ സൗരഭ്യവാസനയും കൈക്കൊള്ളണമെ. നിന്റെ കാരുണ്യത്തോടു ഞങ്ങൾ യാചിക്കുന്നു.നിന്റെ രക്ഷയാൽ അതിന്റെ മക്കളെ സന്തോഷിപ്പിക്കുകയും മോചനത്താൽ അതിലെ പാപികളെ ആനന്ദിപ്പിക്കുകയും ചെയ്യണമെ.രോഗികൾക്കു സൗഖ്യവും ചിതറിപ്പോയവർക്കും തെറ്റിപ്പോയവർക്കും തിരിച്ചു വരവും ഞെരുക്കമനുഭവിക്കുന്നവർക്കും ഹൃദയ സങ്കടത്തിലിരിക്കുന്നവർക്കും ആശ്വാസവും കൊടുക്കണമെ.സകല പോരാട്ടങ്ങളും എതിർപ്പുകളും ശണ്ഠകളും അതിൽ നിന്നും നീക്കിക്കളയണമെ.സത്യവിശ്വാസത്തോടെ അതിൽ നിന്നും വാങ്ങിപ്പോയിട്ടുള്ളവർക്കു പാപപരിഹാരവും മോചനവും നൽകണമെ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുകയും സ്തുതിക്കുകയും ചെയ്യും.ഹോശോ.....ആമ്മീൻ

### *സൂമ്മോറോ*

**നിന്നാസ്ഥാനം കർത്താവേ! നിന്നാലയമതിനേ നീയാക്കി-**

**നിൻ കൈയ്യാലതു പണിതതി ലെന്നും നീ വാണീടണമേ.**

### *അല്ലെങ്കിൽ*

**കർത്താവേ പരിപാവനമായ്-നിന്നാസ്ഥാനമിതാക്കണമെ**

**നിൻ കൈയ്യാൽ പണിതതിലെന്നും-നീ വാണീടണമെന്നേക്കും**

## *വേദവായനകൾ*

**ആദ്യപുസ്തകം: 6:13-7:9; 28:10-22 2ശമുവേൽ: 6:1-23**

**1രാജാക്കന്മാർ :8:22-43 ഹസ്ക്കിയേൽ: 10:1-7**

ഭൂവിലശേഷം........... ........... അപ്പോ:പ്രവർത്തി:7:44-53

പൗലോസ് ശ്ലീഹാ................ എബ്രായ:9:1-14

ഏവൻഗേലിയോൻ

**ഹാ-ഹാ-മുന്നം നിന്നവകാശത്തിൻ ദണ്ഡാൽ നേടി-**

**സംരക്ഷിച്ചൊരു സഭയെ നീയോർക്കണമെ. ഹാ**

*(ദർഗ്ഗായിൽ കയറി നിന്നു കൊണ്ട്)*

***മത്തായി 16:13-20***

***യേശു തമ്പുരാൻ പീലിപ്പോസ്സിന്റെ കേസറിയ ദേശത്തേക്കു വന്നപ്പോൾ തന്റെ ശിഷ്യന്മാരോട് മനുഷ്യപുത്രനായ ഞാനാരാകുന്നുവെന്നു മനുഷ്യർ എന്നെപ്പറ്റി പറയുന്നുവെന്നു ചോദിച്ചു. യൂഹാനോൻ മാംദാനാ എന്നു പറയുന്നവരുണ്ട്. മറ്റു ചിലർ ഏലിയായെന്നും, വേറെ ചിലർ എറമിയായോ, പ്രവാചകന്മാരിൽ ഒരുവനോയെന്നും പറയുന്നുവെന്നു അവർ പറഞ്ഞു. താൻ അവരോടു, ഞാൻ ആരാകുന്നുവെന്നു നിങ്ങൾ പറയുന്നുവെന്നു ചോദിച്ചു. ശെമഓൻ കീപ്പാ ഉത്തരമായി നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നുവെന്നു പറഞ്ഞു. യേശുതമ്പുരാൻ ഉത്തരമായിട്ടു അവനോടു, യൗനായുടെ പുത്രനായ ശെമഓനേ നീ ഭാഗ്യവാനാകുന്നു. എന്തെന്നാൽ ജഡരക്തങ്ങളല്ല, എന്നാലോ സ്വർഗ്ഗത്തിലുള്ളവനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തി തന്നത്. ഞാനും നിന്നോടു പറയുന്നു നീ കീപ്പാ ആകുന്നു. ഈ കീപ്പാമേൽ എന്റെ സഭയെ ഞാൻ പണിയും. പാതാള വാതിലുകൾ അതിനെ ദുർബ്ബലപ്പെടുത്തുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്ന ഏതൊന്നും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടതായിരിക്കും. ഭൂമിയിൽ നീ അഴിക്കുന്നത് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും എന്നു പറഞ്ഞു. അനന്തരം തന്റെ ശിഷ്യന്മാരോട് താൻ മശിഹായാകുന്നുവെന്ന് ഒരുവനോടും അവർ പറയരുതെന്ന് കല്പിച്ചു. ഉശൈനോ.......***

# കല്ലു കൂദാശ

*(ദർഗ്ഗായിൽ കയറി കിഴക്കോട്ടു തിരിഞ്ഞു നിന്ന് ശോശപ്പായും കല്ലിന്റെ മൂടികയും നീക്കുന്നു.)*

## *അടിസ്ഥാനക്കല്ലിന്മേലുള്ള പ്രാർത്ഥന*

ഞങ്ങളുടെ ദൈവമായ മശിഹാ തമ്പുരാനേ! നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടേയും നിന്റെ മാതാവായ പ. കന്യകമറിയാമിന്റേയും ഈ ആലയം ആരുടെ നാമത്തിൽ ഞങ്ങൾ പണിയുകയും അടിസ്ഥാനമിടുകയും ചെയ്യുന്നുവോ ആ മോർ *(ഇന്നാരുടേയും)* പ്രാർത്ഥനകളാൽ ഈ കല്ല് വാഴ്ത്തി വിശുദ്ധീകരിക്കേണമെ. **ബാറേക് -ഉ-കാദേശ്**

എന്തെന്നാൽ പിതാവിനോടും പരിശുദ്ധറൂഹായോടും കൂടെ നീ പരിശുദ്ധനാകുന്നു. ഹോശോ....... ആമ്മീൻ

*(അനന്തരം കുരിശ് വച്ച് കല്ലുകളുമിട്ട് കുന്തുരുക്കകഷണങ്ങളുമിട്ട് മൂറോനൊഴിച്ച് അടച്ച ചെപ്പ് കൽക്കുഴിയിൽ വയ്ക്കുന്നു. (കുരിശ് കർത്താവിന്റെ ദൃഷ്ടാന്തം – ചെറിയ കല്ലുകൾ ശ്ലീഹന്മാർ – കുന്തുരുക്കകഷണങ്ങൾ വിശ്വാസികൾ – ശ്ലീഹന്മാരേയും വിശ്വാസികളേയും കർത്താവിനോടു ചേർത്തു സഭ പണിതിരിക്കുന്നുവെന്നർത്ഥം) ചെപ്പിൽ ചെറിയ കല്ലുകൾ കൊള്ളുകയില്ലെങ്കിൽ ചെപ്പിനു വെളിയിൽ കുഴിയിൽ നിരത്തി വയ്ക്കുന്നു. കുഴിയിൽ സുഗന്ധവർഗ്ഗങ്ങൾ നിറച്ചിട്ട് മൂറോൻ ഒഴിക്കുന്നു. കല്ലു തള്ളവിരലിൽ മൂറോൻ പുരട്ടി റൂശ്മാ ചെയ്യുന്നു. ചെപ്പില്ലെങ്കിൽ കുഴിയിൽ തന്നെ സ്ലീബായം വച്ചാൽ മതി.)*

## മൂറോൻ കൊണ്ട് റൂശ്മാ ചെയ്യുമ്പോൾ

ഈ കല്ല് നിയമരഹിതമായ സകല അശുദ്ധിയിൽ നിന്നും എന്നേക്കും പരിപൂർണ്ണമായി വെടിപ്പാക്കപ്പെടുന്നതിന് പിതാവിന്റെയും പുത്രന്റേയും പരിശുദ്ധ റൂഹായുടേയും നാമത്തിൽ വാഴ്ത്തപ്പെട്ടു നവീകരിക്കപ്പെട്ടു വിശുദ്ധീകരിക്കപ്പെടുന്നു. *ബാറെക് മോർ* ***ബശ്മോദാബോ*** = ആമ്മീൻ ***ഉദാബറോ*** = ആമ്മീൻ ***വദ്റൂഹോ ഹായോ കാദീശോ*** = ***ലഹായേ ദലഓാലം ഒൽമീൻ*** ആമ്മീൻ.

## *ആഘോഷണം*

*(കല്ലു മൂടിക കൊണ്ടു മൂടി ല് തെശ്ബുഹത്തോ ലീക്കോറോ ചൊല്ലി നാലു ഭാഗങ്ങളിലും ആഘോഷിക്കുന്നു. ആഘോഷിക്കുമ്പോൾ കല്ല് ശോശപ്പാകൊണ്ടോ പട്ടു തുണി കൊണ്ടോ മൂടിയിരിക്കണം. മണി, മറുവഹ്സാ മുതലായവ ആഘോഷ സമയത്തു അടിക്കുകയും കിലുക്കുകയും ചെയ്യുന്നു.)*

***"ല് തെശുബുഹത്തോ ലീക്കോറോ ഹെദ്റോ റുമറോമോ ദത്‌ലീസോയുസോ കാദിശ്തോ ശവിയാസ് ബൂസിയാ വൽശൈനോ ബെനിയോനോ ദ് ഈത്തോ കാദിശ്തോ ദാലോഹോ."***

### *മലയാളം*

സാരാംശത്തിൽ ഒന്നായിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ മഹിമയ്ക്കും ബഹുമാനത്തിനും പ്രഭാവത്തിനും ഉന്നതിക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടു പണിക്കുമായി ഈ കല്ലു തീരുമാറാകട്ടെ.

*(അനന്തരം താഴെ കൊടുത്തിരിക്കുന്ന കോലാകൾ ചൊല്ലിയ ശേഷം ത്രോണോസിനു പുറകിൽ കബറിനുള്ളിലോ തയ്യാർ ചെയ്തിട്ടുള്ള മറ്റു സ്ഥലത്തോ കല്ലിടാം.)*

*ഗാനം*

1. **പാവന സഭയേ നിജകരതാരിൽ- പണിചെയ്തോൻ വന്ദ്യൻ**
**നിബിയർ ശ്ലീഹർ-സഹദേരിവരേ- തറയായതിൽ വച്ചാൻ**
**അഖില ജനത്തേ-കൂട്ടിച്ചേർത്താനവര തിനുൾ-രാപകലിൽ സ്തുതി പാടീടുന്നു.**
2. **വന്ദ്യൻ നിബിയർ ശ്ലീഹർ സഹദേ- ന്മാരിൽ-ശ്രീചേർത്തോൻ**
**അവർ തന്നസ്ഥികൾ-ദീപിക തുല്യം സഭയിൽ താൻ വച്ചു-വാനിലുമിങ്ങും**
**മാനിച്ചാനവരുടെയോർമ്മ പ്രാർത്ഥനയും-തുണയാകെങ്ങൾക്ക്**
**ശുബഹോ............**
3. **സഭയേ! വന്ദ്യേ!-സുതനുടെ മൊഴി നിൻ-കാവൽ താനല്ലോ**
**പാതാളത്തിൻ വാതിലു നിന്നേ-മേ ലാൽ ദ്രോഹിയ്ക്കാ-നിൻ ഭോജനമായ്**
**നിജഗാത്രം-നിന്നുടെ സുതർ തൻ മുദ്രയ്ക്കായ്-രക്തമതും തന്നാൻ**
**മെനഓലം.......**
4. **ഭൂവേ! ഭൂവേ! - സർവ്വേശൻ തൻ വാക്യം കേട്ടീടുക**
**നിന്നെപ്പാടേ-കൈവെടിയാ ഞാൻ ശപഥം താൻ ചെയ്താൻ - പാവന സഭയേ**
**നിൻ കോട്ടകളെൻ തോട്ടത്തിൽ-മേവീടും-നിന്നിൽ ഞാൻ സതതം.**

*(കല്ലിടുന്ന സ്ഥലത്തു ചെന്നിട്ട് താഴെപ്പറയുന്ന എക്ബാ ചൊല്ലുന്നു.)*

*പർദൈസോ*

**നിഹതൻ ശീമോൻ നി-ന്നടിവാരേ സഭയേ**
**നിൻ ബലിപീഠമതിൽ-സ്ക്കറിയാബലിയായും**
**യോഹന്നാൻ മൗലി-കാഴ്ചയുമാം നിന്നിൽ**
**കൂടെ മറ്റനവധി നിഹിതന്മാരും**
**മോദമൊടാഗതരയായ്-കല്യാണവിരുന്നിന്നു**
**തവ പുണ്യത്തിനു തൽ-രക്തം പൂജിച്ചാർ.**

## കല്ലു പ്രതിഷ്ഠ

***(അനന്തരം കല്ലു വയ്ക്കേണ്ട സ്ഥാനത്തു വച്ചു കൊണ്ടു താഴെപ്പറയുന്ന സ്ഥാപനപ്രമാണം ചൊല്ലുന്നു.(ശോശപ്പാ നീക്കിയ ശേഷം)***

പിതൃപുത്ര പരിശുദ്ധാത്മാവിന്റെ നാമത്തിൽ ദൈവത്തിന്റെ പ. ആലയത്തിന്റെ അടിസ്ഥാനമായ ഈ കല്ല് ഇന്നാരുടെ പേരിൽ വയ്ക്കപ്പെട്ടിരിക്കുന്നു. *ബാറെക് മോർ* ***ബശ്മോദാബോ =*** **ആമ്മീൻ** ***ഉദാബറോ***

= ആമ്മീൻ *വദ്റൂഹോ ഹായോ കാദീശോ = ലഹായേ ദലഓലം ഒൽമീൻ* ആമ്മീൻ.

Note:- *കല്ലുകൾ പല സ്ഥലത്തായി ഇടുന്നുവെങ്കിൽ മേൽ കൊടുത്തിരിക്കുന്ന പ്രകാരം ആവശ്യം പോലെ കോലാകളും എക്ബായും ചൊല്ലുകയും ഓരോ സ്ഥലത്തും മേൽപറഞ്ഞ സ്ഥാപന പ്രമാണം ചൊല്ലി കല്ലിടുകയും ചെയ്യുന്നു. പിന്നീടു താഴെ കൊടുത്തിരിക്കുന്ന എക്ബായും കോലാകളും ചൊല്ലണം.)*

## *എക്ബാ*

*(കുംപൗലൊസ്)*

**സഭയോതു-ന്നൂ താർക്കികരോടേവം**
**ശെമഓൻ കീ-ഷാ-മേൽ പണി ചെയ്താനെന്നേ**
**തൂണുകൾ പ-ന്തീ-രാറുകൾ മേലായും**
**പരിശുദ്ധ-ന്മാരാണെൻ മേൽ തട്ടുകളും**
**പണിതെന്നേ-നിബിയർ**
**സ്ഥിരമാക്കി-ശ്ലീഹർ**
**സഹദേന്മാ-രെന്നിൽ**
**വീണീടാ-തു-ള്ളൊരു കോട്ട**
**ഭൂഷിതയാം-മണവാട്ടിയൊടൊപ്പം ഞാൻ**
**മശിഹായിൽ-സുസ്ഥിരമാണെൻ ബന്ധങ്ങൾ**

## *-ഗാനം-(കോലോ)*

*ധന്യേ മാതാവേ ..... പോലെ*

**സഭയേ! ദിനരാത്രം-പാലകർ നിൻ ദ്വാരേ**
**കാവൽ ചെയ്തിട്ടാ-ദുഷ്ടനെ കാക്കുന്നു**
**ശെമഓനാധാരം-പൗലോസ്സോ ശില്പി**
**യൂഹാനോൻ തോഴൻ-സ്നേഹിതനും തന്നേ**
**ഹാലേലുയ്യാ**
**പാവന റൂഹാതൻ-നന്തുനീദാവീദും**
**ശുബഹോ......മെനഓലം.......**
**സഭ പണിതാൻ കർത്തൻ-ശെമഓൻ കീഷാമേൽ**
**തൂണുകൾ പന്തീരാ-റിന്മേൽ സ്ഥാപിച്ചു**
**ഗിരികർട്ടുവിനേക്കാ-ളതുപാരം ശ്രേഷ്ടം**
**പണിചെയ്തോൻ ശില്പി-തൻ വാസം മേലിൽ**

**ഹാലേലുയ്യാ**

**പള്ളിക്കുൾപീഠം-സ്ഥാപിച്ചോൻ ധന്യൻ**

## *കുരിശു സ്ഥാപനം*

*(ഒരു കുരിശ് ആഘോഷിച്ച് അടിസ്ഥാന കല്ലിന്മേൽ വച്ചു കൊണ്ടു താഴെപ്പറയുന്ന പ്രഖ്യാപന പ്രമാണം ചൊല്ലുന്നു.)*

## *സ്ലീബാ ആഘോഷം*

### *കിഴക്ക്*

**ഹൗദ്മാലാഖേ മ്ശംശിൻ ലേഹ്..**

കാദീശാത്ത് ആലോഹോ

**ഹൗദക് റൂബേ മ്ബർകിൻ ലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദസറോഫേ മ് കദിശിൻ ലേഹ്**

കാദീശാത്ത് ലോമോയൂസോ

**ഹാത്തോയേ ബത്യോബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത്മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

### *പടിഞ്ഞാറ്*

**ഹൗദ് നൂറോനേ മ്ഹല്ലിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് റൂഹോനേ മ്ഹദറിൻലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് അഫറോനേ സൊഗദീൻ ലേഹ്**

കാദീശാത്ത് ലോമോയൂസോ

**യൽദെ ദ് ഈത്തോ മ് ഹൈമൻ തോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാ ഹാമ്മേലായ്ൻ

### *വടക്ക്*

**ഹൗദ് ഏലോയേ മ്റമർമിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് മെസഓയെ മ് കൽസിൻ ലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് തഹത്തോയേ മ്സയഹിൻ ലേഹ്**

കാദീശാത്ത് ലോ മോയൂസോ

**ഹാത്തോയോ ബത് യോ ബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

*തെക്ക്*

**മോറാൻ എസറാ ഹാമ്മേലായ്ൻ**

മോറാൻ ഹുസുവെസറാഹാമ്മേലായ്ൻ

**മോറൻ കാബേൽ തെശ്മെശ്താൻ വസലാവോസാൻ എസറാഹാമ്മേലായ്ൻ**

ശുബഹോലോക് ആലോഹോ

**ശുബഹോലോക് ബോറൂയോ**

ശുബഹോലോക് മൽകൊമ്ശീഹോ ദ്ഹോയെൻ ലഹാത്തോയേ അബ്ദായ്ക് ബാറെക്മോർ.

## മലയാളം

*കിഴക്ക്*

**പട്ടക്കാരൻ : ദൂതന്മാർ സേവിഷോനേ!**

ജനം : ഈശാ! നീ പരിശുദ്ധൻ.(ദൈവമെ നീ പരിശുദ്ധനാകുന്നു.)

**പട്ട : ക്രോബേന്മാർ വാഴ്ത്തുന്നോനേ!**

ജനം : ശക്താ! നീ പരിശുദ്ധൻ. (ബലവാനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : സ്രാഷികൾ കാദീ-ശാർഷോനേ!**

ജനം : മൃതിഹീനാ നീ പരിശുദ്ധൻ.
(മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.**

ജനം : ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.
(ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ.)

*പടിഞ്ഞാറ്*

**പട്ട: തീമയർ ഹാലൽ-ചൊൽവോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട: ആത്മീയർ ശ്ലാ-ഘിഷോനേ!**

ജനം: ശക്താ! നീ പരിശുദ്ധൻ.

**പട്ട:** **മൺമയരാഘോ-ഷിഷോനേ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട:** **പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

*വടക്ക്*

**പട്ട:** **മേലുള്ളോർ മാ-നിഷോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട:** **മദ്ധ്യമർ കീർത്തി-ക്കുന്നോനേ!**

ജനം: ശക്താ! പരിശുദ്ധൻ.

**പട്ട:** **കീഴുള്ളോർ കൂഷുന്നോനെ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട:** **പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

*തെക്ക്*

**പട്ട:** **നാഥാ! കൃപ ചെയ്തീടേണം.**

ജനം: നാഥാ! കൃപ ചെയ്യുക. കനിവാൽ
(ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ.)

**പട്ട:** **നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെ-യ്തീടേണം.**

ജനം: ദേവേശാ! തേ സ്തോത്രം (ദൈവമെ നിനക്കു സ്തുതി)

**പട്ട:** **സൃഷ്ടാവേ! തേ സ്തോത്രം**

ജനം: പാപികളാം ദാസരിലലിയും മിശിഹാ രാജാവേ! സ്തോത്രം,
(പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മശിഹാരാജാവെ. ബാറെക്മോർ.)

## കുരിശു പ്രതിഷ്ഠ

പരിശുദ്ധ സഭാമക്കളുടെ വിജയത്തിന്റെയും രക്ഷയുടെയും അടയാളമാകുന്ന പരിശുദ്ധ സ്ലീബാ, വിശ്വാസികളുടെ പ്രശംസയ്ക്കും, ആകൽകറുസായുടെ വീഴ്ചയ്ക്കും, *(ഇന്നാരുടെ)* സ്മരണയ്ക്കുമായി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനായിട്ട് പ്രതിഷ്ഠിക്കപ്പെടുന്നു. *ബാറെക് മോർ* ***ബശ്മോ ദാബോ =*** ആമ്മീൻ ***ഉദാബറോ =*** ആമ്മീൻ ***വദ്റൂഹോ ഹായോ കാദീശോ***

= ***ലഹാായേ ദലങാലം ഒൽമീൻ*** ആമ്മീൻ.

*(അതിനു ശേഷം താഴെക്കൊടുത്തിരിക്കുന്ന ഗാനം ചൊല്ലാം.)*

***ഗാനം***

*(പറുദൈസൊ-ഏഴാം രാഗം)*

*യേശു പിതൃ സുതനേ.....എന്ന പോലെ*

ഭിന്നമതാം സ്ലീബാ - മൂന്നെണ്ണം കണ്ടേൻ
വലമായുയിരുള്ളോൻ - മൃതനാകാത്തോനും
ഇടമായ് മൃതി പൂണ്ടോ - നുയിരില്ലാത്തോനും
മദ്ധ്യമതഭുതമേറ്റുന്നോൻ സത്യമതായ്
നിദ്രിതനുണർവ്വുള്ളോൻ - മൃതനാമുയിരുള്ളോൻ
മാനുഷ വടിവുള്ളോൻ - ദേവേശൻ തന്നെ

***അല്ലെങ്കിൽ***

കണ്ടേൻ സ്ലീബാ മു-ന്നന്യോന്യം ഭിന്നം
ജീവനെഴും വലമാം-സ്ലീബാ മൃതമല്ല
മൃതിയാർന്നൊരിടത്തെ-സ്ലീബാക്കുയിരില്ല.
മദ്ധ്യഗതം സ്ലീബാ വിസ്മയമുളവാക്കി
നിദ്രിതനുണർവ്വുള്ളോൻ-മൃതനാമുയിരുള്ളോൻ
മർത്യനു സമമെന്നാൽ-സാക്ഷാൽ ദൈവം താൻ.

കൗമ്മ-വിശ്വാസപ്രമാണം-കുക്കിലിയോനുകൾ-ഹൂത്തോമ്മോ..

# പള്ളി കൂദാശ

**നോട്ട് : പള്ളി കൂദാശയ്ക്കു പല കൂദാശക്രമങ്ങളുണ്ട്. 1. ബലിപീഠ കൂദാശ 2.തബലൈത്താ കൂദാശ 3. മദ്ബഹാ കൂദാശ 4. ഹൈക്കലാ കൂദാശ 5. തിരുശേഷിപ്പു നിക്ഷേപം**

## ആദ്യശുശ്രൂഷ

*ഇതു എല്ലാ ശുശ്രൂഷകൾക്കും പൊതുവായിട്ടുള്ളതാകുന്നു. ഇതു സൗകര്യം പോലെ തലേ ദിവസം സന്ധ്യാ നമസ്ക്കാരത്തോടു കൂടിയോ, പിറ്റേ ദിവസം പ്രഭാത നമസ്ക്കാരം കഴിഞ്ഞോ നടത്താവുന്നതാണ്. സാധാരണയായി സന്ധ്യാനമസ്ക്കാരത്തോടു കൂടി തലേ ദിവസം സന്ധ്യയ്ക്കു നടത്തുന്നു.*

*ബലിപീഠത്തിനു കല്ലിട്ടില്ലെങ്കിൽ കല്ലിടീൽ ശുശ്രൂഷ നടത്തിയ ശേഷം വേണം പള്ളി കൂദാശ നടത്തുവാൻ. കല്ലിടീൽ ശുശ്രൂഷ നടത്തിയിട്ടില്ലെങ്കിൽ തൽക്കാല കൂദാശ നടത്തി കുരിശു ആഘോഷിച്ചു പ്രതിഷ്ഠിച്ചിട്ടു തബലൈത്താ വച്ചു വി. കുർബ്ബാന ചൊല്ലാവുന്നതാണ്. തൽക്കാല കൂദാശ മേല്പട്ടക്കാരന്റെ അനുവാദത്തോടു കൂടി പട്ടക്കാർക്കും നടത്താവുന്നതാണ്.*

*തലേ ദിവസം സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് വിശ്വാസ പ്രമാണത്തിനു മുമ്പ് മദ്ബഹായിൽ പ്രവേശിച്ച്, കല്ലിടീൽ നടത്തിയിട്ടില്ലെങ്കിൽ, ആ ശുശ്രൂഷ ആദ്യം ചെയ്യുന്നു. അതു കഴിഞ്ഞ് പള്ളി കൂദാശ ആദ്യ ശുശ്രൂഷ നടത്തുകയും അവസാനത്തിൽ വിശ്വാസ പ്രമാണം, കുക്കിലിയോൻ, ഹൂത്തോമ്മാ ഇവ പതിവു പോലെ ചൊല്ലി അവസാനിപ്പിക്കുകയും ചെയ്യുന്നു. കല്ലിട്ടിട്ടുണ്ടെങ്കിൽ നമസ്ക്കാരം കഴിഞ്ഞ് പള്ളി കൂദാശയുടെ ആദ്യ ക്രമം മാത്രം നടത്തുന്നു. കല്ലിടീലിനും കൂദാശയുടെ ആദ്യക്രമത്തിനും ബലിപീഠത്തിൽ നിന്നു വിരികളും മറ്റും നീക്കേണ്ട ആവശ്യമില്ല.*

## രണ്ടാം ശുശ്രൂഷ

*ബലിപീഠം, തബലൈത്താ എന്നിവകളുടെ കൂദാശ ഈ ശുശ്രൂഷ പിറ്റേ ദിവസം പ്രഭാതനമസ്ക്കാര ശേഷം നടത്തുന്നു. പ്രഭാത നമസ്ക്കാരം കഴിഞ്ഞോ അതിനു മുമ്പു മറ്റേതെങ്കിലും സൗകര്യമുള്ള സമയത്തോ കാർമ്മികനും, അദ്ദേഹത്തോടു കൂടി സഹകരിക്കുന്നവരും മദ്ബഹായിൽ കയറി മറയിട്ടു കൊണ്ടു അംശവസ്ത്രങ്ങൾ ധരിക്കണം. ശേഷം പേർ താഴെ നിന്നു ബാക്കി നമസ്ക്കാരം ചൊല്ലുന്നു. പ്രഭാത നമസ്ക്കാരം കഴിയുമ്പോൾ മറവലിച്ച് ശുശ്രൂഷ ആരംഭിക്കുന്നു.*

*പള്ളി കൂദാശ ചെയ്യുന്നതിനു മേല്പട്ടക്കാരനു മാത്രമേ അധികാരമുള്ളൂ.*

*ബലിപീഠകൂദാശയ്ക്കു അതിൽ നിന്നും വിരികൾ, മെഴുകുതിരിക്കാലുകൾ, മുതലായവയെല്ലാം നീക്കണം. (ഒരു മെഴുകുതിരി കത്തിച്ചു ബലിപീഠത്തിൽ വയ്ക്കാം) അംശവസ്ത്രങ്ങൾ ധരിച്ച ഒരു കശ്ശീശാ കൈയ്യിൽ മൂറോൻ കുപ്പി പിടിച്ചു കൊണ്ട് ബലിപീഠത്തിന്റെ വടക്കു കിഴക്കേ കോണിൽ പടിഞ്ഞാട്ടഭിമുഖമായി നില്ക്കണം.*

*കാർമ്മികനും മറ്റു മേല്പട്ടക്കാരും സഹകരിക്കുന്ന കശ്ശീശന്മാരും ശെമ്മാശന്മാരും ശുശ്രൂഷക്കാരും അംശവസ്ത്രം ധരിച്ച്, അവരവരുടെ സ്ഥാനമുറ അനുസരിച്ച് ബലിപീഠത്തിന്റെ മുമ്പിലും വശങ്ങളിലുമായി നില്ക്കണം. ത്രോണോസിനു ചുറ്റും ഇരുവശങ്ങളി*

*ലുമായി മറുവഹ്സാകൾ പിടിക്കണം.*

*കൂദാശ ചെയ്യുവാനുള്ള തബലൈത്താകൾ ബലിപീഠത്തിന്റെ മുകളിൽ വടക്കേ അറ്റത്ത് ഒന്നിനു മേൽ ഒന്നായി കിഴക്കു പടിഞ്ഞാറായി വയ്ക്കണം. അവയുടെ കിഴക്കേ അറ്റങ്ങളും മേൽവശങ്ങളും എപ്പോഴും തിരിച്ചറിയത്തക്കവണ്ണം എന്തെങ്കിലും പ്രത്യേക അടയാളം (കുരിശ്) കിഴക്കേ അറ്റത്തായി മുകളിൽ വരക്കണം. കിഴക്കേ അറ്റവും മേൽ വശങ്ങളും മാറിപ്പോകുവാൻ ഇടയില്ലാത്ത വിധം അവയെ കൈകാര്യം ചെയ്യണം.*

*ഒന്നിൽ കൂടുതൽ ത്രോണോസുണ്ടെങ്കിൽ (മൂന്നോ അതിലധികമോ) സൗകര്യം പോലെ മറ്റു മേല്പട്ടക്കാർക്കു അവ കൂദാശ ചെയ്യാം. അപ്പോൾ തബലൈത്താകൾ അവർക്കായും ഭാഗിച്ചു കൊടുക്കാം. മറ്റു മേല്പട്ടക്കാരില്ലെങ്കിൽ ഉള്ള ആൾ മുഴുവനും കൂദാശ ചെയ്യണം.*

# ഒന്നാം ശുശ്രൂഷ

*(പൊതുവായിട്ടുള്ളത്)*

## *പ്രാരംഭ പ്രാർത്ഥന*

ദൈവമായ കർത്താവേ! നിന്റെ പ്രാകാരങ്ങളിലേക്കു വെടിപ്പോടെ പ്രവേശിപ്പാനും പുണ്യമുള്ള നിന്റെ ഭവനത്തിനുള്ളിൽ വിശുദ്ധിയോടെ ചവിട്ടുവാനും, നിന്റെ മദ്ബഹായിൽ നീതിപൂർവ്വം ക്രമമായി നില്ക്കുന്നതിനും, നിന്നിൽ നിന്നും കൂദാശകളുടെ നൽവരം വെടിപ്പോടെ പ്രാപിപ്പാനും വിശുദ്ധീകരിക്കുന്നവനായ നിന്റെ റൂഹായാൽ, ഈ നിന്റെ ബലിപീഠം കൂദാശ ചെയ്യുവാനും, അങ്ങനെ അതു നിന്റെ പരിശുദ്ധ കൂദാശകളുടെ പൂർത്തീകരണത്തിനു തക്കതായി തീരുന്നതിനും, കളങ്കമില്ലാത്ത ബലി ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി അതിന്മേൽ ആചാര്യവേല ചെയ്യുവാനും ഈ നേരത്ത് സകല മാലിന്യങ്ങളിൽ നിന്നും ഞങ്ങളെ അകറ്റിക്കൊണ്ട് ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ........ ആമ്മീൻ.

***കുക്കിലിയോൻ–മൂന്നാംരാഗം.*** *(നൽകുക നന്മൊഴി....പോലെ)*

1. **കർത്താവിന്നാലയമതിലേറാമെന്നവരോതുകയാൽ ഞാൻ തോഷിച്ചു-ഹാ-**
   **നിൻ വാതിലുകളിലെൻ പാദങ്ങൾ സ്ഥിതി ചെയ്തൂറിശ് ലേമേ.**
2. **കോട്ടകളാൽ ചുറ്റപ്പെട്ടൊരു നഗരം പോലൂറിശ് ലേം നിർമ്മിതമാം-ഹാ-**
   **അതിലണിയണിയായീശൻ തൻ ജനമേറി.**
3. **പരനുടെ നാമം സ്തുതി ചെയ് വാനിസ്രായേലിനു സാക്ഷ്യമതായ്-ഹാ-**
   **ന്യായത്തീർപ്പിന്നവിടെ പീഠം സ്ഥാപിതമല്ലോ.**

***ഏഴാം രാഗം.*** *(ചാർത്തും നീതിയെ നിന്നാചാര്യ...)*

1. ദാവീദിൻ ഭവനമതിൽ പീഠങ്ങളെ! യേരുശലേമിൻ കുശലം ചൊന്നിടുവിൻ-ഹാ-ഹാ-ഹാ-ഹാ.
2. വാഴും പരിപുഷ്ടം നിന്നിഷ്ടന്മാർ നിൻ സേനകളിൽ ശാന്തിയുമുണ്ടാം നിൻ കോട്ടകളിൽ പരിതുഷ്ടിയതും-ഹാ-ഹാ-ഹാ-ഹാ.
3. എൻ പ്രിയസഹജരെ പ്രതി ഞാൻ വർണ്ണിക്കും നിൻ ശാന്തി പരമേശൻ തൻ ഭവനം മൂലം വാഞ്ചിക്കും നിൻ നന്മകളെ -ഹാ-ഹാ-ഹാ-ഹാ.

ശുബഹോ.......മെനഓലം

***എക്ബാ*** *(സീയോൻ കോട്ടയിൽ...പോലെ)*

ക്രൈസ്തവ വിശ്വാസം തന്നിൽ
സുസ്ഥിരമായൊരു തിരുസഭയാൾ
സംസ്തുതിയനവരതം പാടി
മൃതിരഹിതൻ പരിശുദ്ധ പരൻ
സംസ്തുതനെങ്ങടെ രക്ഷകനാ-
മെന്നേവം ഘോഷിക്കുന്നു.

## 1. സ്തീക്കൂൻ

ഉപമകളായ്-ശ്ലേമൂൻ ചൊന്നാനേവം
ചാരുമുഖീ-പാരം നീ-ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ-പത്തു സഹസ്രങ്ങളിലുത്തമനാം
യിസ്രായേൽ തൻ പൂങ്കാവാം
ശുഭ്രൻ യാക്കോബിൻ ലതയിൽ
രക്തൻ നർദ്ദീൻ തൈലത്തിൽ
മൃദുലൻ ലബിനോൻ കാരകിലിൽ
പാർക്കിലവൻ-ദൈവസമൻ-വിശ്രുതനാ
മിവനേ നാം സ്തുതി ചെയ്യുന്നു.

### അല്ലെങ്കിൽ

ഉപമകളാൽ-ശ്ലേമൂൻ ചൊന്നാനേവം
ചാരുമുഖീ-പാരം നീ
ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ-പതിനായിരമതിലുത്തമനാം

തൻ പൂങ്കാവാണി സ്രായേൽ
ശുഭ്രൻ യാക്കോബിൻ ലതയിൽ
രക്തൻ നർദ്ദീൻ തൈലത്തിൽ
മൃദുലൻ ലബനോൻ കാരകിലിൽ
പാർക്കിലവൻ-ദൈവസമൻ
വിശ്രുതനാ മിവനേ നാം വാഴ്ത്തീടുന്നു.

## 2. മാനീസാ (സ്തീക്കൂൻ)

*പെസ്ഗോമോ*:- അതിന്റെ അടിസ്ഥാനങ്ങൾ തന്റെ പരിശുദ്ധ പർവ്വതത്തിലാകുന്നു. കർത്താവു സെഹിയോന്റെ വാതിലിനെ യാക്കോബിന്റെ സകല കൂടാരങ്ങളേക്കാൾ അധികമായി സ്നേഹിക്കുന്നു.

*(മാനവർ വാനോർ....... പോലെ.)*

**കൂദാശയിലഭിഷിക്തയതാം - വധുവായ് ചേർന്നോരു തിരുസഭയാൾ**
**ക്ദൂശ് കുദിശായിൽ നാഥങ്കൽ - സൂക്ഷിച്ചേവം കീർത്തിച്ചാൻ**
**മേൽത്തര മൂറോനാം മശിഹാ! - നിൻ പരിമളവാസനയതിനാ**
**ലാഗതിരിവരേ നൃപ ദേവാ! - നിൻ മണവറയതിലേറ്റണമേ.**

## 3. സ്തീക്കൂൻ

*പെസ്ഗോമാ*:- ഊർശ്ലേമേ! കർത്താവിനെ സ്തുതിക്ക. സെഹിയോനേ! നിന്റെ ദൈവത്തെ സ്തുതിക്ക.

(അത്തീസൈക്കു തലിയോ.................)*(ഏദൻ തോട്ടം നട്ടോനേ.........പോലെ.)*

1. **ശാലേം പുത്രികളേ നിങ്ങൾ - നഗരമതിൽ നിന്നാഗതരാം**
**നിബിയന്മാരാം മാനുകളാൽ - സുവിശേഷം ഘോഷിച്ചീടാൻ**
**വയലുകളിൽ നടകൊണ്ടോരാം - ശ്ലീഹന്മാരാം കേഴകളാൽ**
**ശപഥം നിങ്ങളെ ചെയ്യിപ്പേൻ - നിങ്ങടെ ശബ്ദത്താൽ പ്രിയനു**
**നിദ്രാഭംഗമിയറ്റരുതേ - മതിയാവോളമുറങ്ങട്ടേ.**
2. **മൂരു തുടങ്ങിയ സൗരഭ്യ - കൂടുകളാലെന്നെപ്പൂശി**
**വർഷം നീങ്ങി മഴയും പോയ് - വന്നുത്ഥാനമതാം വേനൽ**
**നരരിൽ പ്രീതൻ സർവ്വേശാ! - നിൻ കൃതിയെത്ര മഹത്തരമാം**
**അളവില്ലാ നിൻ കൃതികൾക്കായ് - സ്തുതിയങ്ങേയ്ക്കുയരട്ടെന്നും.**

## 4. സ്തീക്കൂൻ

*പെസ്ഗോമോ*:- എന്തെന്നാൽ നിന്റെ വാതിലുകളുടെ ഓടാമ്പലുകൾ ശക്തിപ്പെട്ടു. നിന്റെ ഉള്ളിൽ നിന്റെ മക്കളെ അവൻ വാഴ്ത്തി.

*(സീയോൻ കോട്ടയിൽ................)*

1. **ഏവൻ തവ ശയ്യ വിരിച്ചു - അകിലാൽ ആർ നിൻ പുര പണിതു**
**എവിടേ നിന്നായുധ ധരരാം - ശ്ലേമ്മേൻ തൻ അറുപതു വീരർ**
**വാളിവരരയിൽ ചാർത്തിക്കൊ - ണ്ടിരവിൽ നിന്നെ കാക്കുന്നു.**

2. **സഹദേർ തൻ നിണമതിനാൽ നിൻ - കവിളും മുടിയും ഭൂഷിതമാം**
**നിൻ വായിൽ പരനുടെ വാക്കും - മധുവതു ചൊരിയും നിന്നധരം**
**മമശയ്യ വിരിച്ചാർ താതൻ - സുതനകിലാൽ ഭവനം തീർത്തു**
**പ്രിയനാമവനേ സ്തുതി ചെയ്യാം - അറുപതു വീരന്മാർക്കു സമം**
**ക്രൂശിതരാമിടയന്മാരും - ഖലനുടെ കുടിലച്ചെന്നായിൽ**
**നിന്നും കാത്തീടുന്നെന്നേ.**

3. **അവരുടെ വാളാൽ ഭൂലോകം - ശാന്ത്യാമേവുന്നവരുടെയാ**
**ശയ്യവിരിച്ചൂ പീഡകളാൽ - അവയാൽ ഞാനും ഗോപുരമാം**
**അവരുടെ വാക്യം മധുരകരം - മുടിയവരെ ചൂടിച്ചോനാം**
**ഈശൻ വാഴ്ത്തപ്പെട്ടോനാം**

## 5. സ്തീക്കൂൻ

*പെസ്ഗോമോ*:- തനിക്കിരിപ്പാനായിട്ട് ദൈവം ഒരു പർവ്വതം തെരഞ്ഞെടുത്തു. കർത്താവ് അതിൽ എന്നേക്കും വസിക്കും.

**(ഈത്തോനോ ഈത്തോനോ.............)**

*സഭയാം തിരുസഭയാമീ...*

1. **കർപ്പൂരത്തിൻ കു-ലയാലും - പലതര രൂപങ്ങളതാലും**
**പ്രിയതമനുടെ ഉപമാനങ്ങൾ - തിരുസഭയുര ചെയ്തീടുന്നു.**
**മൂറോൻഗിരികളിലേറീടാൻ - നിൻ പരനോടായ് നീ ചൊന്നാൻ**
**കുന്തിരിക്കത്തിൻ ശൈലങ്ങൾ - നിന്നിഷ്ടന്മാർക്കനു രൂപം**
**കുങ്കുമ നർദ്ദീൻ തൈലങ്ങൾ - നിന്നുടെ പരിമള വർഗ്ഗങ്ങൾ**

2. എലവർങ്ങത്തരുവാൽ നിന്റെ - കട്ടിൽ രചിതം സവിശേഷം
മേല്ത്തര പട്ടാടകളാലും - ആവീസ് കൃതക്കെട്ടുകളാലും
പീഡകളാലവനുടെ മാർഗ്ഗം - മരണത്തിങ്കൽ പായുന്നു.
വാതിൽ തുറക്കെൻ സോദരിയെ - പ്രാന്തമണഞ്ഞേനെൻ-പ്രാവേ
ഇരുളിൽ ബന്ധിതനാ-ദാമിൻ - രൂപം പൂകി കാണട്ടേ.

3. മന്ദിരമതിനുടെ കാ-വൽക്കാർ - ദുഃഖിതയാമെന്നേ കണ്ടു
കള്ളന്മാർ കൊള്ളക്കാരും - ക്രൂരന്മാർ മരണം-സാത്താൻ
കണ്ടെൻ വസനങ്ങൾ നീക്കി - എഴുന്നേറ്റുടനെ ഞാനവരിൽ
ആരോപിച്ചേനപരാധം - താതന്മാരുടെ ദേവേശൻ
ബലവാനാം കർത്താവേ നീ - വാഴ്ത്തപ്പെട്ടവനാണെന്നായ്
അട്ടഹസിച്ചങ്ങു-ച്ചത്തിൽ - പാടിച്ചൊന്നീടു-ന്നെങ്ങൾ.

## 6. സ്തീക്കൂൻ

*പെസ്ഗോമോ*:- നിന്റെ ഭവനത്തിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിര ത്തേക്കാൾ ഉത്തമം. അധർമ്മികളുടെ കൂടാരത്തിൽ പാർക്കുന്നതിനേക്കാൾ ദൈവത്തിന്റെ ഭവനത്തിൽ വസിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

*(മശിഹാ ജീവിച്ചെഴുന്നേറ്റു.....................)*

1. തരുണികൾ നിന്നെ പ്രേമിപ്പൂ - മൽപ്രിയനേ നിന്നുടെ സ്നേഹം
വീഞ്ഞിലുമേറ്റം സവിശേഷം - ധാർമ്മികർ നിന്നേ സ്നേഹിപ്പൂ
ഓർക്കുക നിൻ സ്ത്രീ ജനസ്നേഹം - ഉത്തമർ തൻ സ്നേഹത്തേയും

2. ലില്ലികളിൽ നീ മേയുന്നു - വനവൃക്ഷങ്ങളിലാപ്പിൾ പോൽ
ദൈവാത്മജരാം നിബിശ്ലീഹ - ന്മാരിൽ പരമായ് കമനീയൻ
മോഹിച്ചതിനാൽ നിന്നേ ഞാൻ - നിന്നുടെ തണലിലിരുന്നേൻ ഞാൻ
നിൻ സുവിശേഷം പാലിച്ചേൻ - നിന്നുണ്മാബലമോ സ്തുത്യം.

## 7. സ്തീക്കൂൻ

*പെസ്ഗോമോ*:- രാജകുമാരി മഹത്വത്തോടെയും രാജഭാമിനി ഓഫീർ തങ്കമ ണിഞ്ഞും നിന്റെ വലത്തു ഭാഗത്തു നിന്നു. എന്റെ മകളേ! നീ കേൾക്കുക. നിന്റെ ചെവി ചായിക്കുക. രാജാവു നിന്റെ സൗന്ദര്യത്തെ മോഹിക്കുവാൻ നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക. എന്തെന്നാൽ അവൻ നിന്റെ നാഥനാകുന്നു. അവനേ! നീ വന്ദിക്കുക. സൂർമകളെ! അവനേ! നീ വന്ദി ക്കുക.

(അത്തീസൈക് തലിയൊ...........................)

*(ഏദൻതോട്ടം നട്ടോനെ..........................)*

1. മരുഭൂമിൽ മണ്ടി നടന്നും - പരബിംബങ്ങൾ പൂജിച്ചും
മിഥ്യാരൂപം വന്ദിച്ചും - നാളുകൾ നീക്കിയ സുന്ദരിയെ
രാജകുമാരൻ കണ്ടെത്തി - അവളുടെ സൗന്ദര്യം ബോധി
ച്ചവളേയോർദ്ദാൻ നദിതീരേ - പാണിഗ്രഹണം ചെയ്തവനും

2. മഹതാം മണിയറ നിർമ്മിച്ചു - ദൈവിക വാഗ്ദത്തം ചൊന്നാൻ
ഞനേറ്റും നിന്നെ ദ്യോവിൽ - വലമാം ഭാഗത്താക്കീടും
അതിഭൂഷിതയാം വധുവായി - ട്ടുയരം തന്നിൽ ചേർക്കും ഞാൻ

3. ശോഭിതരത്നക്കല്ലുകളേ - ചേർക്കും ഞാൻ നിൻ മകുടത്തിൽ
ഊറിശലേം മഹിളകളേ കേൾ - വീക്ഷിക്കരുതെൻ മഷി വർണ്ണം
ആദിത്യൻ തന്നൂഷ്മാവാൽ - ശ്യാമളവർണ്ണം ഞാൻ പൂണ്ടു.

4. രാജൻ ദാവീദേ വരിക - മീട്ടുക നിന്നുടെ വീണയതും
പാവന സഭ തൻ വരനാകും - രാജകുമാരൻ തൻ സവിധേ
സാഘോഷം കീർത്തിച്ചിടുക - അഖിലേശാ! തേ സ്തുതി സതതം

## സ്തീക്കൂൻ

*പെസ്ഗോമോ*:- ജനത്തിലെ ധനവാന്മാർ കാഴ്ചകളാൽ നിന്റെ മുഖം തേടും. രാജകുമാരിയുടെ മഹത്വം മുഴുവനും ഉള്ളിൽ നിന്നാകുന്നു. അവളുടെ വസ്ത്രം മേല്ത്തരമായ തങ്കത്താൽ അലങ്കരിക്കപ്പെട്ടതാകുന്നു. കാഴ്ചകളോടു കൂടി അവൾ രാജസന്നിധിയിലേക്കു പോകും.

(ഈത്തോനോ ഈത്തോനോ..........)

*(സഭയാണിരു സഭയായി ഞാൻ...................)*

1. ഉപമാർത്ഥപ്പനയതിലുയരാൻ - വന്നണയുക സുന്ദരിയാളേ!
രവിശ്യാമളയാക്കിയ നിന്നേ - തോട്ടം കാപ്പാനാരാക്കി
തോട്ടങ്ങളിലെന്നുടെ പ്രിയനാ - ലില്ലികളിടയിൽ മേയുന്നു.

2. തൻ നാമം മൂറോൻ തൈലം - തോട്ടം തന്നുടെ കല്ലറയും
പുണ്യാത്മാക്കൾ ലില്ലികളാം - മശിഹാ സഭ തൻ മണവാളൻ

**ഉപമാർത്ഥഷ്ടന തൻ കുരിശും - അതിനാൽ സഭ തൻ തനയന്മാർ**
**സംരക്ഷിതരായ് മേവുന്നു - താനോ സ്തുതി മഹിതൻ തന്നേ.**

## പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ! യേശുമശിഹാ! നീ സമ്പാദിച്ചതായ നിന്റെ സഭയെ ഓർക്കണമെ. സ്തുതി ചൊവ്വാകപ്പെട്ട ഉപദേശങ്ങളിൽ അതിനെ നീ സ്ഥിരപ്പെടുത്തണമെ. നിന്നിൽ നിന്നുള്ള നൽവരങ്ങളുടെ സമ്പത്താലും മഹത്വം കൊണ്ടും സൽപ്രവർത്തികളാലും സദുപദേശങ്ങളാലും ഐകമത്യത്തോടെ നിന്നെ പ്രസാദിപ്പിക്കുന്ന ഇടയന്മാരാലും, മക്കളാലും അതിനെ നിറക്കണമെ. എന്തെന്നാൽ വന്ദ്യനായ നിന്റെ പിതാവിനോടും ജീവനുള്ള നിന്റെ വിശുദ്ധ റൂഹായോടും കൂടെ നീ കാരുണ്യവാനും ബലവാനുമായ കർത്താവാകുന്നു. ഹോശോ................ ആമ്മീൻ.

## കോനൂനോയൗനോയോ

***പെസ്ഗോമോ:*- കുതിരകളിന്മേൽ ജയം കൊണ്ട് കുതിരച്ചേവകരെ സമുദ്രത്തിൽ മുക്കിയ ജയാളിയായ കർത്താവിനെ നമുക്കു സ്തുതിക്കാം. താൻ ബലവാനും മഹത്വമുള്ളവനുമാകുന്നു.**

## *ഗാനം*

*(മശിഹാ ജീവിച്ചെഴുന്നേറ്റു....................)*

**1. നിബിയർക്കായ് സ്വയമേ വെളിവായ് - മശ്കൻ സബിനാ നിർമ്മാണം**
**പാവന സഭ തൻ മാതൃകയായ് - വലിയവനാം മൂശാനിബിയെ**
**കാണിച്ചോ നീശൻ സ്തുത്യൻ - താനോ സ്തുതി മഹിതൻ തന്നെ.**

**2. പാവന റൂഹായുടെ ദാനാൽ - തിരുസഭയെ ഭൂഷിതയാക്കി**
**കാവലിനായതിനുള്ളിൽ താൻ - ജീവസ്ലീബായേ വച്ചോ**
**നീശൻ മശിഹാ സ്തുതിയർഹൻ - താനോ സ്തുതി മഹിതൻ തന്നേ.**
**ശുബഹോ........**

**3. നിണമതി നാലവനം ചെയ്തും - സ്തുതിയേറ്റാൻ സുതരേ ചേർത്തും**
**സജ്ജമതാക്കിയ മശിഹായേ - നിന്നുടെയീ സ്ഥാപന നാളിൽ**
**സ്തുതി ചെയ്യുക നിർമ്മല സഭയേ - താനോ സ്തുതി മഹിതൻ തന്നേ.**
**മെനഓലം....**

**4. നിർമ്മല കന്യക വഴിയുലകിൽ - മാനവസംരക്ഷണമതിനായ്**
**വരുവാൻ തിരുഹിതമായതിനാൽ - നമ്മേ പ്രതി തനു പൂണ്ടോനായ്**
**വിജയസ്തുതി നാം പാടേണം - താനോ സ്തുതി മഹിതൻ തന്നേ.**

*പെസ്ഗോമോ*: എന്റെ ഹൃദയം കർത്താവിൽ ശക്തിപ്പെട്ടു. എന്റെ കൊമ്പ് എന്റെ ദൈവത്തിൽ ഉയർന്നിരിക്കുന്നു. രക്ഷയാൽ എന്റെ ശത്രുക്കളിന്മേൽ എന്റെ വായ് പിളർന്നിരിക്കുന്നു.

*(സീയോൻ കോട്ടയിൽ................)*

**1. ആഹ്വാനം പ്രാപിച്ചോരാം - സ്വജനം പോൽ ബഹുജാതികളും**
**കൂദാശയിലിന്നാഗതരായ് - സാമോദം കരഘോഷത്തോ**
**ടാർക്കുന്നൂ നിൻ വരനോടായ് - മൃതിയില്ലാത്തോൻ പരിശുദ്ധൻ**
**ഞങ്ങടെയെല്ലാം രക്ഷകനും**

**2. പാഷാണ്ഡമതസ്ഥന്മാർ തൻ -ദുർഭിന്നതകൾ മൂലം നീ**
**സഭയേ! പേടിച്ചീടേണ്ടാ - മശിഹാ തന്നുടെ കരമതിനുൾ**
**നീ സംസ്ഥാപിതയാണല്ലോ - നമ്മുടെ ആത്മാക്കൾക്കെല്ലാം**
**രക്ഷകനമലൻ മൃതിരഹിതൻ - തന്നുടെ വാഗ്ദാനം പോലെ**

**ശുബഹോ.....**

**3. സഭയേ! ശോഭിത മണവാട്ടീ - മുന്നം നിബിയർ നിൻ രൂപം**
**ദർഘകരോടായറിയിച്ചു - മൃതിയില്ലാത്തോൻ പരിശുദ്ധൻ**
**ഞങ്ങടെയെല്ലാം രക്ഷകനേ - നിന്നുടെ പാണിഗ്രഹണത്തെ**
**ആത്മാവിലവർ പ്രവചിച്ചു.**

**മെനഓലം...................**

**4. കന്യകയാം വധു സ്ഥിതി ചെയ്താൾ - പ്രസവത്തിനു മുമ്പും പിമ്പും**
**വ്യത ഭംഗം ലവമേശാതെ - മൃതിയില്ലാത്തോൻ പരിശുദ്ധൻ**
**ഞങ്ങടെയെല്ലാം രക്ഷകനാം - വചനേശനെ വചനാതീതം**
**ജഢമതു നൽകി പ്രസവിച്ചാൾ.**

*പെസ്ഗോമോ*:- കർത്താവേ! നിന്റെ വാർത്തയെ ഞാൻ കേട്ടു ഭയപ്പെട്ടു. കർത്താവേ!നിന്റെ കൈവേലയെ ഞാൻ കണ്ടു വിസ്മയിച്ചു.

*(മശിഹാ ജീവിച്ചെഴുന്നേറ്റു....................)*

1. **ഗുപ്തമതാം ദിവ്യപ്രഭയാൽ - ഭൂഷിതനാം മൂശാ മുഖ്യൻ**
**ജാതികളിൻ മകൾ നിന്നഴകും - സീനായ് മലയിൽ വീക്ഷിച്ചു**
**ഭൂഷിതമാം കൂടാരത്താൽ - മുന്നം നിൻ രൂപം നൽകി**
**കാലത്തികവിൽ നിൻ ഭംഗി - വെളിവാമെന്നവനറിയിച്ചു.**

2. **നാഥൻ തൻ വലമായ് മേവും - പാവന സഭയേ റൂഹായാൽ**
**കണ്ടരചൻ ദാവീദോതി - നിൻ പരനേ വന്ദിച്ചാലും**
**നിന്നെയവൻ സ്നേഹിക്കുകയും - അരചപ്രമുഖൻ നിൻ ഭംഗി**
**മോഹിക്കുകയാലും തന്നേ**

**ശുബഹോ................മെനഓലം**

3. **ഉന്നതരുടെ വധുവാം സഭയേ! - ദിവ്യമതാം നിന്നുടെ ഭംഗി**
**ആമോസ് തനയൻ വീക്ഷിച്ചങ്ങ് - ഉരചെയ്തുന്നത ശബ്ദത്തിൽ**
**ഉണരുക നിൻ പ്രഭ സന്നദ്ധം - നാഥൻ തന്നുടെ ബഹുമാനം**
**മഹിതയതാം വധുവേനിന്മേൽ - ദൃശ്യമതായുദയം ചെയ്യും.**

*പെസ്ഗോമോ*:- രാത്രിയിൽ എന്റെ ഉള്ളം നിനക്കായി വാഞ്ചിച്ചു. എന്റെ ആത്മാവും എന്റെ ഉള്ളിൽ മുമ്പിട്ടു. ഞാൻ നിന്റെ അടുക്കലേക്കു മുൻഗമിക്കുന്നു.

**(അത്തീസൈക്കു തലിയോ...............)**

*(ഏദൻതോട്ടം.......................)*

1. **ശാന്തി സമാധാനങ്ങൾ നിൻ - സഭയതിനേകുക സർവ്വേശാ**
**ദുസ്തർക്കം ഭിന്നതയിവനിൻ - ഇടവകയീന്നൊഴിവാക്കിടുക**
**രക്ഷിക്കുക ഞങ്ങളെയെല്ലാം - നീ മാത്രം മനുജ സ്നേഹി.**
2. **ഉപദേശത്താൽ തിരുസഭയേ -ശ്രേഷ്ടമതാക്കിയ നിഖിലേശാ!**
**മല്പാന്മാരെയുമിടയന്മാർ - ഭരണക്കാരെയുമതിലാക്കി**
**വിശ്വാസത്തിലുറപ്പിച്ചു - നീ മാത്രം മനുജ സ്നേഹി.**

**ശുബഹോ............. മെനഓലം.....................**

3. **സീനായ് മാമലയിന്മേലായ് - നിൻ പ്രിയനാം മൂശാ വഴിയായ്**
**കൂടാരത്തെ നിർമ്മിച്ചു - സഭയിൻ രൂപം നീ കാട്ടി**
**കുരിശാലതിനേ കാക്കണമെ - നീ മാത്രം മനുജ സ്നേഹി.**

***പെസ്ഗോമോ***:- എന്റെ സങ്കടത്തിൽ കർത്താവിനെ ഞാൻ വിളിച്ചു. പാതാള ത്തിന്റെ ഉദരത്തിൽ നിന്നും അവൻ എന്നോടുത്തരമരുളി. ഞാൻ നിലവിളിച്ച പ്പോൾ നീ എന്റെ ശബ്ദം കേട്ടു.

(ഈത്തോനോ ഈത്തോനോ......................)

*(സഭയാം തിരുസഭ..................................)*

1. **ശിഷ്യ പ്രമുഖൻ മാർ ശെമഓൻ - കീപ്പായാമടിവാനത്തിൽ**
   **വിശ്വാസിനിയാം ശുദ്ധസഭ - മശിഹായാൽ പണിയപ്പെട്ടു**
   **പാതാളത്തിന്നോടാമ്പൽ - വിജയിക്കില്ലതിനേയെന്നായ്**
   **വാഗ്ദാനം സുവിശേഷത്തിൽ - ചെയ്തതുപോൽ മനുജ സ്നേഹി.**

2. **അത്യുന്നതനുടെ മണവാട്ടീ! - ശുദ്ധ സഭേ സ്തുതി ചെയ്കവനേ**
   **തെറ്റിൽ നിന്നും നിൻ സുതരേ! - രക്ഷിച്ചാലയിലവനേറ്റി**
   **ജീവന്നച്ചാരമതാം തൻ - തനുരുധിരങ്ങൾ നൽകിയവൻ**
   **ശുബഹോ-മെനഓലം**
3. **പരിശുദ്ധമതാം സഭയേ കേൾ - നിന്നെത്താൻ മുദ്രിതയാക്കി**
   **മാമോദീസാ വെള്ളത്തിൽ - നിർമ്മല മൂറോൻ തൈലത്താൽ**
   **സ്വജനം ജാതികളെല്ലാർക്കും - സങ്കേതം കോട്ടയുമാക്കി**
   **മനുഷപ്രേമിയതാം തന്നേ - സ്തുതിയവരധുനാ ചെയ്യുന്നു.**

***പെസ്ഗോമോ***:- ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നീ എന്നേക്കും സ്തുതിക്കപ്പെട്ടവനും പുകഴ്ത്ത പ്പെട്ടവനുമാകുന്നു.

*(സീയോൻ കോട്ടയിൽ......................)*

1. **നിബി ഗണമുഖ്യൻ ഏശായാ - സഭയേ! നിന്നോടറിയിച്ചു**
   **എഴുന്നേല്ക്കുക ശോഭിക്കുക നീ - സന്നദ്ധം നിന്നുടെ കാന്തി**
   **കർത്തൻ തന്നുടെ മഹിമാവും - നിന്മേലുദയം ചെയ്തീടും**
   **സ്തുതിയവനായ് കീർത്തിക്കുക നീ - നിൻസുതരുടെ വായ്കൾ വഴിയായ്**
   **ഉത്ഘോഷിച്ചുര ചെയ്തീടുക - നാഥാ! നീ വാഴ്ത്തപ്പെട്ടോൻ.**
2. **വിശ്വാസപ്പാറയതിന്മേൽ - നിന്നടുവാരങ്ങൾ നിർത്തി**
   **വാനവനാകും മണവാളൻ - നിൻ കല്യാണ വിരുന്നിന്നായ്**

ക്ഷണമരുളിത്താൻ വിളി ചെയ്തു - ജാതികൾ കുല ഗോത്രങ്ങളെയും
സ്തുതിയവനേറ്റി ചൊല്ലുമവർ - നാഥാ! നീ വാഴ്ത്തപ്പെട്ടോൻ.

ശുബഹോ-മെനഓലം

3. റൂഹായുടെ ദാനങ്ങളതാൽ - പാവന സഭയേച്ചമയിച്ചു
ശോഭിതയാക്കി താനതിനുൾ - പാപക്ഷമ നൽകീടുന്ന
പട്ടക്കാർ മേല്പട്ടക്കാർ - എന്നിവരേ നിയമിച്ചാക്കി
അട്ടഹസിച്ചവരോതുന്നു - നാഥാ! നീ വാഴ്ത്തപ്പെട്ടോൻ

***പെസ്ഗോമോ***:- കർത്താവിന്റെ സകല പ്രവർത്തികളുമേ! കർത്താവിനെ വാഴ്ത്തുവിൻ. അവനേ എന്നേക്കും സ്തുതിച്ചു വാഴ്ത്തുവിൻ.

(ഈത്തോനോ ഈത്തോനോ......................)

*(സഭയാം തിരു സഭയാമീ ഞാൻ.......................)*

1. നിബിശ്ലീഹന്മാരാൽ സഭയെ - ശോഭിതയാക്കിത്തൻ ശരണേ
മൃതി പൂണ്ടോരാം സിദ്ധന്മാർ - വാഴ്ത്തപ്പെട്ടോരാം സഹദേർ
എന്നിങ്ങനെയുള്ളവരേയും - തൽസുതരുടെ പുണ്യത്തിനായ്
ശോഭിത പട്ടക്കാരേയും - അതിനുള്ളിൽ താൻ നിയമിച്ചു.

2. ഭൂവിലുമതുപോൽ വാനതിലും - ശ്രേഷ്ടയതാക്കിത്താൻ സഭയെ
ജീവനെഴും തിരു രക്തത്താൽ - ബിംബാരാധനയാം പിഴയിൽ
ജനകൻ തന്നുടെ വലഭാഗ - ത്തേറ്റിയിരുത്തിക്കഹനകളേ!
അവനേ നിത്യം കീർത്തിക്ക.

3. വിശ്വാസിനിയാം തിരുസഭയേ! - എഴുന്നേല്ക്കുക കരഘോഷത്തോ
ടമ്പോടു നിന്നേ രക്ഷിച്ച് - വിഗ്രഹസേവയതിൽ നിന്നും
വിടുതൽ ചെയ്തീ ധരയേയും - വാനിനെയും ഹൂദോസയിതിൽ
മോദിപ്പിച്ചോനേ സ്തുതി ചെയ് - ശോഭിത കഹനകളേ നിങ്ങൾ
അവനേയെന്നും മെന്നേയ്ക്കും - വാഴ്ത്തി മഹത്വം പാടിടുവീൻ.

## മാവുർബാ

മറിയാം പറഞ്ഞതെന്തെന്നാൽ എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ

സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയമുണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾ കൊണ്ടു സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

*ശുബഹോ - മെനഗാലം.*

## മാവുർബാ ശീലുകൾ

**1. രക്ഷകനേശു തൻ വധുവാകും - തിരുസഭയേ ഹൂദോസയിതിൽ**
**നിങ്കൽ ചേരും പാപികൾ തൻ - പാപക്ഷമ പ്രാപിച്ചീടാൻ**
**അഭയ - ത്തുറമുഖമായ് നിന്നേ**
**തീർത്തൊ - രു സുതമണവാളന്നായ്**
**വാനവരാകുന്നീറേന്മാർ - സ്തുതിപാടുന്നാമോദത്താൽ.**

**2. ഭാഗ്യവതീ വിശ്വാസിനിയാകും - സഭയേ! നിൻ പാണി ഗ്രഹണം**
**താതനുറച്ചൂ മോശ വഴി - തനയൻ നിന്നുടെ കോട്ടകളെ**
**ശെമഓ-ൻ കീപ്പായാൽ തീർത്തും**
**ഭാഷകനാം- പൗലോസ് മൂലം**
**റൂഹാ നിൻ പണി നിറവേറ്റി - സഹദേന്മാർ ഗളരുധിരത്തേനിങ്കൽ വഴിപാടർപ്പിച്ചു.**
**ശുബഹോ-മെനഗാലം**

**3. നിർമ്മലയാകും കന്യയേ നീ - ശാന്തിയെഴുന്നൊരു തുറമുഖമാം**
**അരികൾ തൻ ചതിയിൽ നിന്നും - ലോകത്തിൻ കെണിയിൽ നിന്നും**
**അതിനു - ടെ കലഹത്തിൽ നിന്നും**
**നാശം - കൂടാതനവരതം**
**വിടുതൽ പ്രാപിപ്പാൻ ഞങ്ങൾ - അഭയം നിന്നിൽ തേടുന്നു.**

## സങ്കീർത്തനം - 148,149,150

പ്രകാശത്തിന്റെ സൃഷ്ടാവിന് സ്തുതി; കർത്താവിന്റെ ഭൃത്യന്മാരെ! സ്തുത പാടുവിൻ; നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദി മുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവു സകല ജാതികൾക്കും മേൽ ഉന്നതനും; തന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും, ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടു കൂടെ ഇരുത്തേണ്ടതിനു കുപ്പയിൽ നിന്നും ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

## 148-ാം മസുമൂർ

ആകാശത്തിൽ നിന്നു കർത്താവിനെ സ്തുതിപ്പിൻ; ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ;

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ; അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ;

ആദിത്യ ചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ. അവ കർത്താവന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി; അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്നു മഹാ സർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമ

ഴയും, ഉറച്ച വെള്ളവും, ഹിമവും അവന്റെ വചന പ്രവൃത്തിയായ കാറ്റുകളും, കൊടുങ്കാറ്റുകളുമേ കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളുമേ!(കർത്താവിനെ സ്തുതിപ്പിൻ)

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപന്മാരും, ശിശുക്കളും, കന്യകമാരും,വൃദ്ധന്മാരും,യൗവ്വനക്കാരും കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തന്റെ ജനത്തിന്റെ കൊമ്പും,തന്റെ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

## 149-ാം മസുമൂർ

കർത്താവിനു പുതിയ പാട്ടും നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. യിസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവനും പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്കു രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും, അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ടു ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും ജനത്തിനു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും അവന്റെ സകല നീതിമാന്മാർക്കും മഹത്വമുണ്ടാക്കുവാനും, അവരുടെ കൈകളിൽ ഇരുമുനവാളുണ്ട്.

## 150-ാം മസുമൂർ

കർത്താവിനെ അവന്റെ ശുദ്ധസ്ഥല്ത്തു സ്തുതിപ്പിൻ അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽഅവനെ

സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

*ശുബഹോ- മെന ഓലം*

### *ഗാനം*

*മുടികൾ മുടഞ്ഞവ നിരനിരയായ് ...... / മരമതിനുയരെ കർത്താവേ!.... പോലെ.*

**1. മഹിമയെഴും പാവന സഭതൻ - വലിയൊരു പെരുനാളാമീനാൾ**
**സോത്സാഹം തെളിവോടതിനെ - ബഹുമാനിക്കാം സോദരരേ.**

**2. സഭയെ! തിരുവുളമായ് കർത്തൻ - നിൻ കൂദാശയെ നിറവേറ്റി**
**നിൻ മഹിമയ്ക്കായ് സ്തുതിയേറ്റാൻ - സുതരേ ചേർത്തെല്ലാ ദേശേ.**

**3. വാനിൽ നിൻ സിംഹാസനവും - നിന്നുടെ ഭരണം ഭൂവിലുമാം**
**പാവന ബലി പീഠേ വാസം - തിരുമെയ് ഭക്തർക്കേകും നീ.**

**4. ഗിരിമുകളിൽ സഭ തൻ രഹസ്യം - വെളിവായ് മോശ നബിയ്ക്കേകി**
**വന്നവനതു പോൽ കൂടാരം - പണി ചെയ്തിസ്രായേലിന്നായ്.**

**5. മശിഹായുടെ മണവാട്ടി സഭ - സുതഗണമതിലഭ്യർത്ഥിപ്പൂ**
**നാഥാ! കൃപ ചെയ്യണമെന്നായ് - നിജവരനൊടു യാചിക്കുന്നു.**

**6. സഭയേ വരണം ചെയ്തതിനുൾ - ജീവപ്രദമാം ബലി പീഠം**
**വച്ച പിതാവിൻ വചനമതാം - പ്രഭയിൻ പ്രഭ ധന്യൻ തന്നേ.**

**7. സുന്ദര രൂപ സമേതം നീ - വന്നെത്തീടുക മോശനബീ**
**നിൻ കൃതിയാം കൂടാരത്താൽ - നിർമ്മല സഭയേ കാണിക്ക.**

### *മറ്റൊരു ഗാനം*

*(ഇന്നാൾ നിൻ കബറിങ്കൽ..........................)*

**1. ഇന്നാളിൽ-പാവനസഭയ-ഭിഷിക്തയതായധികം മോദിപ്പൂ**
**പിഴയിൽ നിന്നും വീണ്ടൊരു സുതനായ് സ്തുതി പാടുന്നു**

**ഘോഷിച്ചവനാൽ - നിൻ പെരുനാളെല്ലാ- ഭാഗത്തും.**

**2. പാവന സഭയേ-നിൻ ഹൂദോസിൽ-മണ്മയരാനന്ദിച്ചീടുന്നു**
**വാനവരാജൻ - തന്നുടെ വധുവായ് നീ തീർന്നതിനാൽ**
**വാനവ ദൂതർ - നിന്നേ മാനിച്ചീടുന്നധുന**
**ബാറെക്മോർ. - ശുബഹോ..... മെനഓലം...**

**3. ഭാഗ്യം തേ- വിശ്വാസിനിയാം സഭയേ മശിഹാ തൻ മണവാട്ടീ**
**ഹിതമൊടു സ്നേഹാൽ-തനു നൽകിത്തൻ-രുധിരാൽ വീണ്ടും**
**സ്തുതി പാടുക നീ- സുതരുടെ വായാൽ രാ-വും പകലും.**

## *കുറിയേലായിസോൻ*

### *മത്തായി 5 : 3 മുതൽ 12 വരെ.*

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗ രാജ്യം അവരുടേതാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ആശ്വാ സപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരു ണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടും.

നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. എന്തുകൊ ണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

അവർ നിങ്ങളെ നിന്ദിക്കയും നിങ്ങളെ പീഡിപ്പിക്കുകയും എന്റെ നിമിത്തം സകല ദുർവചനത്തേയും നിങ്ങളുടെ നേരെ വ്യാജമായിട്ട് പറയുകയും ചെയ്യു മ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്ക കൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ ***ശുബഹോ... മെനഓലം.....***

### *ഗാനം*

*മോ ദോസെ ആത്.....*

1. നീയെഴുന്നേറ്റു - പരനേ വാഴ്ത്തുക ദ്യുതി തനയേ
നിന്നിലിരിക്കും-താൻ സംസ്തുത്യൻ - നിന്നാത്മജരാലേ
ഓർക്കേണമെങ്ങളെ നീ കർത്താവേ!- താതന്മാരുടെ ദേവേശാ.
ബാറെക്മോർ-ശുബഹോ... മെനഓലം...

2. സുന്ദരിവധുവേ - നിന്നെപരൻ പാവനയാക്കീ
നിൻ സ്തുതി പാടാൻ രാവും പകലുംനിൻ സുതരേ ചേർത്താൻ
ഓർക്കേണമെങ്ങളെ നീ കർത്താവേ! - താതന്മാരുടെ ദേവേശാ.

### അല്ലെങ്കിൽ

### *ഗാനം*

*ബ്രോ ദബ് ഹൂബെ....*

1. നിൻ-കൂദാശാ ദിനമിതിൽ സഭയേ വി-ശ്വ-സ്ഥേ
മോ-ദിക്കുന്നീറേർ വാനിൽ- ഭൂവിൽ മാനുഷരും
സ്തുതി സ്തോത്രങ്ങൾ പാടുന്നു
നിന്നെ വരിച്ചോൻ മശിഹായ്ക്കായ്
ഓർക്കെങ്ങളെ നാഥാ-നിൻ വരവിൽ മനുജ സ്നേഹിതനേ.

2. സഭ ചൊല്ലുന്നു-ദുഷ്ടനെ ഞാൻ പേടിക്കില്ല
വൻ കോട്ടകളുണ്ടെൻ ചുറ്റും-പരനെന്നിൽ പാർപ്പൂ
സ്ഥാപിതമെന്നിൽ ബലിപീഠം
സഹദേന്മാർ തന്നസ്ഥികളും
കൂപ്പുന്നെപ്പോഴും-കുരിശിനെ ഞാൻ കാക്കുന്നെന്നെയതും.

3. വിജ്ഞൻ ശില്പി-വിശ്വാസത്തിൻ പാറയതാം
ശെമഓൻ കീപ്പാ മേലീശൻ-തൻ സഭയെ പണിതു
നിബിശ്ലീഹരെ വച്ചതിനുള്ളിൽ
സഹദേന്മാർ തന്നസ്ഥികളും
ഓർക്കെങ്ങളെ നാഥാ-നിൻ വരവിൽ മനുജ സ്നേഹിതനേ.

4. നിൻ ശരണത്തിൽ - മൃതരാം താത സഹോദരരേ
നിൻ വല ഭാഗത്തേറ്റണമേ അവരുടെ നാമങ്ങൾ
എഴുതണമെ നിൻ രാജ്യത്തിൽ

ജീവിതരുടെ ഗ്രന്ഥം തന്നിൽ
ഓർക്കേണങ്ങളെ നാഥാ-നിൻ വരവിൽ മനുജസ്നേഹിതനേ.
ശുബഹോ-മെനഓലം

5. സ്തുതി താതന്നും-സ്തോത്രം തന്നുടെ പുത്രനും
വന്ദന പാവന റൂഹായ്ക്കും മഹിതമതാം ത്രിത്വം
സ്വയസ്ഥിതനാദ്യന്ത വിഹീനൻ
സത്യേക സ്ഥിതനാം ദൈവം
സ്തുതി ചെയ്തീടുന്നു-അവനേ നാം ഇപ്പോഴുമെപ്പോഴും.

## *പ്രോമിയോൻ*

തന്റെ ജനനിയുടെ പെരുനാളിനെ ശ്രേഷ്ടമാക്കുകയും, പരിശുദ്ധന്മാരുടെ ഓർമ്മയെ മഹത്വപ്പെടുത്തുകയും, പോരാട്ടക്കാരുടെ ആധിപത്യത്തെ വലിപ്പപ്പെടുത്തുകയും, സ്നേഹിതന്മാരുടെ പെരുനാളിനെ വിശ്യുതമാക്കുകയും, നീതിമാന്മാരുടെ ബഹുമാനം സുശക്തമാക്കുകയും, ആരാധകരുടെ സന്തോഷം വർദ്ധിപ്പിക്കുകയും ചെയ്ത ഉൽകൃഷ്ട ശിശുവും, സകലത്തിലും ഉപരിസ്ഥനുമായിരിക്കുന്ന തനിക്കു സ്തുതി. തന്റെ ശ്രേഷ്ടത സൃഷ്ടിച്ചിട്ടുള്ള സകല വായ്കളിൽ നിന്നും ഈ നേരത്തും സകല പെരുനാളുകളിലും.... തനിക്കു സ്തുതി. ബ്കുല ഹൂൻ യൗമോസോ ദ് ഹായായ്ൻ ലഒൽമീൻ. ആമ്മീൻ.

## *സെദറാ*

ദൈവമായ കർത്താവേ! നിന്റെ മുന്തിരിത്തോട്ടത്തിൽ പ്രഭാതം മുതൽ പ്രദോഷം വരെയും വേല ചെയ്യുകയും, നിന്റെ ശ്രഷ്ടതയുടെ മുമ്പാകെ ആരംഭം മുതൽ അവസാനം വരെയും പ്രയത്നിക്കുകയും ചെയ്തിട്ടുള്ള സകല ഉത്സാഹികളും ഞങ്ങളോടു കൂടെയും, ഞങ്ങൾക്കു വേണ്ടിയും, ഞങ്ങളെ പ്രതിയും, ഈ നേരത്തു നിന്നോടപേക്ഷിക്കും. ഒന്നാമതായി ഗോത്രങ്ങളുടെയും വംശങ്ങളുടെയും തലവനായ ആദാമും, നിന്നിലുള്ള ശരണത്തിന്മേൽ കൊല്ലപ്പെട്ട ഹാബേലും, നിന്റെ ദൈവത്വത്തെ പ്രസാദിപ്പിച്ച ഹാനോക്കും, നിന്റെ ശരീര രക്തങ്ങളുടെ മർമ്മം വരച്ചു കാണിച്ച നോഹും, നിന്റെ ശബ്ദം ശ്രദ്ധിച്ച

അബ്രാഹാമും, തന്റെ പാശങ്ങിൽ നിന്നെ കണ്ട ഇസ്സഹാക്കും നിന്റെ സ്ക്കീപ്പായെ ഗ്രഹിച്ച യാക്കോബും, പരീക്ഷകൾ സഹിച്ച ഇയ്യോബും, നിന്റെ മഹത്വം ദർശിച്ച മഹാനായ മോശയും, നിന്റെ രഹസ്യങ്ങൾ ശുശ്രൂഷിച്ച ലേവ്യാ പട്ടക്കാരൻ അഹറോനും, നിന്റെ തിരുവിഷ്ടം പ്രവർത്തിച്ച ശമുവേലും, നിന്റെ സ്തുതികൾ പാടിയ ദാവീദും, നിന്റെ ആരോഹണത്തെ ആഘോഷിച്ച ഏലിയായും, നിന്റെ റൂഹായാൽ നീ സമ്പന്നനാക്കിയ ഏലിശായും, നിന്റെ ഗർഭോല്പാദനത്തെപ്പറ്റി പ്രസംഗിച്ച ഏശായായും, നിന്റെ ജനനത്തെ വെളിപ്പെടുത്തിയ മീഖായും, നിന്റെ പ്രത്യക്ഷത അറിയിച്ച സ്ക്കറിയായും, നിന്റെ നിര്യാണത്തെ ഉത്ബോധിപ്പിച്ച ദാനിയേലും, നിന്റെ രഥത്തെ ദർശിച്ച ഹസ്ക്കീയേലും, ഉദരത്തിൽ നിന്നും നീ വിശുദ്ധീകരിച്ച എറമിയായും, പ്രയത്നിച്ചു കൊണ്ടു നിന്നെപ്പറ്റി സംസാരിച്ച നിബിയന്മാരും, വിലപിച്ചു നിന്നെപ്പറ്റി പ്രഘോഷിച്ച ശ്ലീഹന്മാരും, സന്തോഷത്തോടെ നിന്നെ ബഹുമാനിച്ച സഹദേന്മാരും, വിശ്വസിച്ചു കീർത്തി പ്രാപിച്ച മൗദ്യാനന്മാരും,ആനന്ദത്തോടെ ജാഗരിച്ച നീതിമാന്മാരും, സത്യം പ്രഘോഷിച്ച മല്പാന്മാരും, പരമാർത്ഥം പ്രസംഗിച്ച ഏവൻ ഗേലിസ്ഥന്മാരും, ഭംഗിയിൽ കിരീടം ധരിപ്പിക്കപ്പെട്ടിട്ടുള്ള വെടിപ്പുള്ളവരും, ശോഭയിൽ പരിരക്ഷിക്കപ്പെട്ടിട്ടുള്ള കന്യാവൃതക്കാരും, പരിപാകതയാൽ പ്രബലരായിട്ടുള്ള വിലാപക്കാരും, നോമ്പാൽ പ്രശോഭിച്ച വൃതസ്ഥന്മാരും, പ്രാർത്ഥനയാൽ തേജസ്ക്കരിക്കപ്പെട്ടിട്ടുള്ള പോരാട്ടക്കാരും, ജാഗരണത്താൽ സന്യസിച്ച ഈഹീദാക്കരും, നിലയിൽ പരാക്രമം കാണിച്ച പൂർണ്ണന്മാരും, നടപടിയിൽ ഉത്സാഹം കാണിച്ച ഒനുവായരും, അവരോടു കൂടി ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ആരിൽ നിന്നും ജഢമെടുക്കുവാൻ നിനക്കു തിരുമനസ്സുണ്ടായോ, ആഭൂമിയിലെ സകല ഗോത്രങ്ങളിലും വച്ച് ഭാഗ്യങ്ങൾക്കു യോഗ്യതയുള്ള ദൈവജനനിയായ പരിശുദ്ധ കന്യകമറിയാമും നിന്നോടപേക്ഷിക്കും. അവളുടെയും നിന്റെ സേവകരായ സകലരുടെയും പ്രാർത്ഥനകളാൽ ഞങ്ങളോടു നിരപ്പാകണമെ. അവരുടെ അപേക്ഷകളാൽ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളുടെ കടങ്ങളും പിഴകളും പരിഹരിച്ചു മോചിക്കണമേ. ഞങ്ങളുടെ പ്രാണേന്ദ്രിയങ്ങളെ വിശുദ്ധീകരിക്കണമെ. ഞങ്ങളുടെ ശരീരങ്ങളുടെ അഴുക്കിനെ

സ്ഫുടം ചെയ്യണമെ. ഞങ്ങളുടെ നിരൂപണങ്ങളുടെ ചലനങ്ങളെ നിർമ്മലീകരിക്കണമെ. ഞങ്ങളുടെ മാനസ്സിക നയനങ്ങളെ പ്രകാശിപ്പിക്കണമെ. ഞങ്ങളുടെ ഹൃദയ ശ്രവണങ്ങളെ തുറക്കണമെ. ഞങ്ങളുടെ അധരങ്ങളുടെ ഉച്ചാരണങ്ങളെ തെളിയിക്കണമെ. ഞങ്ങളുടെ നാവുകളുടെ സ്തുതിപ്പിനെ വിശുദ്ധീകരിക്കണമെ. ഞങ്ങളുടെ വായ്കളെ നിന്റെ സ്തുതിപ്പുകൾ കൊണ്ടു നിറയ്ക്കണമെ. ഞങ്ങളുടെ സ്തോത്രബലികളെയും ഞങ്ങളുടെ ബലഹീനാവസ്ഥയിൽ നിന്നുള്ള കാഴ്ചയും അംഗീകരിക്കണമെ. ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കേണമെ. നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരമരുളണമെ. നിന്നിലുള്ള ശരണത്തിന്മേൽ നിദ്ര പ്രാപിച്ചിട്ടുള്ള വിശ്വാസികളായ സകല മരിച്ചു പോയവരെയും ആശ്വസിപ്പിക്കണമെ. അങ്ങനെ ഞങ്ങളും അവരും നിന്റെ വലത്തു ഭാഗത്തു നിന്നു കൊണ്ട് നിന്റെ കരുണകാണുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ........

## *ഗാനം*

*(കൂക്കോയോ - സുന്ദരികളിലതി സുന്ദരി നീ .... രീതിയിൽ)*

*പെസ്ഗോമോ*:- കർത്താവിൽ ശരണം വച്ചിരിക്കുന്നവൻ ഇളകാതെ സെഹിയോൻ പർവ്വതത്തിൽ നിത്യമായി വസിക്കുന്നു.

**1. ജാതികളിൻ മകളാം സുമുഖീ-നീ പാരം സുമുഖീ**
**ശുദ്ധസഭേ! ശ്ലേമൂൻ നിന്നെ-താലോലിക്കുന്നു**
**നിന്നധരങ്ങൾ-മധുവർഷിക്കുന്നു**
**വസന സുഗന്ധം-നീസാൻ കുസമസമം**
**സഭയേ! സർവ്വ വിധം സുമുഖീ-നീ കറ തീണ്ടാത്തോൾ**
**സ്ലീബായെ കൂപ്പുന്നതിനാൽ-രാജാവാം മശിഹാ**
**ഹാലേലുയ്യാ-കാക്കുന്നു നിന്നെ.**

**അല്ലെങ്കിൽ**

**സുന്ദരികളിലതി സുന്ദരി നീ-ജാതികളിൽ സൂനു**
**നൃപതി ശലോമോൻ വിമല സഭേ!-നിന്നെലാളിപ്പൂ**
**നിന്നധരങ്ങൾ-മധുവർഷിക്കുന്നു**
**വസന സുഗന്ധം-നീസാൻ കുസമസമം**

സഭയേ! സകല വിധം സുമുഖീ-നീ കറ തീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ-രാജാവാം മശിഹാ
ഹാലേലുയ്യാ-കാക്കുന്നു നിന്നെ.

*പെസ്ഗോമോ*:- ഊർശ്ലേമിനെ മലകൾ ചുറ്റിയിരിക്കുന്നു. തന്റെ ജനത്തെ കർത്താവു വലയം ചെയ്തുമിരിക്കുന്നു.

2. സഭയോതുന്നെന്നേ മൂന്നു-കോട്ടകൾ ചുറ്റുന്നു
ഉൾപൂകാൻ വഞ്ചതിയേറും ദുഷ്ടനു ദുസ്സാദ്ധ്യം
ബന്ധിച്ചവയാ-ണന്യോന്യം മൂന്നും
കോട്ടകളിടയിൽ-സ്ഥലമില്ലിവ പാർത്താൽ
താതസുതാ മല റൂഹായാ-മേകത്വം ത്രിത്വം
മഹിമയെഴും മണവാട്ടി സമം മദ്ധ്യേമേവു
ഹാലേലുയ്യാ-ഹാലേലുയ്യാ

**അല്ലെങ്കിൽ**

സഭയോതുന്നെന്നേ മൂന്നു-കോട്ടകൾ ചുറ്റുന്നു
വഞ്ചകനാം ദുഷ്ടാത്മാവിങ്ങുള്ളിൽ പൂകീടാ
ബന്ധിച്ചവയാ-ണന്യോന്യം മൂന്നും
കോട്ടകളിടയിൽ-സ്ഥലമില്ലിവ പാർത്താൽ
താതസുതാ മല റൂഹായാ-മേകത്വം ത്രിത്വം
മഹിമയെഴും മണവാട്ടി സമം- മദ്ധ്യേമേവുന്നേൻ
ഹാലേലുയ്യാ-ഹാലേലുയ്യാ ശുബഹോ.....

3. ജാതികളാൽ മകളാം സുമുഖീ-നീ പാരം സുമുഖീ
വിശ്വത്തിനു തേജസ്സേറ്റും-സൂര്യനൊക്കും നീ
താവക ഫാലേ-സ്ലീബായിൻ റൂശ്മാ
പാവന വദനം-സ്തുതി പാടീടുന്നു
ദൈവസുതൻ തൻ തിരുതുധിരം-നിന്നധരേലിപ്തം
സ്തുതി പാടുന്നിരവും പകലും-നിൻ സന്താനങ്ങൾ
ഹാലേലുയ്യാ-ഹാലേയുയ്യാ മെനഓലം................

4. അത്യുന്നതനാമീശന്നു-പ്രാതഃസ്തുതി പാടും
മീവൽ പക്ഷിയൊടൊക്കുന്നീ-സഭ ഗാനാലാപേ
ദാവീദിന്റെ-വീണയുമേന്തിയവൾ

**ഈ റേന്മാരോ-ടൊപ്പം പാടുന്നു**
**നൂറ്റമ്പതു കമ്പികൾ കൂടും-തംബുരു വാദ്യത്താൽ**
**അവളുടയോനേ വാഴ്ത്തുന്നു-ലോകങ്ങളിലെല്ലാം**
**ഹാലേലുയ്യാ-തൻ കൃപ വർഷിച്ചാൻ**

**അല്ലെങ്കിൽ**

**പുലരിയിലപ്പരമോന്നതനാം-ദൈവത്തെ വാഴ്ത്തും**
**മീവൽ പറവയൊടൊപ്പം താൻ-സഭ സംഗീതത്താൽ**
**ദാവീദിന്റെ-കിന്നരവും പേറി**
**അവളീറയരോ-ടൊപ്പം പാടുന്നു**
**നൂറ്റമ്പതു കമ്പികളേലും-തംബുരു വാദ്യത്താൽ**
**അവളുടയോനേ വാഴ്ത്തീടുന്നുലകങ്ങളിലെന്നും**
**ഹാലേലുയ്യാ- കൃപ വർഷിച്ചീടാൻ**

## *എത്രോ*

ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധാലയത്തിന്റെ ഈ വിശുദ്ധീകരണ ദിവസത്തിൽ, ഞങ്ങളുടെ ബലഹീനതയിൽ നിന്നും നിന്റെ തിരുമേനിക്കു അർപ്പിച്ചിരിക്കുന്ന ഈ സുഗന്ധ ധുപത്തെ കൈക്കൊള്ളണമെ. രക്ഷയാൽ അതിന്റെ മക്കളെ പ്രമോദിപ്പിക്കണമെ. പാപികളെ മോചനത്താൽ ആഹ്ലാദിപ്പിക്കണമെ. അതിലെ രോഗികൾക്കു സൗഖ്യവും ചിതറിയും തെറ്റിയും പോയിരിക്കുന്നവർക്കു തിരിച്ചു വരവും, ഞെരുങ്ങിയും ആത്മ സങ്കടത്തിലും ഇരിക്കുന്നവർക്കു ആശ്വാസവും കൊടുക്കണമെ. അതിൽ നിന്നും സകല തർക്കങ്ങളും ശണ്ഠകളും നീക്കിക്കളയണമെ. സത്യ വിശ്വാസത്തിൽ അതിൽ നിന്നും വാങ്ങിപ്പോയിട്ടുള്ളവർക്കു പാപ പരിഹാരവും മോചനവും നൽകണമെ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റും.ഹോശോ...............

## **വേദവായനകൾ**

സൂമോറോ

*(സെഹിയോൻ കോട്ട.......പോലെ)*

**ഞങ്ങടെ നാഥൻ ബലവാനാം - ദൈവത്തിൻ നഗരം തന്നിൽ**
**കേട്ടതു പോൽ ഞങ്ങൾ കണ്ടു - നിത്യം താനതു സ്ഥിരമാക്കും**
**നിൻ കൃപ നിന്നാലയമുള്ളിൽ - ഞങ്ങടെ ശരണം ദേവേശാ.**

## *പഴയ നിയമം*

ആദ്യ പുസ്തകം 6: 13-7:9; 28: 10-22, യോശുവാ 6: 1-26, 2 ശമുവേൽ 6: 1-23,
1 രാജാ 8: 22-33, എസക്കി 10: 1-7.

ഭൂവില ശേഷം......... നടപ്പുകൾ 7: 44-53

പൗലോസ് ശ്ലീഹാ.............. എബ്രായ 8: 1-9 : 6

പെസ്ഗോമോ:-

ഹാ. ഹാ. കർത്താവേ! തൃക്കൈകളതാൽ ശുദ്ധാലയമതിനെ
ഒരുക്കീടേണമെ- കർത്താവെന്നേയ്ക്കും വാഴട്ടെ....ഹാലേലുയ്യാ.

## *ഏവൻഗേലി*

*യേശു തമ്പുരാൻ പീലിപ്പോസിന്റെ കേസറിയാ ദേശങ്ങളിലേക്കു പോയപ്പോൾ തന്റെ ശിഷ്യന്മാരോടു മനുഷ്യ പുത്രനായ ഞാൻ ആരാകുന്നുവെന്നു മനുഷ്യർ പറയുന്നുവെന്നു ചോദിച്ചു. ചിലർ യൂഹാനോൻ മാംദാനായെന്നും, മറ്റു ചിലർ ഏലിയായെന്നും, വേറെ ചിലർ ഏറമിയായോ പ്രവാചകന്മാരിൽ ഒരുവനോ എന്നും പറയുന്നുവെന്നു അവർ ഉത്തരം പറഞ്ഞു. താൻ അവരോട് ഞാൻ ആരാകുന്നുവെന്നു നിങ്ങൾ പറയുന്നുവെന്നു ചോദിച്ചു. ശെമഓൻ പത്രോസ് ഉത്തരമായിട്ടു തന്നോട് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നുവെന്നു പറഞ്ഞു. യേശു തമ്പുരാൻ അവനോടു മറുപടിയായി, യൗനായുടെ പുത്രനായ ശെമഓനെ! ജഡരക്തങ്ങളല്ല ഇതു നിനക്കു വെളിപ്പെടുത്തിയത്. എന്നാലോ സ്വർഗ്ഗത്തിലുള്ളവനായ എന്റെ പിതാവാകുന്നു. ഞാനും നിന്നോടു പറയുന്നു, നീ പത്രോസ്സാകുന്നു. ഈ പാറമേൽ എന്റെ സഭ ഞാൻ പണിയും. പാതാള വാതിലുകൾ അതിനെ വിജയിക്കുകയില്ല. സ്വർഗ്ഗ രാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതു സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിയപ്പെട്ടിരിക്കും എന്നരുളിചെയ്തു.*

## *ലുത്തിനിയാ*

**നാമെല്ലാവരും നല്ലവണ്ണം നിന്നു ജാഗ്രതയോടും ദൈവത്തെ നിരപ്പാക്കുന്ന ശബ്ദങ്ങളാലും കുറിയേലായിസ്സോൻ എന്നു ഉത്തരമായി പറയണം. കുറിയേ....**

**വ്യാജമല്ലാത്ത നിന്റെ വാഗ്ദത്തം പോലെ പരിശുദ്ധമായ നിന്റെ തൃക്കൈ വെള്ള മേൽ പരിശുദ്ധ സഭയെ രൂപീകരിച്ചവനായ ഞങ്ങളുടെ മശിഹാ തമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ..........**

**പ്രധാനാചാര്യന്മാർ മുഖാന്തരം നിന്റെ ആചാര്യന്മാരെ നിയമിച്ചു സ്ഥിരപ്പെടുത്തിയവനായുള്ളോവേ! ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ..........**

**നിന്റെ ദിവ്യ നൽവരങ്ങളാലും ദാനങ്ങളാലും എല്ലാ സ്ഥലത്തുമുള്ള നിന്റെ പരിശുദ്ധ ജനത്തെ എല്ലാ വിധത്തിലും പ്രകാശിപ്പിച്ച് വിശുദ്ധീകരിക്കുന്നവനായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...............**

**കടങ്ങളുടെ പരിഹാരത്തിനും കുറവുകളുടെ മോചനത്തിനും സ്വർഗ്ഗരാജ്യത്തിൽ പ്രകാശമുള്ള കൂടാരങ്ങളിൽ ആശ്വസിപ്പാനുമായി നമ്മുടെ മാതാപിതാക്കൾക്കും സഹോദരീ സഹോദരങ്ങൾക്കും നേതാക്കൾക്കും മരിച്ചു പോയവർക്കും വിശ്വാസികളായ സകല മരിച്ചു പോയവർക്കും വേണ്ടി കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ....**

**ഞങ്ങളുടെ ദൈവമായ കർത്താവേ! തിരുനാമം ഞങ്ങളുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ. ഉപേക്ഷ കുടാതെ തിരുമുമ്പാകെ നിന്നുകൊണ്ട് ഒരുമിച്ച് ഇടയന്മാരോടും ഇടവകകളോട് കൂടെ നിങ്കലേക്കു അട്ടഹസിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. കുറി...... കുറി...... കുറിയേലായിസ്സോൻ**

b b b

# രണ്ടാം ക്രമം

## ബലിപീഠം-തബലൈത്താ കൂദാശ

*(നോട്ട്:-ബലിപീഠത്തിന്റെ വിരികൾ ചമയങ്ങൾ മുതലായവ എല്ലാം നീക്കി വയ്ക്കുന്നു. അഭിഷേകം ചെയ്യപ്പെടേണ്ട ബലിപീഠത്തിനു മുമ്പാകെ ദർഗ്ഗായുടെ താഴെ അംശവസ്ത്രധാരിയായ മേല്പട്ടക്കാരൻ നില്ക്കുന്നു. ബലിപീഠത്തിന്റെ ഇരുവശങ്ങളിലുമായി അംശവസ്ത്ര ധാരികളായ കശ്ശീശന്മാരും മറുവഹ്സാകളും മറ്റും വഹിച്ചു കൊണ്ട് ശെമ്മാശ്ശന്മാരും, ബലിപീഠത്തിന്റെ കിഴക്കു വശത്തു പടിഞ്ഞാറോട്ടഭിമുഖമായി പരിശുദ്ധ മൂറോൻ കുപ്പി പിടിച്ചു കൊണ്ട് കശ്ശീശന്മാരിലൊരാളും നില്ക്കുന്നു.)*

### *പ്രാരംഭ പ്രാർത്ഥന*

ദൈവമായ കർത്താവേ! വെടിപ്പോടും വിശുദ്ധിയോടും കൂടി നിന്റെ പരിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് നിന്റെ ആർദ്ര കരുണയോടു യാചിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഈ നേരത്തു ഞങ്ങളോടു കൂടെയും ഞങ്ങളുടെ ഇടയിലും ആയിരുന്നു കൊണ്ട് നിന്റെ ദിവ്യ നൽവരങ്ങളുടെ സമ്പത്ത് ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. അങ്ങനെ നിന്റെ പരിശുദ്ധ മാലാഖമാരോടൊന്നിച്ച് പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയുള്ളോവേ! ഞങ്ങൾ നിന്നെ ശുശ്രൂഷിക്കുകയും സ്തുതിക്കുകയും ചെയ്യുമാറാകണമെ. ഹോശോ..............

**ദൈവമേ! നിന്റെ കൃപ പോലെ................****പേജ്.4.**

### ഗാനം

*(ഒലിവീന്തൽ തലകൾ..........പോലെ)*

**1. നിൻ ഹൂദോ-സ്സിൽ സഭയേ പരിശുദ്ധേ!**
**ദ്യോവിൻ മോ-ദം ഭൂവിൽ സന്തോഷം**
**ദേവാ! ദയ ചെയ്തീടണമെ.**

**2. ആമോദി-ക്കുക മശിഹാ തൻ കാന്തേ!**
**ഹൂദോസ്നാ-ളിൽ സ്തോത്രം പാടീടുക**
**ദേവാ! ദയ ചെയ്തീടണമെ.**

**3. പാവന സ-ഭയേ മോദിക്കിന്നാളിൽ**
**സ്തുതി ചെയ്നി-ന്നേയേറ്റിയ മശിഹായേ**
**ദേവാ! ദയ ചെയ്തീടണമെ.**

**4. വാസംഭൂ-വിൽ വച്ചോൻ മശിഹായേ!**

ശുദ്ധി സഭ-യ്ക്കായ് നൽകുക റൂഹായാൽ
ദേവാ! ദയ ചെയ്തീടണമെ.

5. മോദിച്ചീ-ടുക സഭയേ പരിശുദ്ധേ!
പാടുക സ്തേ-ത്രം കൂദാശ ദിനത്തിൽ
ദേവാ! ദയ ചെയ്തീടണമെ.

6. നിർമ്മല സ-ഭയേ നിൻ കൂദോശ് നാളിൽ
സ്തുതി പാടീ-ടുന്നീറയരാമോദാൽ
ദേവാ! ദയ ചെയ്തീടണമെ.

7. നിൻ ശരണ-ത്തിൽ മൃതരാം നിൻ ദാസർ
ശോഭിതഗേ-ഹേമോദിക്കും കൂടെ
ദേവാ! ദയ ചെയ്തീടണമെ.

ശുബഹോ................മെനഓലം.

8. നിന്നെ വരി-ച്ചൊരു ജനകൻ സംസ്തുത്യൻ
റൂഹാ മൂ-ലം പരിപാവനയാക്കി
തീർത്തോ-നാം തനയൻ വന്ദ്യൻ

## *പ്രൊമിയോൻ*

പരിശുദ്ധ സഭയെ തന്റെ കൃപയാൽ നിരന്തരമായി പുതുക്കുകയും, പരിശുദ്ധ ദാനങ്ങളാൽ പൂർണ്ണമായി അലങ്കരിച്ച് പ്രാഭവപ്പെടുത്തുകയും ആത്മീയാലങ്കാരങ്ങളാൽ ഉൽകൃഷ്ടമായി വിശുദ്ധീകരിക്കുകയും, ദിവ്യപ്രഭാവങ്ങളാൽ സമ്പൂർണ്ണമായി സമ്പന്നമാക്കുകയും, ജാതികളെയും സ്വജനങ്ങളെയും അതിലേക്കു ക്ഷണിക്കുകയും, ചിതറിപ്പോയവരെ അതിന്റെ മാർവ്വിടത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്ത ലോകങ്ങളുടെ നവീകരണക്കാരനായ തനിക്കു സ്തുതി. അതിനുള്ളിൽ മാലാകൈകസ്തുതി അവർ തനിക്കു കരേറ്റുകയും തന്റെ ഏകജാതനു അതിനെ വിവാഹം നിശ്ചയം ചെയ്ത പിതാവിനു നിരന്തരമായ സ്തേത്രം അർപ്പിക്കുകയും അതിൽ വസിച്ചു അതിനെ ശുദ്ധീകരിക്കുന്ന ജീവനുള്ള പരിശുദ്ധ റൂഹായെ ഹാലേലുയ്യാ പാടി ശ്രേഷ്ടതപ്പെടുത്തുകയും തിരുരക്തത്താൽ അതിനെ രക്ഷിച്ച പുത്രനെ വന്ദിക്കുകയും ചെയ്യുന്നു. ഈ നേരത്തും സകല പെരുന്നാളുകളിലും.........തനിക്കു സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ബ്കുലഹൂൻ..........

## സെദറ

വിശുദ്ധ സഭ അതിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പാറ-അതായത് സത്യത്തിന്റെ ഇളകിപ്പോകാത്ത കല്ലാകുന്ന-യേശുമശിഹാ! നിനക്കു സ്തുതി. നിനക്കു സ്തോത്രം. ഈ സഭ അയഞ്ഞ മണലിന്മേലല്ല, പ്രത്യുത പരിശോധിക്കപ്പെട്ടിട്ടുള്ള കോണിന്റെ മൂല കല്ലിന്മേലത്രെ വയ്ക്കപ്പെട്ടിരിക്കുന്നത്. വിശ്വാസ ത്യാഗിനിയായ ഇസ്രായേലിന്റെ പാനത്തിനായി പ്രകൃതാതീതമായി പന്ത്രണ്ടു നദികളെ ഒഴുക്കിയ മോശൈക പാറയെ അതു ദൃഷ്ടാന്തപ്പെടുത്തുന്നു. സത്യ ഉപദേശങ്ങളാകുന്ന ഈ ആത്മീയ അരുവികളെ പരിശുദ്ധ റൂഹായുടെ പാട്ടുകളാൽ അവർ പഠിപ്പിച്ചു കാണച്ചിരിക്കുന്നു. അവൾ ആന്തരികമായി ബോധവിധേയമാം വണ്ണം അലങ്കരിക്കപ്പെട്ടു പ്രാഭവപ്പെട്ടിരിക്കുന്നുവെന്നു ദാവീദു അവളേപ്പറ്റി പാടി പറഞ്ഞിരിക്കുന്നു. ന്യായ പ്രമാണപരവും നിഴലിനടുത്തതുമായ കൂടാരം പോലെ രോമം കൊണ്ടുള്ള വിരികളാലും ഇളം ചുവപ്പും ധൂമ്ര വർണ്ണവുമായ ചർമ്മങ്ങളാലുമല്ല. എന്നാലോ മഹത്വകരവും രാജകീയവുമായ അങ്കിയാലും പരിശുദ്ധവും രഹസ്യ സൂചകവുമായ മാമോദീസായാലും തന്നെ. കടും നീലയും, ഇളം നീലയുമായ നൂലുകളാലല്ല, പ്രത്യുത ആത്മീയ ചങ്ങലകളാലും പരിശുദ്ധാത്മ സുകൃതങ്ങളാലുമത്രെ. ചെമ്പു കൊണ്ടും ഇരുമ്പു കൊണ്ടുമുള്ള താങ്ങുകൾ കൊണ്ടും തൂണുകൾ കൊണ്ടുമല്ല. എന്നാലോ രഹസ്യദർശകരായ നിബിയന്മാരാലും, സത്യങ്ങൾ ഉത്ഘോഷിക്കുന്ന ശ്ലീഹന്മാരാലും, മശിഹായുടെ കാലടികളിൽ ചിരിക്കുന്ന സഹദേന്മാരാലുമത്രേ. ചെങ്ങാലികളുടെയും കുഞ്ഞാടുകളുടെയും രക്തത്താൽ തളിക്കപ്പെട്ടിരുന്ന നിഴലായ ബലിപീഠത്താലല്ല. പ്രത്യുത കളങ്കമില്ലാത്ത കുഞ്ഞാടിന്റെ രക്തത്താൽ ആചാര്യവേല ചെയ്യപ്പെട്ടിരിക്കുന്ന ആത്മീയവും ദിവ്യവുമായ മേശയാലത്രേ. സംഘത്തെ പ്രകാശിപ്പിക്കുന്ന ഏഴു ദീപങ്ങളുള്ള വിളക്കു തണ്ടിനാലല്ല. എന്നാലോ പരിശുദ്ധാത്മ നിശ്വാസമുള്ള നീതിയിൻ സൂര്യനാലും ഉദയ നക്ഷത്രങ്ങളാലുമത്രേ. ഇതിനെ നിബിയന്മാർ ആകൃതിപ്പെടുത്തി. ദർശകർ കാണിച്ചു തന്നു. നിബിയന്മാരിൽ വലിയവനായ മോശ ദൃഷ്ടാന്തമായ കൂടാരത്താൽ അതിനെ വരച്ചു കാണിച്ചു. ജ്ഞാനസമുദ്രമായ ശലോമോൻ അതിനെ രൂപീകരിച്ചു.

നിന്റെ പ്രകാശം അടുത്തിരിക്കുന്നതിനാൽ എഴുന്നേറ്റു പ്രകാശിക്കുക എന്നു നിബിയന്മാരിൽ മഹത്വമുള്ളവനായ ഏശായാ അതിനേപ്പറ്റി പ്രസ്താവിക്കുകയും കർത്താവിന്റെ ബഹുമതി നിന്റെ മേൽ ഉദയം ചെയ്യുമെന്നു അട്ടഹസിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക എന്നു ദാവീദു പ്രസ്താവിക്കുകയും രാജാധിരാജാവു നിന്റെ സൗന്ദര്യത്തെ വാഞ്ചിക്കുമെന്നു അറിയിക്കുകയും ചെയ്തു. ബഹുമതികൾ നിന്നെപ്പറ്റി സംസാരിക്കപ്പെട്ടിരിക്കുന്നുവെന്നു പറയപ്പെട്ടിരിക്കുന്നതു ഇതേപ്പറ്റിയാകുന്നു. അവളുടെ നയനങ്ങൾ നീലനിറമുള്ളവയാകുന്നു. അവളുടെ വസ്ത്രം പ്രശോഭിതമായിരിക്കുന്നു. അവളുടെ സ്തുതി പഠകന്മാർ അനേകർ. അവളുടെ ശില്പികൾ ജ്ഞാനമുള്ളവർ. അവളുടെ രഹസ്യങ്ങൾ ഗുപ്തങ്ങളാകുന്നു. അവളുടെ ദൃഷ്ടാന്തങ്ങൾ വിസ്മയമേറിയവ. അവളുടെ ജ്ഞാനങ്ങൾ അത്ഭുതകരം. അവളുടെ രഹസ്യങ്ങൾ മറഞ്ഞിരിക്കുന്നവ. ലോകങ്ങളുടെ നാഥൻ അവളുടെ മണവാളൻ. യൂഹാനോൻ അവളുടെ തോഴ്മക്കാരൻ. നിബിയന്മാർ പന്തിക്കിരിക്കുന്നവർ. ശ്ലീഹന്മാർ അവളുടെ സഖിമാർ സഹദേന്മാർ അവളുടെ അതിഥികൾ. തന്റെ മണവാട്ടിയായ ഇവൾ എബ്രായ പുത്രിയെപ്പോലെ ഇരുളിലും അന്ധകാരത്തിലും വിവാഹം നിശ്ചയിക്കപ്പെട്ടവളല്ല. പിതാവിനാൽ അവൾ വിശുദ്ധീകരിക്കപ്പെടുന്നു. ഇതു ഹേതുവായി ജാതികൾ അവളിൽ സ്തുതി പാടുന്നു. അവരോടൊപ്പം നാമും അട്ടഹസിച്ചു പറയണം. കർത്താവേ! നീ സമ്പാദിച്ച സഭയേ ഓർക്കണമെ. അവളുടെ രക്ഷാക്കൊമ്പിനെ നീ ഉയർത്തേണമെ. നിത്യസമാധാനം അവളിൽ വർദ്ധിപ്പിക്കണമെ. അവളിൽ സമൃദ്ധിയായ സമാധാനം വാഴിക്കണമെ. ഭാഗ്യവാന്മാരായ അവളുടെ ഇടയന്മാർക്കു നിന്റെ കൃപയാൽ ജാഗ്രതയും, ഭരണകർത്താക്കൾക്കു ഉത്സാഹവും, രാജാക്കന്മാർക്കു നീതിയും, ന്യായാധിപന്മാർക്കു പരമാർത്ഥതയും, ആചാര്യന്മാർക്കു സ്വരുമിപ്പും, ശെമ്മാശ്ശന്മാർക്കു ശോഭയും പാപികൾക്കു അംഗീകൃതമായ അനുതാപവും വിശ്വാസികളായ മരിച്ചുപോയവർക്കു പുണ്യകരമായ നല്ല ഓർമ്മയും നൽകണമെ. അങ്ങനെ സകലരാലും നിന്റെ പിതാവിനോടും ജീവനുള്ള വിശുദ്ധ റൂഹായോടും കൂടെ നീ മഹത്വീകരിക്കപ്പെടുമാറാകണമെ. ഹോശോ.........ആമ്മീൻ.

# ഗാനം

*ധന്യേ മാതാവേ!..... എന്ന രീതി*

1. മറിയാമ്മിന്നോർമ്മ-വാഴ് വായ്ത്തീരണമേ
തൽപ്രാർത്ഥന ഞങ്ങൾ-ക്കാകണമേ കോട്ട
നിബിയർ ശ്ലീഹന്മാർ-സഹദേർ തൻ നാഥൻ
അവളീന്നുദയം ചെ-യ്തുലകിൽ രക്ഷയ്ക്കായ്
ഹാലേലുയ്യാ-ഹാലേലുയ്യാ
സാക്ഷാലവനല്ലോ-ഭുവനത്രാതാവു

2. സീനായ് ഗിരിമുകളിൽ-മൂശാദർശിച്ചാ
മുൾച്ചെടി കന്യകയേ-നിൻ ചിത്രം കാട്ടി
നിർമ്മലമാം നിൻ മെയ്-മുൾചെടിയൊടു തുല്യം
തീ തീണ്ടാഞ്ഞോരാ-പത്രം കന്യത്വം
ഹാലേലുയ്യാ-ഹാലേലുയ്യാ
നിന്നിൽ വസിച്ചോനാ-മീശൻ അതിലഗ്നി
ശുബഹോ............

3. സഭ പണി താൻ കർത്തൻ-ശെമഓൻ കീപ്പാമേൽ
തൂണുകൾ പന്തീരാ-റിന്മേൽ സ്ഥാപിച്ചു
ഗിരികർദ്ദവിനേക്കാ-ളതുപാരം ശ്രേഷ്ടം
പണിചെയ്തോൻ ശില്പി-തൻ വാസം മേലിൽ
ഹാലേലുയ്യാ-ഹാലേലുയ്യാ
പള്ളിക്കുൾ പീഠം-സ്ഥാപിച്ചോൻ ധന്യൻ
മെനഓലം.....

4. സഭയേ ദിനരാത്രം-പാലകർ നിൻ ദ്വാരേ
കാവൽ ചെയ്തിട്ടാ-ദുഷ്ടനെ കാക്കുന്നു
ശെമഓനാധാരം-പൗലോസ്സോ ശില്പി
യൂഹാനോൻ തോഴൻ-സ്നേഹിതനും തന്നേ
ഹാലേലുയ്യാ-ഹാലേലുയ്യാ
പാവന റൂഹാ തൻ-നന്തുനി ദാവീദും

## എത്രൊ

ദൈവമായ കർത്താവേ! യേശു മശിഹാ! നീ സൃഷ്ടകളോടു നിന്റെ പിതാവിനെ രഞ്ജിപ്പിച്ച നിരപ്പിൻ ധൂപകലശമാകുന്നു. നിന്റെ ശ്രേഷ്ടതയുടെ ബഹുമാനത്തിനു ഈ നേരത്തു അർപ്പിക്കപ്പെടുന്ന ഈ സുഗന്ധ വർഗ്ഗങ്ങൾ പാപികളായ ഞങ്ങളിൽ നിന്നും സ്വീകരിക്കണമെ. അവയോടു കൂടെ നിന്റെ തിരുമേനിയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അവയാൽ നിന്റെ തിരുവിഷ്ടം സമാശ്വസിച്ച് നിന്നെ വിളിക്കുന്ന നിന്റെ സഭാമക്കളെ വിശുദ്ധീകരിപ്പാൻ ദിവ്യനായ നിന്റെ റൂഹായെ ചിന്തുമാറാകണമെ. നിന്റെ പരിശുദ്ധ കൂദാശകളുടെ പൂർത്തീകരണത്തിനും അംഗീകൃതമായ ബലികൾ അതിൽ അർപ്പിക്കപ്പെടുന്നതിനും ഈ ആലയത്തിനു നിന്റെ കൃപ പ്രദാനം ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ........ആമ്മീൻ.

**(ഇവിടെ ലേഖനങ്ങളും ഏവൻ ഗേലിയോനും വായിക്കുന്നു. അതിനുശേഷം)**

### *ഗാനം*

**1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തു സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനേ സ്തുതിപ്പിൻ.**

**സീനായ് മലമേൽ വന്നതിനെ**
**പാവനമാക്കിയ പരിശുദ്ധാ!**
**വന്നു വസിച്ചീ ബലിപീഠം**
**പാവനമാക്കി തീർക്കണമെ.**

**2. അവന്റെ വല്ലഭത്വത്തിൽ അവനേ സ്തുതിപ്പിൻ അവന്റെ ശ്രേഷ്ടതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.**

**സീനായ് മലയിൽ വന്നീശൻ**
**മോശയ്ക്കായാ കൈവയ്പേകി**
**മോശയതഹറോനായ് നൽകി**
**വന്നതു യോഹന്നാനോളം**

**3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.**

നിബിയന്മാരാലുര ചെയ്തോൻ
ശ്ലീഹന്മാരിൽ സ്ഥിതി ചെയതോൻ
റൂഹാ വന്നീ ബലി പീഠം
നിർമ്മലമാക്കി ത്തീർക്കേണമേ.

4. തപ്പുകളാലും ചതുര തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പീൻ.

പ്രാവെന്നോണം താണെത്തി
സുതനുടെ ശിരസ്സിൽ പാർത്തവനാം
റൂഹാ വന്നീ ബലിപീഠം
ശുദ്ധീകരണം ചെയ്യണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

മാളികയിൽ ശ്ലീഹന്മാർ മേൽ
ആവാസം ചെയ്തൊരു റൂഹാ
വാസം ചെയ്തീ ബലി പീഠം
ശുദ്ധീകൃതമാക്കീടേണം

ശുബഹോ.........

6. പാവനസുതനേ വിട്ടോനാം
പരിശുദ്ധൻ താതൻ സ്തുത്യൻ
നിർമ്മല ഗർഭേ മേവിയവൻ
ശുദ്ധി വിശുദ്ധർക്കായ് നൽകി

മെനഓലം.......

7. ജഢരത്തീന്നും ശമുവേലിനെ
നിർമ്മലനാക്കിയ വിമലാത്മൻ
വാസം ചെയ്തീ ബലിപീഠം
നിർമ്മലമാക്കി തീർക്കേണമേ.

ശെമ്മാശൻ:- ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്ന് വന്ദ്യ പിതാവിന്റെ പ്രാർത്ഥന ഏറ്റു ചൊല്ലണം.

**മേല്പട്ടക്കാരൻ:- സർവ്വ ശക്തിയുള്ള പിതാവായി...........**

# റൂശ്മാകൾ

*(നോട്ട്:-കാർമ്മികൻ ദർഗ്ഗായിൽ കയറി നിന്നുകൊണ്ട് രഹസ്യവും പരസ്യവുമായ പ്രാർത്ഥനകൾ ചൊല്ലുന്നു. രഹസ്യങ്ങൾക്കു വലിയ മണി അടിക്കുകയും ചെറിയ മണികളും മറുവഹ്സാകളും കിലുക്കുകയും ചെയ്യണം. ആദ്യം മൂറോൻ കൂടാതെയും പിന്നീടു മൂറോൻ പുരട്ടിയും അവസാനത്തിൽ മൂറോനില്ലാതെയും റൂശ്മാ ചെയ്യുന്നു. ബലിപീഠം റൂശ്മാ ചെയ്യുന്നതോടൊപ്പം തബലൈത്താകളും റൂശ്മാ ചെയ്യുന്നു. തബലൈത്താകളുടെ കിഴക്കു പടിഞ്ഞാറുള്ള ഇരുപ്പു ക്രമം തെറ്റാതെ ഓരോന്നും റൂശ്മാ ചെയ്തു മാറ്റി മാറ്റി വയ്ക്കണം.*

## മൂറോൻ കൂടാതെയുള്ള റൂശ്മാകൾ

*കാർമ്മികൻ ദർഗ്ഗായിൽ നിന്നുകൊണ്ട് ക്രമത്തിൽ കാണുന്ന രഹസ്യവും പരസ്യവുമായ പ്രാർത്ഥനകൾ ചൊല്ലുന്നു. പിന്നീട് 23-ാം മസുമൂർ തുടങ്ങിയ ശേഷം മറ്റുള്ളവർ അതു തുടർന്നു ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ബലിപീഠങ്ങൾ തബലൈത്താകൾ എന്നിവയുടെ വടക്കു വശത്തും കിഴക്കു വശത്തുമായി ചിത്രത്തിൽ കാണുന്നതു പോലെ മൂറോൻ കൂടാതെ തള്ളവിരൽ കൊണ്ട് ആദ്യം വടക്കു വശത്തു കിഴക്കുപടിഞ്ഞാറായും പിന്നീട് കിഴക്കു വശത്തു വടക്കു തെക്കുമായും സ്ലീബാ ആകൃതിയിൽ വരയ്ക്കുന്നു.*

### ഒന്നാം റൂശ്മാ

*രഹസ്യം (കൈകൂപ്പി)*

ഞങ്ങളുടെ ഈ ശുശ്രൂഷയുടെ പങ്കാളിത്വത്തിനു ഞങ്ങളെ നിയമിക്കുകയും മാനുഷിക ബോധങ്ങൾക്കു ജ്ഞാനം നല്കുകയും ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും പരിശോധിക്കുകയും ചെയ്യുന്ന പരിശുദ്ധ സൈന്യങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ കരുണാബഹുലതയാൽ ഞങ്ങളെ ശ്രദ്ധിച്ച് ജഡത്തിന്റെയും ആത്മാവിന്റെയും സകല കളങ്കങ്ങളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ. മേഘങ്ങൾ പോലെ ഞങ്ങളുടെ പാപങ്ങളും മൂടൽമഞ്ഞു പോലെ ഞങ്ങളുടെ കടങ്ങളും കടത്തിക്കളയണമെ. നിന്റെ ശക്തികൊണ്ടും നിന്റെ ഏകജാതനാം പുത്രന്റെ കൃപ കൊണ്ടും സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായുടെ പ്രവർത്തനം കൊണ്ടും ഞങ്ങളെ നിറയ്ക്കണമെ. നിന്റെ പുതിയ നിയമ ശുശ്രൂഷക്കാരാകുവാൻ ഞങ്ങളെ അർഹരാക്കണമെ. തിരുമുമ്പാകെ നിന്നു നിന്റെ ദിവ്യ രഹസ്യങ്ങളെ ശുശ്രൂഷിച്ചാചാര്യവേല ചെയ്യുവാൻ നിന്റെ പരിശുദ്ധ തിരുനാമത്തിനു യോഗ്യതയുള്ളവരായി ഞങ്ങളെ കണ്ടെത്തുമാറാകണമെ. അന്യ പാപങ്ങൾക്കു


സംബന്ധികളായി ഞങ്ങളെ വിടാതെ ഞങ്ങൾക്കുള്ളവയേയും മായിച്ചു കളയണമെ. കർത്താവേ! യാതൊന്നും ഉപേക്ഷയായി പ്രവർത്തിക്കാതിരിപ്പാൻ ഞങ്ങൾക്കു സംഗതിയാക്കണമെ.

**പരസ്യം**(കൈകളുയർത്തി)

എന്തെന്നാൽ നിന്നെ വിളിക്കുന്നവരായ സകലർക്കും നീ ആർദ്രതയുള്ളവനും വളരെ കരുണയുള്ളവനുമാകുന്നുവല്ലോ. നിനക്കും നിന്റെ പുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതി. ഹോശോ.....ആമ്മീൻ.

**23-ാം മസുമൂർ. മൂന്നാം രാഗം***(നൽകുക നന്മൊഴി...)*

1. **മേയിച്ചിടുമെന്നെ കർത്തനെനിക്കുണ്ടാവില്ലൊരു കുറവും-ഹാ-**
   **പുഷ്ടിയെഴും പുൽമാലികളിലവനെന്നെ വസിപ്പിക്കും.**
2. **നിശ്ചല ജലമതിലേക്കെന്നെ നടത്തും-ഹാ-**
   **സത്യമതാം വഴികളിലെന്നെ നയിച്ചീടും.**
3. **തിരുനാമത്തെ പ്രതി മരണ നിഴൽ താഴ് വരയിൽ നട കൊണ്ടാലും-ഹാ-**
   **ദോഷമതൊന്നും ഞാൻ പേടിക്കില്ലെൻ കൂട്ടത്തിൽ നീയുള്ളതിനാൽ.**
4. **നിൻ വടി ദണ്ഡുകളാശ്വാസമെനിക്കേകി-ഹാ-**
   **എന്നരികൾക്കെതിരെൻ മുമ്പിൽ നീ മേശയൊരുക്കി.**
5. **തൈലം കൊണ്ടെൻ തല നീ പരിപുഷ്ടമതാക്കി ജീവനെഴും-**
   **പോലെൻ പാത്രമതുജ്ജ്വലമാം -ഹാ - ഹാ - ഹാ.**
6. **നിൻ കൃപ കരുണകളായുഷ്ക്കാലമതെല്ലാ മെന്നെ പിൻ പറ്റി ഈശൻ**
   **തന്നാലയമതിലമരും ഞാൻ ചിരകാലം. ഹാ - ഹാ - ഹാ.**



*ബലിപീഠങ്ങളും തബലൈത്താകളും എല്ലാം വരച്ചു കഴിയുമ്പോൾ മേല്പട്ടക്കാരൻ ധൂപക്കുറ്റി വാങ്ങി -ധൂപമിട്ട് ബലിപീഠങ്ങൾ മേലും തബലൈത്താകൾ മേലും ധൂപം ആഘോഷിക്കുകയും ദർഗ്ഗായിൽ നിന്നും താഴെ ഇറങ്ങി മദ്ബഹയായിൽ നില്ക്കുന്നവർക്കും ജനത്തിനും ധൂപം വീശുകയും ചെയ്യുന്നു. ധൂപ ശേഷം 23-ാം മസുമൂർ ചൊലുത്ത് നിർത്തിക്കൊണ്ട് ദർഗ്ഗായുടെ താഴെ നിന്നു കൊണ്ട് താഴെ കൊടുത്തിരിക്കുന്ന ഗാനം ചൊല്ലുന്നു.*

**ശുബഹോ...............മെനഓലം**

## *ഗാനം*

*(സീയോൻ കോട്ടയിൽ.......പോലെ)*

1. **പരിശുദ്ധൻ നീ ദേവേശാ - ശുദ്ധത നിന്നീന്നൊഴുകുന്നു**
**പൗരോഹിത്യം നീ നൽകി - നിന്നടിയാരാചാര്യന്മാർ**
**അർപ്പിച്ചീടും യാഗങ്ങൾ - കൈക്കൊൾവോനും നീ തന്നെ**
**അനുതാപികളുടെ കുറ്റങ്ങൾ - മോചിപ്പോനും നീയല്ലോ**
**ദേവേശൻ തൻ കുഞ്ഞാടേ! - നീ കനിവാൽ സ്വയമായ് നൽകി**
**നിന്തിരുബലിയർപ്പണമതിനാൽ - ഭുവനത്തിൻ പാപം പോക്കി**
**വൈദികരേവരുമേ! നിങ്ങൾ - തിരുനാമം വാഴ്ത്തേണ്ണേക്കും.**
2. **സീനായ് മലയിൽ വചനേശാ! - താതനൊടൊപ്പം രഹസ്യത്തിൽ**
**നീ വെളിവായ് ലേവ്യൻ മോശ - യ്ക്കേകീ നിയമം ക്ഷണികമതാം**
**പരികർമ്മത്തിൻ ശുശ്രൂഷ - ശ്ലീഹന്മാർക്കാ മാളികയിൽ**
**പാവന റൂഹായേ നൽകി - വിസ്മയ പൂർവ്വം ഭാഷിപ്പാൻ**
**പരിപൂർണ്ണത നൽകി നിറച്ചി - ട്ടവരെ നിയോഗിച്ചത്യധികം**
**അട്ടഹസിച്ചുര ചെയ്തീടാൻ - വൈദികരേവരുമേ! നിങ്ങൾ**
**തിരുനാമം വാഴ്ത്തേണ്ണേക്കും**

## *പ്രൊമിയോൻ*

തലവനില്ലാത്ത തലവനും, പരിശുദ്ധ സഭയെ തനിക്കായി തെരഞ്ഞെടുത്തതിനാൽ മൂലകാരണമായി തലവനോടു കൂടി അറിയപ്പെടുന്നവനും, സംക്ഷേപിക്കപ്പെടാത്ത പിതാവും, വിവക്ഷിക്കപ്പെടാത്ത പുത്രനും പരിശോധിക്കപ്പെടാത്ത റൂഹായും, ജനിക്കാത്തവനും ജനിപ്പിച്ചവനുമായ പിതാവും, ജനിച്ചവനും ജനിപ്പിക്കാത്തവനുമായ പുത്രനും, പിതാവിൽ നിന്നും പുറപ്പെടുന്നവനും പുത്രനിൽ നിന്നും എടു

ക്കുന്നവനുമായ റൂഹായും, സ്വയം ഭൂവും സ്വയം ഭൂപുത്രനും, ആരാധനയിൽ തന്നോടു ചേരുന്ന പ്രകൃതമോ, ബഹുമാനത്തിൽ തന്നോടു സംസർഗ്ഗം ചെയ്യുന്ന ക്നൂമായോ ഇല്ലാത്ത സ്വയം ഭൂവിൽ നിന്നുള്ളവനും, ദൈവത്വമുള്ളവരും, ആ ദൈവത്വത്തെ ഉണ്ടായതും ഉള്ളതും ഉണ്ടാകുന്നതുമായ സകല സൃഷ്ടിയും ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുന്ന മൂന്നിൽ ഒന്നും, ഒന്നിൽ മൂന്നുമായ പരിശുദ്ധ ഏക പിതാവിനും പരിശുദ്ധ ഏക പുത്രനും പരിശുദ്ധ ഏക റൂഹായ്ക്കും ഈ നേരത്തും സകല പെരുന്നാളുകളിലും... നിരന്തര സ്തുതിയും സാഷ്ടാംഗ വന്ദനയും ഉണ്ടായിരിക്കട്ടെ. ബ്കുലഹൂൻ...........ആമ്മീൻ.

## *സെദറാ*

ഞങ്ങളുടെ ദൈവമായ മിശിഹാ! പരിശുദ്ധ സഭയുടെ സത്യമണവാളനായുള്ളോവേ! സകലത്തെയും സൃഷ്ടിക്കുന്ന നിന്റെ കൈവെള്ളമേൽ ലോകാവസാനത്തോളം ഉപദേശ യോഗ്യതയിൽ നിലനില്പാൻ തക്കവണ്ണം അവർണ്ണനീയരായ അവളുടെ നിവാസികളെ നീ സ്ഥിരപ്പെടുത്തിയിരിക്കുന്നു. നിബിയന്മാരിൽ മഹാനായ ദാവീദ് അവളുടെ ഔന്നത്യത്തെപ്പറ്റി, ദൈവം അവളുടെ ഉള്ളിൽ ഉണ്ട്. അവൾ ഭയപ്പെടുകയില്ല എന്നു പറഞ്ഞുകൊണ്ട് പ്രവചിച്ചു. എന്തെന്നാൽ രക്ഷാകരമായ തന്റെ വ്യാപാരകാലമാകുന്ന പ്രഭാതവേളയിൽ ദൈവം അവളെ സഹായിക്കും. അപ്പോൾ തന്റെ പരിശുദ്ധ മാലാഖമാരോടു കൂടെ തന്റെ പിതാവിന്റെ മഹത്വത്തിൽ താൻ ഉദയം ചെയ്യും. ആകയാൽ പ്രകാശ മണവാട്ടിയുടെ കൂദാശയാകുന്ന ഈ പരിശുദ്ധ പെരുനാളിനെ ഞങ്ങളെല്ലാവരും ആചരിക്കുകയും വിശുദ്ധാത്മ ഗാനങ്ങളാൽ ആഘോഷിച്ചുകൊണ്ടു പറയുകയും ചെയ്യുന്നു. ദിവ്യ സഹായങ്ങൾ നിറഞ്ഞിരിക്കുന്ന ഭണ്ഡാരമായിത്തീർന്നിരിക്കുന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ദൈവം അതിൽ ഇരിപ്പാനായിട്ടു തെരഞ്ഞെടുത്ത പർവ്വതമായിത്തീർന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതി. ദൈവിക കാര്യങ്ങൾ പാടിയിട്ടുള്ള തന്റെ വചനം പോലെ തന്റെ ബഹുമാനത്തിന്റെ ആരാധനയ്ക്കായി രാജാക്കന്മാരെ തങ്ങളുടെ കിരീടങ്ങളോടു കൂടി നിന്റെ അടുക്കലേക്കു മശിഹാ കൂട്ടി കൊണ്ടുവന്ന പരിശുദ്ധ സഭേ! നിനക്കു ഭാഗ്യം. മഹത്വമുള്ളവനായ ഏശായ പ്രവാചകന്റെ വചനം പോലെ നീതി

നിന്നിൽ വസിക്കുന്നുവെന്ന പരിശുദ്ധ സഭയേ! നിനക്കു ഭാഗ്യം. ശലോമോൻ രാജാവ് അവന്റെ ഉപമകളിൽ ജ്ഞാന സമുദ്രമെന്നു നാമകരണം ചെയ്തിട്ടുള്ള പരിശുദ്ധ സഭേ! നീ ഭാഗ്യവതി. നിബി വാക്യം പോലെ യോഗ്യമായ നിന്റെ സൗന്ദര്യം മുഴുവനും ഉള്ളിൽ നിന്നു പ്രകാശിക്കുന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ഉന്നതമായ് സീനായ് പർവ്വതത്തിൽ വച്ച് നിന്റെ ദൃഷ്ടാന്തം നിറയുന്ന രഹസ്യം നിബിയന്മാരിൽ വലിയവനായ മോശയ്ക്കു കാണപ്പെട്ടുവെന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. പാതാളത്തിന്റെ ഓടാമ്പലുകൾ നിന്നെ ദുർബ്ബലപ്പെടുത്തുകയില്ലെന്നു നിനക്കു വിവാഹം നിശ്ചയം ചെയ്യപ്പെട്ട മണവാളൻ നിന്നോടു വാഗ്ദത്തം ചെയ്തുവെന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. സ്വർഗ്ഗീയ രാജാവ് സമാധാനത്തിൽ നിന്റെ അതിർത്തികൾ നിശ്ചയിച്ച പരിശുദ്ധ സഭേ! നിനക്കു ഭാഗ്യം. മൂലക്കല്ലായവൻ ശെമഓൻ കീപ്പാഏറ്റു പറഞ്ഞ വിശ്വാസത്തിന്മേൽ നിന്റെ അടിസ്ഥാനങ്ങൾ സ്ഥിരപ്പെടുത്തിയെന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ദിവ്യനായ പൗലോസ് നിന്റെ കെട്ടു പണിക്കു ശില്പിയായിത്തീർന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ജയമുള്ള നിന്റെ സ്ലീബായാൽ മശിഹാ നിന്റെ മണവറയെ അലങ്കരിച്ചു ശരിപ്പെടുത്തിയ പരപരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. നിന്റെ പ്രകാശം അടുത്തിരിക്കുന്നതിനാൽ എഴുന്നേറ്റു പ്രകാശിക്കുക എന്നു ഏശായ നിന്നെപ്പറ്റി പറഞ്ഞിട്ടുള്ള പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ക്രൂബേന്മാരുടെ മേൽ ഇരിക്കുന്ന അത്യുന്നതൻ നിന്റെ കൊമ്പിനെ ഉയർത്തി ബോധവിധേയമായ നിന്റെ അഗ്രങ്ങളെ വിസ്തീർണ്ണതപ്പെടുത്തിയ പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ഏവൻഗേലിയോന്യ സത്യം നിന്റെ ഉള്ളിൽ പ്രസംഗിക്കപ്പെടുന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. നിബിയന്മാരിൽ പ്രധാനി നിന്നെപ്പറ്റി അറിയിച്ച പ്രകാരം ഇനി നിന്റെ വാതിലുകൾ രാത്രിയിലോ പകലോ അടയ്ക്കപ്പെട്ടിരിക്കുകയില്ലെന്നുള്ള പരിശുദ്ധ സഭേ! നീ ഭാഗ്യവതിയാകുന്നു. ആകയാൽ കർത്താവേ! ഈ സുഗന്ധ ധൂപം മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. പരിശുദ്ധ സഭയുടെ കൊമ്പിനെ ഉയർത്തി അതിന്റെ ഇടയന്മാരെ ആഹ്ലാദിപ്പിക്കണമെ. അതിലെ ആചാര്യന്മാരെ തേജസ്ക്കരിക്കുകയും ശെമ്മാശ്ശന്മാരെ

പ്രാഭവപ്പെടുത്തുകയും ചെയ്യണമെ. യുദ്ധങ്ങളെയും പോരാട്ടങ്ങളെയും സമാധാനപ്പെടുത്തണമെ. പാപികൾക്കും കുറ്റക്കാർക്കും പരിഹാരം കൊടുക്കണമെ. ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ടു ഞങ്ങളെയും ഞങ്ങളുടെ മരിച്ചു പോയവരെയും വിശ്വാസികളായ സകല മരിച്ചു പോയവരെയും നിന്റെ വലത്തു ഭാഗത്തുള്ള നിലയ്ക്കും നിന്റെ ശ്രേഷ്ടതയുടെയും നിന്റെ പിതാവിന്റെയും നിന്റെ ജീവനുള്ള പരിശുദ്ധ റൂഹായുടെയും സ്തുതിക്കും യോഗ്യരാക്കണമെ. ഹോശോ..........ആമ്മീൻ.

## മൂറോൻ കൂടാതെയുള്ള രണ്ടാം റൂശ്മ

*നോട്ട് :- മൂറോൻ കൂടാതെയുള്ള രണ്ടാം റൂശ്മ ഒന്നാം റൂശ്മാ പോലെ തന്നെ (അതായത് ദർഗ്ഗായിൽ നിന്നുകൊണ്ട് രഹസ്യപ്രാർത്ഥന, പരസ്യപ്രാർത്ഥന, മസ്മൂർ ചൊല്ലിക്കൊണ്ട് റൂശ്മാ ചെയ്യുക, ഒടുവിൽ ധൂപം വീശുക എന്നിവ തന്നെ) രണ്ടാമത്തെ റൂശ്മാ ബലിപീഠത്തിന്റേയും തബലൈത്താകളുടേയും മദ്ധ്യത്തിൽ മൂറോൻ കൂടാതെ ചിത്രത്തിൽ കാണുന്ന വിധം കിഴക്കു പടിഞ്ഞാറും വടക്കു തെക്കുമായി തള്ളവിരൽ കൊണ്ട് സ്ലീബാ ആകൃതിയിൽ വരയ്ക്കുന്നു.*

### *രഹസ്യം*

ദാനങ്ങൾ നൽകുന്നവനും മാനസഗോചരമായ പൂർണ്ണതകൾ പ്രദാനം ചെയ്യുന്നവനും പൂർണ്ണനാക്കുന്നവനും പൂർത്തീകരിക്കുന്നവനുമായ കർത്താവേ! പരിശുദ്ധറൂഹായുടെ പൂർണ്ണവും പരിപൂർണ്ണവുമായ ദാനങ്ങളാൽ പരിശുദ്ധ ശ്ലീഹന്മാരെ പൂർത്തീകരിച്ചു നിറയ്ക്കുന്നവുമായുള്ളോവേ! അഗ്നിമയമായ നാവുകളുടെ രൂപത്തിൽ അവനേ അവരുടേ മേൽ നീ അയച്ചു. ഇപ്പോഴും കർത്താവേ! നിന്റെ കൃപാദാനത്തെ ഞങ്ങളുടെ മേൽ നീ ചൊരിയണമെ. ഞങ്ങളിൽ നിന്നും സകല വഞ്ചനയും സകല വിധ ദോഷങ്ങളും നിയമരഹിതമായ സകലചതികളും മായിച്ച് ഉന്മൂലനം ചെയ്യണമെ. പരിശുദ്ധവും പരിപൂർണ്ണവുമായ നൽവരങ്ങളാൽ ഞങ്ങളെ അലങ്കരിക്കേണമെ. സമൃദ്ധമായ ദാനങ്ങൾകൊണ്ട് ഞങ്ങളെ പ്രാഭവപ്പെടുത്തണമെ. നിനക്കു യോഗ്യമായ സുകൃതകർമ്മങ്ങൾ ഞങ്ങളിൽ നട്ടു പിടിപ്പിക്കണമെ.

*പരസ്യം*


ഞങ്ങൾ അടക്കംകൂടാതെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി പാടും. ഹോശോ.... ആമ്മീൻ.

**മസ്മൂർ - 26 ഏഴാം രാഗം** *മോദിക്കട്ടെപരം നാഥാ........ പോലെ.*

1. **നിഷ്കപടതയിൽ ഞാൻ നടകൊണ്ടതിനാൽ-ഹാ. ഹാ.**
   **നാഥാ! ന്യായം പാലിക്കെൻ പേർക്കായ്**
2. **കർത്താവെന്നാലംബം ഞാനിളകുകയില്ല-ഹാ. ഹാ.**
   **വീക്ഷിച്ചെന്നകതാരും ഹൃദയമതും ശോധന ചെയ്തു പരീക്ഷിക്കമമെ.**
3. **നിൻ കൃപയെന്നഭിമുഖമായ് നിലകൊണ്ടു-ഹാ. ഹാ.**
   **വിശ്വാസത്തൊടു ഞാൻ നടകൊണ്ടു.**
4. **ദുഷ്ടരൊടൊപ്പമിരുന്നില്ലാ ഞാൻ-ഹാ. ഹാ.**
   **നിന്ദ്യന്മാരൊടു ചേർന്നതുമില്ല.**
5. **ദുഷ്ട സമൂഹം ഞാൻ ദ്വേഷിച്ചേൻ-ഹാ. ഹാ.**
   **നീചരുമൊപ്പം ഞാനിരുന്നില്ല.**
6. **കരമതു കഴുകി വെടിപ്പാക്കീ നാഥാ നിൻ ബലിപീഠം ചുറ്റി-ഹാ. ഹാ.**
   **നിൻ സ്തുതി ശബ്ദം കേൾപ്പാനും അത്ഭുത ചെയ്തികൾ വർണ്ണിപ്പാനും.**

## ശുഹലോപ്പോ

1. **നിന്നാലയസേവനവും നിൻ മഹിത നിവാസസ്ഥലവും**
   **ഞാൻ സ്നേഹിച്ചേൻ നാഥാ! ഹാ. - ഹാ. - ഹാ. - ഹാ.**
2. **പാപികളാം നിന്നെ പാതകരൊപ്പം ശൂന്യമതാക്കരുതെൻ**
   **ജീവൻ ഹാ. - ഹാ. - ഹാ. - ഹാ.**
3. **അവരുടെ കൈയ്യിൽ വൻ ചതിയും വലതുകരം**
   **നിറയെക്കോഴകളും ഹാ. - ഹാ. - ഹാ. - ഹാ.**
4. **നിർമ്മലമായ് ഞാൻ നടകൊണ്ടു. പരിരക്ഷിച്ചരുളുക**
   **കാരുണ്യം ഹാ. - ഹാ. - ഹാ. - ഹാ.**
5. **മമപാദം ശരിയായ് നിർത്തീട്ടെൻ നാഥനെ ഞാൻ**
   **വാഴ്ത്തീടും ഹാ. - ഹാ. - ഹാ. - ഹാ.**




*ധൂപശേഷം മസ്മൂർ ചൊല്ലുന്നതു നിർത്തിക്കൊണ്ട് താഴെക്കൊടുത്തിരിക്കുന്ന ഗാനം ദർഗ്ഗാ യുടെ താഴെ നിന്നുകൊണ്ട് ചൊല്ലുന്നു.*

**ശുബഹോ...........മെനഓലം**

### *ഗാനം*

*സീയോൻ കോട്ടയിൽ......... പോലെ.*

**ശാന്തികരൻ പരനിൽ നിന്നും - ഏശായാ നിബിയാം മുഖ്യൻ**
**നിറവായ് പ്രാപിച്ചൊരു കൃപയേ - ഞങ്ങൾക്കും ദാനം ചെയ്തു**
**ദൈവമതായ് നിന്നേ മശിഹാ! - ബോധിച്ചീടുന്നൂ ഞങ്ങൾ**
**ഞങ്ങടെ കുല പരിരക്ഷാർത്ഥം - നീ തന്നെ യുലകിൽ വന്നു**
**വിലയേറും രക്തം ചിന്തി - താതവരൻ തന്നരികളെ നീ**
**തന്നൊടു രഞ്ജനയിൽചേർത്തു.**

## മൂറോൻ കൂടാതെയുള്ള മൂന്നാം റൂശ്മ

*നോട്ട്:- മൂന്നാം റൂശ്മ ഒന്നും രണ്ടും റൂശ്മകൾ പോലെ തന്നെ. ദർഗ്ഗായിൽ നിന്നു കൊണ്ട് മൂന്നാം റൂശ്മാ തെക്കുവശത്തും പടിഞ്ഞാറുവശത്തുമായി ആദ്യം കിഴക്കു പടി ഞ്ഞാറും പിന്നീടു വടക്കു തെക്കുമായി ചിത്രത്തിൽ കാണുന്നതുപോലെ വരയ്ക്കണം. അതിനു ശേഷം ധൂപം വയ്ക്കുന്നു.*

### *രഹസ്യം*

സകലവും പരിശോധിക്കുകയും ഹൃദയവിചാരങ്ങളുടെ രഹസ്യ

അറകളെ തപ്പി നോക്കുകയും ചെയ്യുന്നവനായ പരിശുദ്ധ റൂഹാ! സൃഷ്ടി പ്രധാനിയെ മരിപ്പിച്ച് പറുദീസായിൽ നിന്നും ഞങ്ങളെ ബഹിഷ്കൃതരാക്കിയ വൃക്ഷത്തിന്റെ മരിപ്പിക്കുന്ന സകല കൈപ്പിൽ നിന്നും രുചിയിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമെ. ജീവിപ്പിക്കുന്നതും ജീവനുണ്ടാക്കുന്നതും കർത്തൃപരവുമായ നിന്റെ ദാനങ്ങളുടെ മതിവരാത്ത മാധുരി കൊണ്ട് ഞങ്ങളെ നിറച്ച് നിന്റെ കൃപാദാനങ്ങളാൽ നിന്റെ സഭയേ പൂർണ്ണമാക്കി. വഞ്ചന കൂടാതെ നിന്റെ ഇടവകയെ അലങ്കരിച്ച് ശത്രൂക്കളുടെ സകല കഠിന പോരാട്ടങ്ങളിൽ നിന്നും ദുഷ്ടരും അധർമ്മികളുമായ മനുഷ്യരുടെ ദോഷത്തിൽ നിന്നും അതിനെ കാത്തു കൊള്ളണമെ.

*പരസ്യം*

അങ്ങനെ ദിവ്യ സ്തുതികൾ മുഴക്കിക്കൊണ്ട് നിന്നെയും നിന്റെ പിതാവിനെയും നിന്റെ ജീവനുള്ള പരിശുദ്ധ റൂഹായേയും അവൾ നിരന്തരമായി മഹത്വപ്പെടുത്തുമാറാകണമെ. ഹോശോ........ആമ്മീൻ.

**മസുമൂർ 132:- കർത്താവേ! ദാവീദിനെയും അവന്റെ വിനയം മുഴുവനെയും നീ ഓർക്കണമെ.**


**സൂഗീസോ:-** പരിശുദ്ധൻ നീ-പരിശുദ്ധൻ-പരിശുദ്ധൻ
കർത്താവേ-വാനം നിന്നാൽ നിറയുന്നു
നിന്മഹിമകളാലേ ഭൂവും

**കർത്താവിനോടു അവൻ സത്യം ചെയ്തു. യാക്കോബിന്റെ ദൈവത്തിനു അവൻ നേർച്ച നേർന്നു.**

**സൂഗീസോ:-** പരിശുദ്ധൻ നീ-പരിശുദ്ധൻ-പരിശുദ്ധൻ
കർത്താവേ! - വാനം നിന്നാൽ നിറയുന്നു
നിന്മഹിമകളാലേ ഭൂവും

**കർത്താവിനു ഒരു സ്ഥലവും യാക്കോബിന്റെ ദൈവത്തിനു വാസസ്ഥാനവും കാണുവോളം എന്റെ ഭവനമാകുന്ന കൂടാരത്തിലേക്കു ഞാൻ പ്രവേശിക്കുകയില്ല. എന്റെ കട്ടിൽ വിരിയിലേക്കു ഞാൻ കയറുകയില്ല. എന്റെ കണ്ണുകൾക്കു നിദ്രയും കൺപോളകൾക്കു മയക്കവും കൊടുക്കുകയില്ല.**

**സൂഗീസോ:-** **പരിശുദ്ധൻ നീ-പരിശുദ്ധൻ-പരിശുദ്ധൻ**
**കർത്താവേ! - വാനം നിന്നാൽ നിറയുന്നു**
**നിന്മഹിമകളാലേ ഭൂവും**




വി.മൂറോൻ കൂടാതെയുള്ള മൂന്നാം റൂശ്മ

ധൂപശേഷം ദർഗ്ഗായുടെ താഴെ നിന്നുകൊണ്ട് താഴെക്കൊടുത്തിരിക്കുന്ന ഗാനം ചൊല്ലുന്നു.

**ശുബഹോ............മെനഓലം**

*മുടികൾ മുടഞ്ഞൊട്ടിത്തകിടും / മശിഹാ ജീവിച്ചെഴുന്നേറ്റൂ........ എന്ന രീതി*

1. **ആചാര്യ പ്രമുഖൻ തന്റെ - പാവന കൈയ്യാൽ ബലിപീഠം**
**ശുദ്ധീകൃതയായ് റൂഹാ തൻ - ആയുധ വർഗ്ഗമണിയുന്നു.**

**മസ്മൂർ-132:- കണ്ടാലും ഓഫർത്തായിൽ അവളേഷറ്റി കേട്ടു. മൈതാനങ്ങളിലവളേ കണ്ടെത്തി. അവന്റെ കൂടാരത്തിലേക്ക് പ്രവേശിച്ച് അവന്റെ പാദപീഠം വന്ദിക്കാം. കർത്താവേ! നിന്റെ വിശ്രമസ്ഥലത്തേക്ക് നീ നിന്റെ പെട്ടകവുമായി എഴുന്നെള്ളണമെ.**

2. **ശുദ്ധീകൃതമാം ബലിപീഠം - മുഖ്യാചാര്യപ്പാണികളാൽ**
**തൈലത്താലും റൂഹാ തൻ - കൃപയിന്നധിവാസത്താലും.**

**മസുമൂർ: നിന്റെ പുരോഹിതന്മാർ നീതി ധരിക്കുകയും നിന്റെ നീതിമാന്മാർ മഹത്വം അണിയുകയും ചെയ്തു. നിന്റെ ദാസനായ ദാവീദു നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖം തിരിപ്പിക്കരുതേ. നിന്റെ ഉദരഫലത്തിൽ നിന്നും നിന്റെ സിംഹാസനത്തിന്മേൽ ഞാനിരുത്തുമെന്നു കർത്താവു ദാവീദിനോടു ആണയിട്ടു പറഞ്ഞു. അതിൽ നിന്നുമവൻ പിന്തിരിയുകയുമില്ല.**

3. നിന്നാസ്ഥാനത്തിന്നീശാ - നിർമ്മിതമായ് ശുദ്ധാഗാരം
നിൻ കരമതിനേ സ്ഥിരമാക്കി - വാണീടണമതിലെന്നാളും

**മസുമൂർ: നിന്റെ മക്കൾ എന്റെ ഉടമ്പടിയും ഞാനവരേ പഠിപ്പിക്കുന്ന ഈ സാക്ഷ്യവും പാലിക്കുമെങ്കിൽ അവരുടെ മക്കളിൽ നിന്നും നിന്റെ സിംഹാസനത്തിൽ എന്നേക്കും ഇരിക്കും. കർത്താവു സെഹിയോനേ ഇഷ്ടപ്പെടുകയും അതിനെ തന്റെ വാസസ്ഥലമായി തെരഞ്ഞെടുക്കുകയും ചെയ്തു. അതു എന്നേക്കും എന്റെ വിശ്രാമസ്ഥലമാകുന്നു.**

4. നിന്മാനത്തിന്നാലയ്മായ് - പാവന സഭയേ നീ തീർത്തു
സുസ്ഥിരമതു നില നിന്നീടാൻ - വാണീടണമതിലെന്നാളും.

**മസുമൂർ: അതിനോടുള്ള താല്പര്യം നിമിത്തം അവിടെ ഞാനരിക്കും. അതിലേ നായാട്ടുകാരേ ഞാൻ വാഴ്ത്തും. അതിലേ ദരിദ്രന്മാരേ അപ്പം കൊണ്ടു ഞാൻ തൃപ്തരാക്കും. അതിലേ പുരോഹിതന്മാരേ രക്ഷ ധരിപ്പിക്കും. അതിലെ പുണ്യവാന്മാരേ മഹത്വം അണിയിക്കുകയും ചെയ്യും.**

5. സംരക്ഷണ പട്ടക്കാരേ - പരിപക്വത പരിചാരകരെ
പുണ്യം പ്രഭ പരിശുദ്ധിയതും - അഖില ഗണത്തെയുമണിയിക്ക

**മസുമൂർ: അവിടെ ദാവീദിനൊരു കൊമ്പു മുളപ്പിക്കും. തന്റെ അഭിഷിക്തനൊരു ദീപം പ്രകാശിപ്പിക്കും. അവന്റെ ശത്രുക്കളെ ലജ്ജ ധരിപ്പിക്കും. എന്റെ വിശുദ്ധി അവന്റെ മേൽ വർദ്ധിച്ചിരിക്കും.**

**6. നിന്മാനത്തിനു നീ ചേർത്ത - സഭ നിന്നൊടു കേണോതുന്നു**
**നിന്റെ സ്നേഹത്തിൻ നേർ വഴിയിൽ - ശരിയായെന്നെ നടത്തണമെ.**
**ശുബഹോ.................**

**7. ഒന്നതു മൂന്നായ്-മൂന്നൊന്നായ് - പിതൃസുത പരിശുദ്ധാത്മാവായ്**
**സ്ഥിതി ചെയ്തീടുന്നോരേകൻ - സത്യപരന്നെന്നും സ്തോത്രം. മെനഓലം....**

**8. പരിശുദ്ധൻ നീ പരിശുദ്ധൻ - പരിശുദ്ധൻ നീ കർത്താവേ!**
**വാനം നിന്നാൽ നിറയുന്നു - നിന്മഹിമകളാലേ ഭൂവും.**

## *സ്സൂസോ*

അശരീരികളായ സൈന്യങ്ങളാൽ വിശുദ്ധിയോടു കൂടി വിശുദ്ധി ചൊല്ലപ്പെടുകയും ഭൗമിക സംഘങ്ങളിൽ ഭൗമിക അധരങ്ങളാൽ വിശുദ്ധി പാടപ്പെടുവാൻ തിരുമനസ്സാകുകയും ചെയ്ത പരിശുദ്ധന്മാരുടെ പരിശുദ്ധനായുള്ളോവേ! നിന്നിൽ നിന്നുള്ള വിശുദ്ധിയാൽ ഞങ്ങളെ വിശുദ്ധീകരിക്കണമെ. നിന്റെ കൂദാശകളാൽ ഞങ്ങളെ പൂർത്തീകരിക്കണമെ. വിശിഷ്ടമായ വായ്കളാലും ദൈവീകങ്ങൾ സംസാരിക്കുന്ന നാവുകളാലും നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിപ്പാൻ തക്കവണ്ണം നിന്റെ ശുശ്രൂഷയ്ക്കു തെരഞ്ഞെടുക്കപ്പെട്ട പാത്രമായി ഞങ്ങളെയാക്കി തീർക്കേണമേ. ഹോശോ.....ആമ്മീൻ.

## ലുത്തിനിയാ (കോറൂസൂസോ)

**നാമെല്ലാവരും നല്ലവണ്ണം നിന്നു ദുഃഖത്തോടും സങ്കടത്തോടും ദൈവത്തെ നിരപ്പാക്കുന്ന ശബ്ദങ്ങളാലും കുറിയേലായിസ്സോനെന്നു അട്ടഹസിച്ചു പറയണം. കുറിയേ...........**

**സത്യപ്രധാനാചാര്യനും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമാകുവാൻ തിരുമനസ്സായ ഞങ്ങളുടെ മശിഹാ തമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**ജഡത്തിലുള്ള നിന്റെ ആഗമനം മൂലം ന്യായ പ്രമാണപരവും നിഴലായതുമായ ശുശ്രൂഷയെ ആത്മീയവും യഥാർത്ഥവുമായി ആക്കിത്തീർത്തവനായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ.............**

**ജീവൻ നൽകുന്ന നിന്റെ സ്ലീബായേയും വന്ദനീയവും പൂർവ്വീകവുമായ ബലിപീഠത്തേയും നിന്റെ രക്തത്താൽ ശുദ്ധീകരിക്കുകയും അതി**

**ന്മേൽ പിതാവാം ദൈവത്തിനു ജീവനുള്ളതും വിശിഷ്ട ബുദ്ധിയുള്ളതുമായ ബലിയായി നിന്നെത്തന്നെ അർപ്പിക്കുകയും ചെയ്ത ദൈവത്തിന്റെ പരമാർത്ഥവും കളങ്കമില്ലാത്തതുമായ കുഞ്ഞാടേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**കാളകളുടെ രക്തത്താലും തരാതരത്തിലുള്ള വിവിധ തളിപ്പുകളാലും തിരുനിവാസ ബലിപീഠങ്ങളെ വെടിപ്പാക്കി ശുദ്ധീകരിപ്പാൻ കല്പിക്കുകയും യഥാർത്ഥമായ ആത്മീയ മദ്ബഹാകളെ വിശുദ്ധാത്മാവിനാലും രഹസ്യ സൂചകമായ തൈലത്താലും, ആചാര്യ സംബന്ധമായ പ്രാർത്ഥനകളാലും വിശുദ്ധീകരിക്കണമെന്നു നിയോഗിക്കുകയും ചെയ്തവനായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ.....**

**ഏലിയായ്ക്കു അഗ്നി അയച്ചവനും, ജീവപ്രദനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ റൂഹായേ! ഈ ബലിപീഠത്തിന്മേൽ അയക്കുന്നവനുമായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ.........**

**സത്യ വിശ്വാസത്തിൽ വ്യതിചലിക്കാത്തവരും ഇളകിപ്പോകാത്തവരുമായും കുറ്റമില്ലാത്ത നടപടികളാൽ അവസാന ശ്വാസത്തോളം നിലനില്ക്കുന്നവരായും ഞങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു വേണ്ടി നിന്നോടു ഞങ്ങൾ അപക്ഷിക്കുന്നു. കുറിയേ......**

**സകലപട്ടണങ്ങളിലും ദേശത്തും കാണപ്പെടുന്ന പള്ളികളുടെ നിരഷിനു വേണ്ടിയും ദയറാകളുടെ സമാധാനത്തിനു വേണ്ടിയും കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ.........**

**സമീപസ്ഥരായ നമ്മുടെ മാതാ പിതാക്കൾക്കു വേണ്ടിയും സഹോദരീ സഹോദരങ്ങൾക്കു വേണ്ടിയും അന്യോന്യം നാം ഓരോരുത്തർക്കു വേണ്ടിയും കർത്താവിനോടു നാം അധികമായി അപേക്ഷിക്കണം. കുറിയേ.......**

**നിനക്കു സകലത്തിലും ബഹുമാനമുള്ളതും സകലത്തിലും അടുത്തതുമായ സമ്പാദ്യങ്ങളായ ഞങ്ങൾ ഞങ്ങളെത്തന്നെ നിനക്ക് സ്വീകാര്യബലിയായി അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. എന്നു ഞങ്ങളുടെ സത്യ ദൈവമായ മശിഹാ തമ്പുരാനേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നാം അട്ടഹസിച്ച് മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്നു പറയണം. കുറിയേ.... കുറിയേ.... കുറിയേ....**

# മൂറോൻ കൊണ്ടുള്ള റൂശ്മാകൾ

*പ്രാരംഭമായി ക്രമത്തിൽ കാണുന്ന പ്രകാരം രഹസ്യം, പരസ്യം, ശ്ലോമ്മോ, വീണ്ടും രഹസ്യം, പരസ്യം എന്നിവ ചൊല്ലുന്നു. രഹസ്യങ്ങൾക്കു വലിയമണി അടിക്കുകയും ചെറിയ മണി മറുവഹസാകൾ എന്നിവ കിലുക്കുകയും ജനക്കൂട്ടം കുറിയേലായിസ്സോൻ എന്ന് അട്ടഹസിക്കുകയും ചെയ്യുന്നു.*

**രഹസ്യം** (ദർഗ്ഗായിൽ കയറി നിന്നുകൊണ്ട്)

ഞങ്ങളുടെ രക്ഷയുടെ ദൈവമായ കർത്താവേ! അനേക വിധങ്ങളിൽ ഞങ്ങളോടുള്ള മനുഷ്യ സ്നേഹം നീ കാണിച്ചു. സകല ജ്ഞാനവും ആത്മീയവിവേകവും കൊണ്ട് നിന്റെ സഭയേ നീ മുൻ നിയമിച്ചു. മാലാഖൈകവും സ്വർഗീയവുമായ ശുശ്രൂഷയുടെ ദൃഷ്ടാന്തമായിത്തീരുവാൻ ആചാര്യക്രമത്തെ നീ അലങ്കരിച്ചു.പുറജാതീയ വ്യർത്ഥതയിൽ നിന്നും പൈശാചിക ഉഴല്ചയിൽ നിന്നും നീ സൃഷ്ടിച്ചിട്ടുള്ളവരെ സ്വാതന്ത്ര്യപ്പെടുത്തുകയും ദൈവമേ! നിന്നെ മാത്രം ശുശ്രൂഷിപ്പാൻ യോഗ്യരാക്കുകയും ചെയ്തു. രാജാവാം കർത്താവേ! ഇപ്പോൾ ഈ സമയത്ത് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ. ഇതെല്ലാം അപേക്ഷിക്കുന്നതിന് ഞങ്ങൾ യോഗ്യരാകുന്നതുകൊണ്ടല്ല എന്നാലോ നിന്റെ കൃപാ സമൃദ്ധിയുടെ ഔന്നത്യം കൊണ്ടുതന്നെ. എന്തെന്നാൽ നീ ഞങ്ങളെ സഹായിക്കുന്നുവെന്നു സകലവും കൊണ്ടു നീ കാണിക്കുന്നവനാകുന്നു. ഞങ്ങടെ കർത്താവും ദൈവവും രക്ഷകനുമാകുന്ന നിന്റെ ഏകജാകനാം പുത്രൻ യേശുമശിഹാ മൂലം നിന്റെ സഹായങ്ങളുടെ ആകെത്തുക ഞങ്ങൾക്കു നീ നൽകിയിരിക്കുന്നു. അവൻ പൈതൃക തിരുവിഷ്ടം നിറവേറ്റിക്കൊണ്ട് ഞങ്ങൾക്കുവേണ്ടി വെടിപ്പുള്ള ബലിയായി തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. കുരിശിക്കപ്പെടുകയും മരണം ആസ്വദിക്കുകയും താൻ അരുളിച്ചെയ്തതുപോലെ തന്നെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സകല ലോകത്തിനും പരിഹാരമായിത്തീരുകയും ചെയ്തു. പരിശുദ്ധവും മഹത്വകരവുമായ തന്റെ പുനരുദ്ധാന ശേഷം തന്റെ ശിഷ്യന്മാരിൽനിന്നും വേർപിരിയാതെ തന്റെ വാഗ്ദത്തം പോലെ പാറകലീത്തായെ കല്പിച്ചയച്ചു. അവൻ പരിശുദ്ധറൂഹായും സത്യത്തിന്റെ റൂഹായുമാകുന്നു. പിതാവേ! അവൻ നിന്നിൽ നിന്ന് പുറപ്പെടുന്നു. വചനമാം ദൈവത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂ

ഷക്കാരുമായി ആദിമുതലുള്ളവർ അവനാൽ നിറയപ്പെട്ടുകൊണ്ട് നൽവരങ്ങളുടെ വിവിധമായ വ്യാപാരങ്ങളാൽ പള്ളികൾ ഉയർത്തുകയും ബലിപീഠങ്ങൾ സ്ഥാപിക്കുകയും പുത്രസ്വീകാര്യമാകുന്ന മാമോദീസ ഭരമേല്പിക്കുകയും നിയമങ്ങളും കാനോനാകളും കല്പിച്ചു നിശ്ചയിക്കുകയും ഞങ്ങളുടെ നയനങ്ങൾക്കു മുമ്പാകെ രഹസ്യസൂചകമായി നിറവേറ്റപ്പെടുന്നതിനാൽ ഞങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെട്ട തിരുബലി എല്ലായിപ്പോഴും ഞങ്ങളുടെ പക്കൽ ഉണ്ടായിരിപ്പാൻ തക്കവണ്ണം ആചാര്യത്വം നൽകുകയും ചെയ്തു. ആകയാൽ ഈ ഭരമേല്പിക്കൽപോലെ പിതാവാം ദൈവമേ! നിന്നെയും നിന്റെ ഏക പുത്രനേയും സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായേയും ഞങ്ങൾ സമീപിച്ച് കൃപയിൻ തൈലത്താലും റൂഹായാകുന്ന ദിവ്യ മൂറോനാലും ഈ ബലിപീഠം നീ വിശുദ്ധീകരിച്ചു പൂർണ്ണമാക്കുവാൻ ഞങ്ങൾ അപേക്ഷിക്കുന്നു. രക്തരഹിതമായ ബലിയുടെ സ്വീകരണത്തിനു ചേർന്നതായിഅതു തീരണമെ. രാജകീയ സിംഹാസനത്തിന്റെ മുമ്പാകെ ഞങ്ങൾ നിന്നുകൊണ്ട് ഞങ്ങൾക്കു വേണ്ടിയും നിന്റെ ജനത്തിനു വേണ്ടിയും അപേക്ഷകൾ സമർപ്പിക്കുകയും സത്യവിശ്വാസത്തോടും കുറ്റമില്ലാത്ത ജീവിതത്തോടും ഞങ്ങൾക്കുവേണ്ടി നൽകപ്പെട്ട കർത്തൃ ശരീരവും ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട ഞങ്ങടെ കർത്താവേശുമശിഹായുടെ വിലയേറിയ തിരുരക്തവും ഞങ്ങൾ അനുഭവിക്കുകയും ചെയ്യുമാറാകണമെ.

*പരസ്യം*

കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ വിശുദ്ധറൂഹായുടെ കൃപ നീ അയച്ച് മുമ്പിനാലേ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ ആചാര്യ കർമ്മം പൂർത്തീകരിക്കേണമെ. അനശ്വരവും സ്വർഗീയവുമായ നിന്റെ രഹസ്യങ്ങൾക്ക് യോഗ്യതയുള്ളതായി ഈ മേശയേയും നഷ്ടപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ തുറമുഖമായും ലാവണ്യമുള്ള സകല ചിന്തകളും പ്രവർത്തികളും ആനയിക്കുന്നതിനും അറിഞ്ഞുകൊണ്ടുള്ള പാപങ്ങളുടെ അനുതാപത്തിനും സകല നീതി നടപടികളോടുമുള്ള ഔത്സുക്യത്താൽ കുറ്റമുള്ള സകല മനസാക്ഷിയിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തിനുമായി ഈ മദ്ബഹായേയും നീ ആക്കി

ത്തീർക്കേണമെ. എന്തെന്നാൽ നീയും നിന്റെ ഏക ജാതനാം പുത്രനും സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായും വാഴ്ത്തപ്പെട്ട ദൈവമാകുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമേ സ്തുതിയും ബഹുമാനവും ആധിപത്യവും നിനക്കു യോഗ്യമാകുന്നു. ഹോശോ......

***മേല്പട്ടക്കാരൻ:-*** **നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

***ജനം:-*** **അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.**

***ജനം:-*** **കുറിയേലായിസോൻ**..........................................

*രഹസ്യം*

പ്രകൃതിയൊക്കയുടേയും ദൈവമായ കർത്താവും സകല സൃഷ്ടിയുടെയും സൃഷ്ടാവും മനുഷ്യവർഗ്ഗം മുഴുവന്റേയും രക്ഷയ്ക്കും സഹായത്തിനുമായി എപ്പോഴും പ്രവർത്തിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നവനും നീ മാത്രം ആഴത്തെ നിർമ്മിക്കുകയും പ്രകാശത്തിന്മേൽ ഭൂമിക്ക് അടിസ്ഥാനമിടുകയും ചെയ്തവനുമായുള്ളോവേ! സകല പ്രദേശങ്ങളിലും സകല പട്ടണങ്ങളിലും സ്ഥലങ്ങളിലും നിന്റെ പള്ളികളേ നീ ഉറപ്പിച്ചു. അവയിൽ ബലിപീഠങ്ങളെ സ്ഥിരപ്പെടുത്തുകയും വിശിഷ്ടവും കളങ്കമില്ലാത്തതുമായ കാഴ്ചകളും ബലികളും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷക്കായി നിന്റെ തിരുനാമത്തിനു അർപ്പിക്കുവാൻ കല്പിക്കുകയും ചെയ്തു. ഇപ്പോഴും നിന്റെ മനുഷ്യസ്നേഹം മൂലം നിന്റെ പരിശുദ്ധറൂഹായെ കല്പിച്ചയച്ച് വിശ്വാസ പ്രത്യാശയ്ക്കും നിന്റെ ദൈവത്വത്തെ സമീപിക്കുന്നവരുടെ രക്ഷയ്ക്കും ദേഹിയുടേയും ദേഹത്തിന്റേയും ആത്മാവിന്റേയും പുതുക്കത്തിനും പാപങ്ങളുടെ മോചനത്തിനുമായി ഈ ബലിപീഠം പൂർണ്ണതയുള്ളതാക്കണമെ.

*പരസ്യം*

എന്തെന്നാൽ നീ മാത്രം നല്ല കരുണയുള്ളവനും ദീർഘക്ഷമയുള്ളവനും വളരെ കൃപയുള്ളവനുമാകുന്നു.നിനക്കും പുത്രനും പരിശുദ്ധറൂഹായ്ക്കുംസ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ.... ആമ്മീൻ.

## *മൂറോൻ കുപ്പി ആഘോഷം*

*അനന്തരം മുറോൻ കുപ്പി അതു പിടിച്ചിരിക്കുന്ന കശ്ശീശായുടെ കൈയ്യിൽ നിന്നും വാങ്ങി നടയിലും നടയ്ക്കു താഴേയും നിന്നുകൊണ്ട് നാലുവശത്തേക്കും ഓരോ പ്രാവശ്യം വീതം ആഘോഷിക്കുന്നു. ഓരോ വശത്തും കാർമ്മികൻ ഹാലേലുയ്യാ എന്ന് ഒരു പ്രാവശ്യവും മറുപടിയായി മറ്റുള്ളവർ ഹാലേലുയ്യാ എന്ന് ഒരു പ്രാവശ്യവും പറയുന്നു. ആഘോഷണ സമയത്ത് ചെറിയമണി, മറുവഹ്സ എന്നിവ കിലുക്കുകയും വലിയമണി അടിക്കുകയും വേണം.*

*അനന്തരം ബലിപീഠങ്ങളും തബലൈത്താകളും മൂറോൻകൊണ്ട് താഴെപ്പറയുന്ന വിധം റൂശ്മാ ചെയ്യുന്നു. മൂറോൻ കൂടാതെ മുന്നമേ വരച്ച വരകളിൽ കൂടിത്തന്നെ ഇപ്പോൾ മൂറോൻ കൊണ്ട് വരയ്ക്കുന്നു. തദവസരത്തിൽ വലിയമണി അടിക്കുകയും ചെറിയമണി, മറുവഹ്സ എന്നിവ കിലുക്കുകയും ചെയ്യുന്നു.*

## മൂറോൻകൊണ്ടുള്ള ഒന്നാം റൂശ്മ.

*ദർഗ്ഗായിൽ നിന്നുകൊണ്ട് കാർമ്മികൻ നിന്നാസ്ഥാനമതായ്......... എന്ന പെസ്ഗോമോ ചൊല്ലി ഹാലേലുയ്യാ എന്നു പറയുകയും മറ്റുള്ളവർ ഹാലേലുയ്യാ എന്നു മറുപടി പറയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ കാർമ്മികൻ ചിത്രത്തിൽ കാണുന്നതുപോലെ ബലിപീഠങ്ങളുടേയും തബലൈത്താകളുടേയും വടക്കുവശത്തും കിഴക്കുവശത്തുമായ് ആദ്യം കിഴക്കു പടിഞ്ഞാറും പിന്നീട് വടക്കു തെക്കുമായ് മൂറോൻ കൊണ്ട് വരയ്ക്കുന്നു.*

**പെസ്ഗോമോ**

**നിന്നാസ്ഥാനമതായ് കർത്താവേ!**<br>
**ശുദ്ധാലയമതിനെ നീയാക്കി**<br>
**നിൻ കൈയ്യാലതു പണിതീടണമെ**<br>
**കർത്താവെന്നും വാണീടട്ടെ**


**കാർമ്മികൻ :- ഹാലേലുയ്യാ**

**ശെമ്മാശന്മാർ :- ഹാലേലുയ്യാ**

**ഗദ്യം**

കർത്താവേ! നിന്റെ ആസ്ഥാനമായി നിന്റെ പരിശുദ്ധാലയത്തെ നീ സ്ഥിരപ്പെടുത്തി കർത്താവേ! നിന്റെ കൈകളാൽ അതിനെ നീ പണിയണമെ. കർത്താവ് എന്നുമെന്നേക്കും വാഴട്ടെ. ഹാലേലുയ്യാ

ശെമ്മാശന്മാർ :- ഹാലേലുയ്യാ




# മൂറോൻ കൊണ്ടുള്ള രണ്ടാം റൂശ്മ

*കാർമ്മികൻ ദർഗ്ഗായിൽ തന്നെ നിന്നുകൊണ്ട് നിന്നുടെ ദൈവം........എന്ന പെസ്ഗോമോ ചൊല്ലി ഹാലേലുയ്യാ എന്നു പറയുകയും മറ്റുള്ളവർ ഹാലേലുയ്യാ എന്നു മറുപടി പറയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ കാർമ്മികൻ ചിത്രത്തിൽ കാണുന്ന തുപോലെ ബലിപീഠങ്ങളുടേയും തബലൈത്താകളുടേയും മദ്ധ്യത്തിൽ റൂശ്മാ ചെയ്യു ന്നു. ആദ്യം കിഴക്കു പടിഞ്ഞാറും പിന്നീട് വടക്കു തെക്കുമായ് മൂറോൻ കൊണ്ട് വര യ്ക്കുന്നു. തദവസരത്തിൽ വലിയമണി അടിക്കുകയും ചെറിയമണി, മറുവഹ്സ എന്നിവ കിലുക്കുകയും ചെയ്യുന്നു.*

**പെസ്ഗോമോ**

**നിന്നുടെ ദൈവം ദൈവമതായ്**
**മോദപ്രദമാം തൈലത്താൽ**
**താവക സഹജരിലത്യധികം**
**അഭിഷേകം ചെയ്താൻ നിന്നെ.**


**കാർമ്മികൻ :- ഹാലേലുയ്യാ**

**ശെമ്മാശന്മാർ :- ഹാലേലുയ്യാ**

**ഗദ്യം**

നിന്റെ ദൈവം നിന്റെ സഖിമാരിൽ പരമായി ആനന്ദതൈലം കൊണ്ട് നിന്നെ ദൈവമായ് അഭിഷേകം ചെയ്തിരിക്കുന്നു.- ഹാലേ ലുയ്യാ

ശെമ്മാശന്മാർ :- ഹാലേലുയ്യാ




# മൂറോൻ കൊണ്ടുള്ള മൂന്നാം റൂശ്മ

*കാർമ്മികൻ ദർഗ്ഗായിൽ തന്നെ നിന്നുകൊണ്ട് സ്തുതി താതന്നും........ എന്ന പെസ്ഗോമോ ചൊല്ലി ഹാലേലുയ്യാ എന്നു പറയുകയും മറ്റുള്ളവർ ഹാലേലുയ്യാ എന്നു മറുപടി പറയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ കാർമ്മികൻ ചിത്രത്തിൽ കാണുന്ന തുപോലെ ബലിപീഠങ്ങളുടേയും തബലൈത്താകളുടേയും തെക്കും പടിഞ്ഞാറും വശ ങ്ങളിലായി റൂശ്മാ ചെയ്യുന്നു. ആദ്യം കിഴക്കു പടിഞ്ഞാറും പിന്നീട് വടക്കു തെക്കു മായ് മൂറോൻ കൊണ്ട് വരയ്ക്കുന്നു. തദവസരത്തിൽ വലിയമണി അടിക്കുകയും ചെറി യമണി, മറുവഹ്സ എന്നിവ കിലുക്കുകയും ചെയ്യുന്നു.*

**പെസ്ഗോമോ**

**സ്തുതി താതന്നും തനയന്നും**
**പരിപാവനനാം റൂഹായ്ക്കും**
**പ്രാരംഭം മുതലെന്നേക്കും**


**കാർമ്മികൻ :- ഹാലേലുയ്യാ**

**ശെമ്മാശന്മാർ :- ഹാലേലുയ്യാ**

**ഗദ്യം**

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി ആദിമു തലെന്നന്നേക്കും തന്നെ -ഹാലേലുയ്യാ


ശെമ്മാശന്മാർ :- ഹാലേലുയ്യാ




വി.മൂറോൻ കൊണ്ടുള്ള മൂന്നാം റൂശ്മ

# ത്രിത്വനാമ മുദ്ര

*മൂറോൻ കൊണ്ടുള്ള റൂശ്മാകൾ കഴിഞ്ഞ് താഴെക്കൊടുത്തിരിക്കുന്ന ത്രിത്വമുദ്ര പ്രമാണം ചൊല്ലിക്കൊണ്ട് മൂറോൻ കൂടാതെ മുമ്പ് വരച്ച വരകളിൽ കൂടിത്തന്നെ മുമ്പ് വരച്ച രീതിയിൽ തള്ള വിരൽ കൊണ്ട് വരച്ച ബലിപീഠങ്ങളും തബലൈത്താകളും മുദ്ര കുത്തുന്നു.ബശ്മോദാബോ പറഞ്ഞ് വടക്കുകിഴക്കേ മൂല കൂട്ടിയും ഉദാബറോ പറഞ്ഞ് മദ്ധ്യത്തിലും വദ്റൂഹോ പറഞ്ഞ് തെക്കു കിഴക്കേ മൂല കൂട്ടിയും വരച്ചുകൊണ്ട് മുദ്ര കുത്തുന്നു. മൂന്നും തുടരെ ഒരു പ്രാവശ്യമായി ചെയ്യുന്നു. ചിത്രത്തിൽ കാണുന്നതുപോലെ വരയ്ക്കുന്നു.*



## ത്രിത്വ മുദ്ര പ്രമാണം

**പരിശുദ്ധ മൂറോൻ കൊണ്ട് മുന്നമേ വരയ്ക്കപ്പെട്ടിട്ടുള്ള ഈ പരിശുദ്ധ ബലിപീഠം (തബലൈത്താ) പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും നിത്യജീവനായി മുദ്രകുത്തപ്പെടുന്നു. ബാറെക്മോർ- ബശ്മോ ദാബോ✝ ബശ്മോ ദാബറോ✝ ബശ്മോ ദ് റൂഹോ ഹായോ കാദീശോ✝ ലഹായേ ദലഓലാം ഒൽമീൻ ആമ്മീൻ.**

*നോട്ട് :- ബലിപീഠം കർത്താവിന്റ കബറിടവും തബലൈത്താ രക്ഷാകരമായ കുരിശുമാകുന്നു. രണ്ടും കർത്താവിന്റെ രഹസ്യങ്ങൾ വഹിക്കുന്നു. രണ്ടിനും ഒരു കൂദാശയുമാകുന്നു. രണ്ടും വേർതിരിഞ്ഞിരിക്കുന്നുമില്ല. രണ്ടും തന്റെ ശരീരത്തെ ആഘോഷിക്കുന്നു. എന്തന്നാൽ സ്ലീബായിൽ തന്റെ മരണവും കബറിൽ തന്റെ അടക്കവും ഇരിക്കുന്നതുപോലെ കബറു കൂടാതെ സ്ലീബായില്ല സ്ലീബാ കൂടാതെ കബറുമില്ല.) റൂശ്മാകൾക്കു ശേഷം ദർഗ്ഗായിക്കു താഴെ നിന്നു കൊണ്ട് മസുമൂർ ലുത്തിനിയാ പ്രാർത്ഥനകൾ മുതലായവ ഹൂത്തോമ്മാ കഴിയുന്നതു വരെ ചൊല്ലുന്നു.*

### 84-ാം മസുമൂർ *(നാലാം രാഗം)*

*വാഴ്ത്തുക കർത്തനെ യേറുശലേമേ.........പോലെ.*

**തവസദനം പരമഭികാമ്യം ബലവാനീശാ-ഹാ-**
**വാഞ്ചിച്ചെൻ പ്രാണൻ മോഹിച്ചീശൻ തൻ പ്രാകാരം**
**വാഴ്ത്തുകയെന്നകതാരും മെയ്യതുമേ-ഹാ-**
**ജീവനെഴുന്നോൻ ദൈവത്തെ.**
**കുരുവിക്കൊരു വീടും ചെങ്ങാലിക്കൊരുകൂടും കണ്ടെത്തി-ഹാ-**
**ബലവാനീശന്നരികേ കുഞ്ഞുങ്ങളെ അവ പോറ്റി**
**എന്നരചാ! എൻ ദേവാ! നിൻ ഭവനമതിൽ നിവസിപ്പോർ ധന്യർ-ഹാ-**
**അവരെന്നും നിന്നേ സ്തുതി ചെയ്യും**
**നീ തുണ ചെയ്യും മാനവനോ ധന്യൻ-ഹാ-**
**അവനുടെയകതാരിൽ നിൻ വഴികളുമാം**

### ശുഹലോപ്പോ

**കണ്ണീർ താഴ് വര താണ്ടി നിവാസ സ്ഥലമാക്കി-**
**വാഴ് വുകളണിയും നിയമം സ്ഥാപിക്കും- ഹാ-ഹാ-ഹാ.**

ബലമോടുപരി ബലം പ്രാപിക്കുമവൻ-
സീയോനിൽ ദേവാധീശനുദൃശ്യനതാകും-ഹാ-ഹാ-ഹാ.
ബലവാൻ നാഥാ! ദേവാ! കേൾക്കെന്ന-
ർത്ഥന ശ്രദ്ധിക്കുകയാക്കോബിൻ പരനേ!-ഹാ-ഹാ-ഹാ.
വീക്ഷിക്കുക തുണയാമീശാ! സൂക്ഷിക്കുക-
നിന്നഭിഷിക്ത മുഖം-ഹാ-ഹാ-ഹാ.
നിൻ വസതിയിലൊരു ദിനമായിര മതിലു-
ത്തമമാം-ഹാ-ഹാ-ഹാ.
ദുഷ്ട നിവാസമതിൽ പാർപ്പതിനേക്കാൾദൈവാലയ-
മതിൽ വാസം ചെയ് വാൻ ഞാൻ വാഞ്ചിപ്പൂ ഹാ-ഹാ-ഹാ.
കർത്തൻ ദൈവം ഞങ്ങടെ പാലകനും തുണയുമതാകുക-
യാൽ ആർദ്രതയും ബഹുമതിയും നൽകുമവൻ ഹാ-ഹാ-ഹാ.
കപടം കൂടാ നടകൊൾവോരിൽ നിന്നുമ-
വൻ നന്മകൾ രോധിക്കില്ല-ഹാ-ഹാ-ഹാ.
ശക്തൻ നാഥാ! ദേവാ! നിൻ ശരണത്തിൽ-
വസിപ്പൊരു മനുജനു ഭാഗ്യം-ഹാ-ഹാ-ഹാ.

ശുബഹോ........

## ഗാനം

*(സിയോൻ കോട്ട)*

നീ ചേർത്തൊരു വിശ്വാസിനിയാം
ജാതികളിൽ സഭയിന്നാളിൽ
നിന്നഭിഷേകത്തിൻ കുറിയാം
വിലയേറീടും മൂറോനാൽ
ദിവ്യമതാം നിൻ കൃപ മൂലം
പൂശി പ്രാപിച്ചീടുന്നു
ദൃഷ്ടിക്കദൃശ്യൻ റൂഹായേ

മെനഓലം........

മൂക പ്രകൃതമതാം ബലിയിൽ
നിണമില്ലാ നിന്നുടെ മാർവ്വീ-
ന്നൊഴുകിയ ജീവപ്രദമാകും

വിലയേറും രുധിരത്താലേ
അത്ഭുതമായ് പരിശുദ്ധ സഭ
മുദ്രിതമാമിപ്പോൾ സ്തുതി തേ
ചെയ്യുന്നുന്നത ശബ്ദത്തിൽ

## ലുത്തിനിയാ

ഇപ്പോൾ വിശുദ്ധീകരിക്കപ്പെട്ടു പൂർത്തീകരിക്കപ്പെടുകയും ദൈവത്തിന്റെ കൃപ കൊണ്ടും ശക്തി കൊണ്ടും നിറയപ്പെടുകയും ചെയ്തിരിക്കുന്ന ഈ ബലിപീഠത്തിനു വേണ്ടി ജാഗ്രതയോടെ വീണ്ടും വീണ്ടും കർത്താവിനോടു നാം അപേക്ഷിക്കണം കുറി...

ആത്മീയവും രക്ഷാകരവുമായ കുർബ്ബാനകൾ സത്യവിശ്വാസത്തോടും കളങ്കമില്ലാതെയും അതിന്മേൽ അർപ്പിക്കപ്പെടുവാൻ കർത്താവിനു തിരുവിഷ്ടമുണ്ടാകുവാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറിയേ........

അതിന്മേൽ അർപ്പിക്കപ്പെടുന്ന ദിവ്യ രഹസ്യങ്ങളുടെ ശുദ്ധീകരണത്തിനും പൂർത്തീകരണത്തിനുമായി വിശുദ്ധ റൂഹാ വന്ന് അതിന്മേൽ ആവസിക്കുന്നതിനു വേണ്ടി കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറി.....

അതിന്മേൽ ബലികൾ അർപ്പിക്കുന്നവർക്കു വേണ്ടിയും അവരുടെ കൈകളിൽ നിന്നും അവയെ ഹാബേലിന്റെ ബലികൾ പോലെയും കർത്താവു അംഗീകരിക്കുവാനും അധികമായി കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ.......

നീതിമാനായ നോഹിന്റെയും മഹാനായ മല്ക്കിസദേക്കിന്റെയും ബലികളിലെന്ന പോലെ നമ്മുടെ സ്തോത്ര ബലികളിൽ താൻ സംതൃപ്തനാകുവാനായി കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ..........

ആചാര്യ സംബന്ധവും പരിശുദ്ധവുമായ ഈ ബലിപീഠത്തിൽ നിന്നും ജീവൻ നൽകുന്നതും സ്വർഗ്ഗീയവുമായ രഹസ്യങ്ങൾ പ്രാപിക്കുന്നവർക്കു വേണ്ടി കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറിയേ.............

വെടിപ്പൊടും വിശുദ്ധിയോടും കൂടെ അതിനെ നിർമ്മലമായി പരിചരിക്കുന്നവർക്കല്ലാതെ അതിൽ നിന്നും ഭക്ഷിപ്പാൻ അധികാരമില്ലാത്ത ഈ പരിശുദ്ധ ബലിപീഠത്തെ നമുക്കു നൽകിയവനായ ദാനങ്ങളിൽ സമൃദ്ധിയുള്ളവനായ കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ..........

**വിശുദ്ധീകരിക്കപ്പെട്ടു പൂർത്തീകരിക്കപ്പെട്ടു ദിവ്യകൃപ കൊണ്ടും ശക്തി കൊണ്ടും നിറയപ്പെട്ടിരിക്കുന്ന പരിശുദ്ധവും വന്ദനീയവുമായ ഈ ബലിപീഠത്തിനു വേണ്ടി കർത്താവിനോടു നാം അപേക്ഷിക്കണം. കുറി യേ...........**

**പ്രയാസപ്പെടുന്ന എല്ലാ ആത്മാക്കൾക്കും പ്രകാശതുറമുഖമായും കുറ്റ മില്ലാത്ത എല്ലാ മനോസാക്ഷിക്കും സ്വാതന്ത്ര്യത്തിനും വെടിപ്പിനുമായും ഈ ബലിപീഠം ഭവിക്കേണ്ടതിനു കർത്താവിനോടു നാം അപേക്ഷിക്കണം. കുറി യേ.....**

**ശരിയായ വിശ്വാസത്തോടെ ഇതിനെ സമീപിക്കുന്നവർക്കു ഇതു പിശാ ചിനെയും ദുഷ്ടവിചാരങ്ങളെയും പായിക്കുന്നതും സകല വിശുദ്ധിയും നൽകുന്നതുമായി തീരുന്നതിനു വേണ്ടി കർത്താവിനോടു നാം അപേക്ഷി ക്കണം. കുറിയേ.........**

**സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിൽ ആത്മീയ ബലികളും ദിവ്യ ശുശ്രൂഷകളും അർപ്പിക്കുന്നവർക്കു വേണ്ടി അവരുടെ അപേക്ഷയിൽ ഉത്തമനായ താൻ നോഹിന്റെ ബലികളിലെന്നപോലെ പ്രസാദിക്കുവാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറി..........**

**സകല പട്ടണങ്ങളിലും ദേശങ്ങളിലും കണ്ടെത്തപ്പെടുന്ന പള്ളികളുടെ നിരപ്പിനു വേണ്ടിയും ദയറാകളുടെ സമാധാനത്തിനു വേണ്ടിയും കർത്താ വിനോടു നാം പ്രാർത്ഥിക്കണം. കുറി.......**

**അടുത്തവരായ നമ്മുടെ മാതാപിതാക്കൾക്കും സഹോദരീ സഹോദര ങ്ങൾക്കു വേണ്ടിയും ഈ പരിശുദ്ധ മദ്ബഹായോടു ചേർന്നിരിക്കുന്നവർക്കു വേണ്ടിയും പ്രത്യേകമായി കർത്താവിനോടു നാം അപേക്ഷിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയണം. കുറിയേ....കുറിയേ............. കുറിയേ.............**

## രഹസ്യം

സൈന്യങ്ങളുടെ കർത്താവേ! സകലത്തിനും വേണ്ടി നിന്റെ കൃപയേ ഞങ്ങൾ അഭിനന്ദിക്കുന്നു. എന്തെന്നാൽ പരിശുദ്ധ ശ്ലീഹന്മാ രുടെ മേലും നീതിമാന്മാരായ ഞങ്ങളുടെ പിതാക്കന്മാരുടെ മേലും നീ ചിന്തിയ നിന്റെ കൃപ, പാപികളായ ഞങ്ങളിൽ നിന്നും നീ മറച്ചു വയ്ക്കു കയോ തടയുകയോ ചെയ്യാതെ ഞങ്ങളുടെ പക്കലും അതിനേ നീ

ഇറക്കി. ഞങ്ങൾ അയോഗ്യരായിരിക്കുമ്പോൾ നിന്റെ ശ്രേഷ്ടതയോടു യാചിപ്പാനും ഞങ്ങൾ ചോദിക്കുന്നവ ഞങ്ങൾക്കു ലഭിക്കുവാനും നീ സംഗതിയാക്കിയിരിക്കുന്നുവല്ലോ.

*പരസ്യം*

ഇവ മുഖാന്തരം സകലത്തിലും ബഹുമാനമുള്ള നിന്റെയും നിന്റെ ഏകജാതനാം പുത്രന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും തിരുനാമം എല്ലാ സ്ഥലത്തും മഹത്വീകരിക്കപ്പെടുമാറാകണമെ. ഹോശോ..........ആമ്മീൻ.

**കാർമ്മികൻ : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

**ജനം : അവിടുത്തെ ആത്മാവിനും.**

*പരസ്യം*

പൂർത്തീകരിക്കപ്പെട്ട ഈ മദ്ബഹായുടെ മുമ്പാകെ വെടിപ്പോടും കളങ്കമില്ലാതെയും നില്പാനും വിശിഷ്ടവും രക്തരഹിതവുമായ ബലി ന്യായവിധിയ്ക്കോ ശിക്ഷാവിധിക്കോ അല്ലാതെ പരിശുദ്ധ സഭയുടെ കെട്ടുപണിക്കും സകല ജനത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനും നിന്റെ രാജ്യത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായി ഉത്തമ മനസ്സാക്ഷിയോടു കൂടെ അർപ്പിക്കാനും ഞങ്ങളെ യോഗ്യരാക്കണമെ. എന്തെന്നാൽ യോഗ്യതയിൽ ശ്രേഷ്ടമായ നിന്റെയും നിന്റെ ഏകജാതനാം പുത്രന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും തിരുനാമം പരിശുദ്ധവും മഹത്വമുള്ളതുമാകുന്നു. ഹോശോ.......ആമ്മീൻ.

## *ഹൂത്തോമ്മാ*

സത്യപ്രധാനാചാര്യനായ ഞങ്ങളുടെ കർത്താവേശുമശിഹാ! ആത്മീയവും പരിശുദ്ധവുമായ സകല അലങ്കാരങ്ങളാലും നിന്റെ പരിശുദ്ധ സഭയേ നീ അലങ്കരിച്ചു. വിശുദ്ധാത്മദാനങ്ങളാൽ അതിനെ നിറയ്ക്കുകയും നിന്റെ പരിശുദ്ധ കൂദാശകളാൽ അതിനെ പ്രഭാവപ്പെടുത്തുകയും ചെയ്തു. കർത്താവേ! നിന്റെ വലത്തുകൈ ആവസിപ്പിച്ച് നിന്റെ ജനത്തെ വാഴ്ത്തണമെ. നിന്നോടു അപേക്ഷിക്കുന്ന ഞങ്ങളുടെ കൂട്ടത്തിന്മേൽ നിന്റെ കൃപ വർഷിക്കണമെ. നിന്റെ പരിശുദ്ധ ബലിപീഠത്തിനു നിന്റെ കൃപയാൽ ഞങ്ങളുടെ കൈകൾ മുഖാന്തരം നൽകപ്പെട്ട ഈ വാഴ് വുകളോടൊപ്പം തിരുമുമ്പാകെ ഭയഭക്തിയോടെ

നില്ക്കുന്ന ഈ നിന്റെ ആരാധകർക്കു നിന്റെ നൽവരങ്ങളാകുന്ന കിരീടങ്ങൾ വിഭജിക്കപ്പെടുമാറാകണമെ. കർത്താവേ! അവരുടെ കീർത്തനങ്ങൾക്കും ഗാനങ്ങൾക്കും പകരമായി അടക്കം കൂടാതെ നിന്റെ മാലാഖമാരോടു കൂടെ നിനക്കു പാട്ടുപാടുവാൻ അവർക്കു നീ പ്രതിഫലം നൽകണമെ. ഇടയന്മാരെ നിന്റെ ശക്തിയാൽ താങ്ങണമെ.ആചാര്യന്മാരെ നിന്റെ സത്യം കൊണ്ട് അലങ്കരിക്കണമെ. നിന്റെ സ്നേഹത്താൽ ശെമ്മാശ്ശന്മാരെ വാഴ്ത്തണമെ. യൗവ് പ്പദുയക്നേന്മാരെ നിന്റെ വലതു കൈ കൊണ്ട് വഴി നടത്തണമെ. കോറൂയന്മാരെ നിന്റെ കാരുണ്യത്താൽ ശക്തിപ്പെടുത്തണമെ. മ്സമറോനന്മാരെ നിന്റെ പ്രകാശത്താൽ നിർമ്മലീകരിക്കണമെ. കന്യാവൃതക്കാരെ നിന്റെ സഹായത്താൽ വിശുദ്ധീകരിക്കണമെ. വിവാഹിതരെ നിന്റെ തുണയാൽ പരിപാകതപ്പെടുത്തണമെ. യൗവനക്കാരെ നിന്റെ ഭക്തി പഠിപ്പിക്കണമെ. നിന്നെ വിളിക്കുന്ന വൃദ്ധന്മാരെ സഹായിക്കണമെ. അനാഥരെ നിന്റെ കൃപയാൽ പുലർത്തണമെ. അഗതികളെ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നും പരിപോഷിപ്പിക്കണമെ. നിന്റെ ആശ്രയം ആവശ്യമുള്ള വിധവകളെ ആശ്വസിപ്പിക്കണമെ. നിന്റെ ശക്തിയിൽ ആശ്രയിക്കുന്ന പതിതന്മാരെ എഴുന്നേല്പിക്കണമെ. നിന്നിൽ സങ്കേതപ്പെടുന്ന പീഡിതരെ താങ്ങണമെ. നിന്റെ ശരണത്തെ നോക്കിപ്പാർക്കുന്ന അടിമകളോടു കരുണ ചെയ്യണമെ. യുവാക്കളെ അനുഗ്രഹിക്കണമെ. യൗവ്വനക്കാരെ വിശുദ്ധീകരിക്കണമെ. പൈതങ്ങളെ വളർത്തണമെ. ശിശുക്കളെ ഉറപ്പിക്കണമെ. തെറ്റിൽ വീണവരെ സ്വാതന്ത്ര്യപ്പെടുത്തണമെ. സ്ത്രീകളെ  കാത്തു കൊള്ളണമെ. തടവുകാരെ പുറപ്പെടുവിക്കണമെ. സഭയിലുള്ള സകല ഗണങ്ങളേയും സകല അലങ്കാരങ്ങൾകൊണ്ടും പ്രാഭവപ്പെടുത്തണമെ. അതിനുള്ളിലുള്ള സകല ക്രമങ്ങളേയും സകല നന്മകൾകൊണ്ടും സ്ഥിരപ്പെടുത്തണമെ. അങ്ങനെ ആശ്രയ ബോധത്തോടുകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും  അവൾ സ്തുതി പാടുമാറാകണമെ. ഹോശോ......... ആമ്മീൻ.

**കാർമ്മികൻ :-** **നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

**ജനം :-** **അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.**

# ത്രോണോസ് വിരിച്ചൊരുക്കൽ

*നോട്ട്:- വിരികളും മറ്റും മുൻകൂട്ടി കൂദാശ ചെയ്തതല്ലെങ്കിൽ സാധാരണ കൂദാശ ക്രമം ഉപയോഗിച്ച് അവ ഇപ്പോൾ കൂദാശ ചെയ്യുന്നു. കൂദാശ ചെയ്തിട്ടുള്ളവയാണെങ്കിൽ ഉൺമയിലൊന്നാം എന്നതു മാത്രം ചൊല്ലി സാധനങ്ങൾ ആഘോഷിച്ച് ബലിപീഠം ചമയിക്കുന്നു.*

*കുരിശുകൾ, മെഴുകുതിരി കാലുകൾ എന്നിവ റൂശ്മാ ചെയ്യുമ്പോൾ, അവയ്ക്കു സജീവാർത്ഥമുള്ളതു കൊണ്ട് മൂറോൻ പുരട്ടി റൂശ്മാ ചെയ്യാറുണ്ട്. റംശേത്തി മുതലായ അലങ്കാര സാധനങ്ങളിൽ മൂറോൻ പുരട്ടുകയില്ല.*

*നടുക്കു വയ്ക്കുന്ന കുരിശ് ഒഴിച്ച് മറ്റുള്ളവ ആഘോഷണ ശേഷം അവയുടെ സ്ഥാനങ്ങളിൽ വയ്ക്കുന്നു. കുരിശ് സ്ലീബാ ആഘോഷണത്തിനു ശേഷം മാത്രം വയ്ക്കുന്നു. ബലിപീഠം ചമയിച്ചു ക്രമീകരിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന മസുമൂർ ചൊല്ലുന്നു.*

### *89-ാം മസുമൂർ*

**എൻ വ്യതനൊടു ഞാൻ ചെയ്തു കരാർ**

**സഭയുടെ കൂടാരവുമതുപോ - ലതിനുടെ ചമയങ്ങളുമെല്ലാം**
**തൈലത്താലഭിഷേചിപ്പാൻ - മഹിതൻ മോശയൊടായ് മുമ്പേ**
**സൂചകമായരുളിച്ചെയ്താൻ - മനുജസ്നേഹത്താലിപ്പോൾ**
**ധന്യൻ മേല്പട്ടക്കാരൻ - ആബൂൻ (*മോർ ബാസ്സേല്യോസ്സിൻ*)**
**പുണ്യപ്രദമാം പാണികളാൽ - ആത്മവരത്തികവേറീടും**
**പരിപാവനമാം മൂറോനാം - ശുദ്ധാത്മാവാലീ ഭവനം**
**ത്രിത്വത്തിൻ മാനത്തിന്നും - ത്രിത്വാരാധനയതിനായും**
**ഓർത്തോദുക് സാവിശ്വാസം - പാലിച്ചീടുന്നതിനായും**
**പരിപാവനമാക്കിത്തീർത്തു - വന്ദനയർത്ഥനയതിനുള്ളിൽ**
**അർപ്പിച്ചടിയാരോതുന്നു - സർവ്വേശാ സ്തുതിയങ്ങേയ്ക്കായ്.**

## ബലിപീഠം, തബലൈത്താ എന്നിവകളുടെ കൂദാശ അവസാനിച്ചു.

പൊതുവായ് നോട്ട്: ബലിപീഠ കൂദാശ, തബലൈത്താ കൂദാശ, മദ്ബഹാ കൂദാശ, ഹൈക്കലാ കൂദാശ എന്നിവ പള്ളി കൂദാശയുടെ വിവിധ ഭാഗങ്ങളാകുന്നു. ഇവയിൽ ഏതെങ്കിലും മുമ്പു ചെയ്തിട്ടുണ്ടെങ്കിൽ അതു വീണ്ടും ചെയ്യേണ്ട. ബാക്കിയുള്ളവ ചെയ്താൽ മതി.

ബലിപീഠം മാത്രമോ ബലിപീഠവും തബലൈത്താകളും ഒരുമിച്ചോ കൂദാശ

ചെയ്യുന്ന വിധമാണ് ഇതിനുപരി കൊടുത്തിരിക്കുന്നത്.

മദ്ബഹായും ഹൈക്കലായും കൂദാശ ചെയ്യേണ്ടതുണ്ടെങ്കിൽ ബലിപീഠം കൂദാശയ്ക്കു ശേഷം അവ കൂദാശ ചെയ്യുന്നു. ഹൈക്കലാ കൂദാശ ചെയ്തിട്ടുണ്ടെങ്കിൽ മദ്ബഹാ മാത്രവും, മദ്ബഹാ കൂദാശ ചെയ്തിട്ടുണ്ടെങ്കിൽ ഹൈക്കലാ മാത്രവും കൂദാശ ചെയ്താൽ മതി. ഏതെങ്കിലും കൂദാശ ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് അതു ആവർത്തിക്കരുത്.

ബലിപീഠം ഉൾപ്പെടെ എല്ലാം കൂദാശ ചെയ്തതായിരിക്കയും തബലൈത്താകൾ മാത്രം കൂദാശ ചെയ്യേണ്ടതായും വരികയാണെങ്കിൽ കുർബ്ബാന പൂർത്തീകരിച്ച ശേഷം സാദീക്കാ കഴിഞ്ഞ് അവ കൂദാശ ചെയ്യുന്നു. കുർബ്ബാന തുടങ്ങുന്നതിനു മുമ്പ് കൂദാശ ചെയ്യേണ്ട തബലൈത്താകൾ ബലിപീഠത്തിന്റെ വടക്കു വശത്തു അടുക്കി വയ്ക്കുന്നു. സാദീക്കോ കഴിയുമ്പോൾ ഒന്നാം ക്രമം അവസാനത്തിലുള്ള ഏവൻഗേലി വായിച്ചു കഴിഞ്ഞ് ശേഷം ഭാഗങ്ങൾ നടത്തി തബലൈത്താകൾ കൂദാശ ചെയ്യുന്നു.

കൂദാശ ചെയ്യപ്പെട്ട പള്ളിയുടെ ഏതെങ്കിലും ഭാഗം പൊളിച്ചു പണിതിട്ട് അതു കൂദാശ ചെയ്യുകയാണെങ്കിൽ ബാക്കി ഭാഗങ്ങൾക്കു സാധാരണ ശുദ്ധീകരണ ശുശ്രൂഷ നടത്തിയാൽ മതി.

K

S S S S S S S S S

# മൂന്നാം ശുശ്രൂഷ

## മദ്ബഹാ-ഹൈക്കലാ കൂദാശകൾ

### ലുത്തിനിയാ

നിരപ്പിന്റെയും സമാധാനത്തിന്റെയും ദൂതും ക്രിസ്തീയ സമാധാനവും ന്യായവിധി ദിവസത്തിൽ നമ്മോടു കാണിക്കേണ്ട കരുണയും കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ...............

സകലത്തിന്റെയും ദൈവം തന്റെ കരുണയാൽ ശുദ്ധീകരിക്കപ്പെടുന്ന ഈ ആലയത്തിനു തന്റെ കൃപ അയപ്പാനും അതിൽ ബലിപീഠങ്ങൾ സ്ഥിരപ്പെടുത്തുവാനും അതിന്റെ ഭിത്തികളെ നീതിയിൽ ഉറപ്പിക്കുവാനും അതിനെ അനുതാപികൾക്കു സങ്കേതഭവനമായും ഞെരുങ്ങിയിരിക്കുന്നവർക്കു ആശ്വാസ തുറമുഖമായും ആക്കിത്തീർക്കുന്നതിനും അതിൽ സത്യവിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവരുടെ അപേക്ഷകൾ കേൾക്കപ്പെടുവാനും അവരുടെ രക്ഷയ്ക്കു ആവശ്യമുള്ളവ അവർക്കു നൽകുവാനും അവരുടെ മരിച്ചു പോയവരുടെ ആശ്വാസത്തിനും ഈ നേരത്തു നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അപേക്ഷിക്കണം. കുറിയേ...........

പരിശുദ്ധനാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ കൂദാശയുടെ പൂർത്തീകരണത്തിലേക്കു നാം ഉയരുവാൻ കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ....

വീണ്ടും ഈ ആലയത്തിനു വേണ്ടിയും അതിന്റെ പൂർണ്ണതയ്ക്കായും കർത്താവിനോടു നാം അധികം ജാഗ്രതയോടെ പ്രാർത്ഥിക്കണം. കുറിയേ..........

ഉന്നതങ്ങളിൽ വസിക്കുകയും അഗാധങ്ങളിൽ ഉറ്റു നോക്കുകയും തിരുവിഷ്ടം തോന്നി ഇതിനെ വാസസ്ഥലമായി തെരഞ്ഞെടുക്കുകയും ചെയ്ത കർത്താവ് തനിക്കു ഒരുക്കപ്പെട്ടിരിക്കുന്ന വാസസ്ഥലത്തെ ദിവ്യവും സ്വർഗ്ഗീയവുമായ കൃപ കൊണ്ട് നിറപ്പാൻ കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ.........

ആത്മ സങ്കടത്തോടും പരമാർത്ഥമായും അതിൽ അണയുന്നവരുടെ ആത്മശരീരങ്ങളുടെ രക്ഷയുടെ പുതുക്കത്തിനും പാപങ്ങളുടെ മോചനത്തിനും അകൃത്യങ്ങളുടെ മാച്ചിലിനും മനസ്സാക്ഷിയുടെ വെടിപ്പിനുമായി

**തന്റെ പരിശുദ്ധ റൂഹായാൽ അതിനെ പുതുക്കി പൂർത്തീകരിക്കുവാൻ കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ..........**

**വിവിധ തര സങ്കടങ്ങളും പല വിധ രോഗങ്ങളും പിടിപെട്ട് ഇതിൽ വച്ചു അപേക്ഷിക്കുന്നവരുടെ ആശ്വാസത്തിനും വിശ്രമത്തിനും പരിപൂർണ്ണ സൗഖ്യത്തിനും വേണ്ടി കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറിയേ.........**

**ഇവിടെ നില്ക്കുന്ന പട്ടക്കാർക്കും ശെമ്മാശന്മാർക്കു വേണ്ടിയും സകല വൈദിക ഗണത്തിനും വിശ്വാസമുള്ള ജനത്തിനു വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറിയേ................**

**ഭൂമയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുമുള്ള കാതോലികവും അപ്പോസ്തോലികവുമായ പരിശുദ്ധ സഭയ്ക്കു വേണ്ടിയും അതിന്റെയും സകല ലോകത്തിന്റെയും നിരപ്പിനും നിലനില്പിനും വേണ്ടിയും കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ.........**

**പരിശുദ്ധയും മഹത്വമുള്ളവളും സദായ്പോഴും കന്യകയുമായ ദൈവ മാതാവായ മറിയാമ്മിനെയും, പരിശുദ്ധ ശ്ലീഹന്മാരെയും നിബിയന്മാരെയും വിജയശ്രീമാന്മാരായ സഹദേന്മാരെയും മൗദ്യാനന്മാരെയും നീതിമാന്മാരെയും പ്രസംഗക്കാരെയും ഏവൻഗേലിസ്ഥന്മാരെയും ആദിമുതൽ തന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകലരെയും നാം ഓർത്ത് അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ ശുശ്രൂഷയിലും ശേഷം സകല കാര്യങ്ങളിലും നാം ശക്തി പ്രാപിപ്പാനായിട്ട് കർത്താവിനോടു നാം പ്രാർത്ഥിക്കണം. കുറിയേ.............**

**സന്നിഹിതരായിരിക്കുന്ന സഹോദരീ സഹോദരന്മാരായ നാമെല്ലാവരും അവരവർക്കു വേണ്ടിയും അന്യേന്യവും ശുദ്ധീകരിക്കപ്പെടുന്ന ഈ ഭവനത്തിനു വേണ്ടിയും ദൈവശുശ്രൂഷയ്ക്കായി ഈ ആലയം പണിതിട്ടുള്ളവർക്കു വേണ്ടിയും വിജയശ്രീമാനായ ആബൂൻ മോർ ഇന്നാരുടെ ബഹുമാനത്തിനായും കർത്താവിനോടു പ്രാർത്ഥിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയണം. കുറിയേ............കിറിയേ.................കുറിയേ.............**

### പ്രൊമിയോൻ

സകല കൃപയും തന്റെ പക്കൽ നിന്നു ആരംഭിക്കുകയും തന്റെ അടുക്കലേക്കു സകലവും വീണ്ടും തിരിച്ചു ചെല്ലുകയും സകലത്തിലും ഉള്ളവനും സകലവും തന്നാൽ നിലനില്ക്കുകയും സംരക്ഷിക്കപ്പെടു

കയും ചെയ്യുന്നു എന്നവനും ദൈവികദാനങ്ങളുടെ ഉറവയും സ്വർഗ്ഗീയ നൽവരങ്ങളുടെ ഉത്തമദാതാവും പരിശുദ്ധ സഭയെ പുണ്യവാന്മാരായ പ്രധാനാചാര്യന്മാരാലും ശോഭയുള്ള പട്ടക്കാരാലും അലങ്കരിച്ച് പ്രാഭവപ്പെടുത്തി ഉന്നതത്തിന്റെയും അഗാധത്തിന്റെയും അധികാരം അവരുടെ കൈയ്യിൽ ഏല്പിച്ച് തന്റെ ശ്രീഭണ്ഡാരത്തിന്മേൽ കെട്ടുവാനും അഴിപ്പാനും അധികാരമുള്ളവരായി അവരെ നിയമിക്കുകയും ചെയ്തവനുമായി സകല നന്മകളുടെയും കാരണമായ തനിക്കു സ്തുതി. തനിക്കു ഈ നേരത്തും......സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കുലഹൂൻ..........ആമ്മീൻ

**സെദറാ**

ഭയമേറ്റുന്നവനും ഉന്നതനും അദൃശ്യനും അവർണ്ണനീയനും പരീക്ഷിക്കപ്പെടുവാനോ പരിശോധിക്കപ്പെടുവാനോ കഴിയാത്തവനും ദൈവീകമായി ശ്രേഷ്ടമാക്കപ്പെടുകയും നിത്യമായി പുകഴ്ത്തപ്പെടുകയും ഉയരത്തിൽ ക്രമങ്ങളുടെ നിരയാൽ മഹത്വീകരിക്കപ്പെടുന്നവനുമായ സർവ്വ വല്ലഭനായ ദൈവമായ കർത്താവേ! സ്വർഗ്ഗീയ സൈന്യങ്ങളാൽ സകല പുകഴ്ചകളും സത്യമായി നിനക്കു സമർപ്പിക്കപ്പെടുന്നു. അടക്കം കൂടാതെ കരേറ്റപ്പെടുന്ന സ്തുതികളാൽ പരിശുദ്ധ ഗാനങ്ങൾ നിനക്കു പാടപ്പെടുന്നു. മാധുര്യമേറിയ പാട്ടുകൾ ആലപിക്കപ്പെടുന്നു. പരിശുദ്ധ സ്രോപ്പേന്മാർ സുന്ദരമായ പദങ്ങളിൽ പുകഴ്ചകളും വിശുദ്ധി സ്തുതികളും ത്രിത്വമായി അട്ടഹസിച്ച് കാദീശ് കാദീശ് കാദീശ് എന്നു പറയുന്നു. കടിഞ്ഞൂലുകളുടെ സഭയാകുന്ന ദൈവീക തിരുനിവാസത്തിൽ നിത്യമായി സ്ഥിതിചെയ്യുന്ന അവർണ്ണനീയ വചനമായുള്ളോവേ! കാണപ്പെടാവുന്ന ഈ സഭയെ നീ നിലനിർത്തുകയും നിന്റെ കൈവെള്ളമേൽ അതിനെ രൂപീകരിക്കുകയും ജീവൻ നൽകുന്ന നിന്റെ വിലയേറിയ രക്തത്താൽ കിരീടം ധരിപ്പിക്കുകയും വിശുദ്ധ റൂഹാനെയ്തിട്ടുള്ള മഹത്വ അങ്കിയാൽ അലങ്കരിക്കുകയും ചെയ്തു. ആത്മീയ മാതാവാകുന്ന മാമോദീസാ തൊട്ടി അതിൽ നീ സ്ഥാപിക്കുകയും ചെയ്തു. ആത്മായവും ദിവ്യവുമായ പ്രാഭവങ്ങൾ കൊണ്ടും ജയം ധരിച്ച പട്ടക്കാരെക്കൊണ്ടും ഭക്തി കൊണ്ട് അര കെട്ടിയവരും വിജയം ഘോഷിക്കുന്നവരുമായ ശെമ്മാശ്ശന്മാരേ കൊണ്ടും അതിനെ നീ നിറച്ചു. രക്ഷ

യുടെ കേൾവി കേട്ട പട്ടണമെന്നും, ക്ഷീണിതരുടെയും പീഡിതരുടെയും സങ്കേത സ്ഥലമെന്നും അതിനെ നാമകരണം ചെയ്തു. നിന്റെ ക്രൂശാരോഹണത്തിൻ ബലിപീഠമെന്ന് അതു അറിയപ്പെട്ടിരിക്കുന്നു. അതിൽ നിന്റെ പരിശുദ്ധ ശരീരം നീ ഖണ്ഡിക്കുകയുംവിലയേറിയ രക്തം കലർത്തുകയും ചെയ്തു. അതു രക്ഷയുടെ പുതുക്കപ്പെട്ട കാസായാകുന്നു. ദിവ്യമായ നിന്റെ കൃപയാലും ദാനങ്ങളാലും ദൂരസ്ഥരായ ജാതികളെ അതിലേക്ക് നീ ക്ഷണിക്കുകയും പരിശുദ്ധന്മാരോടുകൂടെ അവർ ഐക്യപ്പെടുകയും ചെയ്തു. അതിൽ അവർ ചേർച്ചയുള്ള സ്തുതി നിനക്കായി പാടുന്നു. നിന്റെ സ്ലീബായെ അവർ വന്ദിക്കുകയും നിന്റെ പരിശുദ്ധ തിരുനാമത്തെ അവർ പ്രശംസിക്കുകയും ചെയ്യുന്നു. മുമ്പ് കൂട്ടി നീ സമ്പാദിക്കുകയും തിരുരക്തത്താൽ വിലക്ക് വാങ്ങുകയും കഷ്ടപ്പാടുകളാൽ സ്വാതന്ത്ര്യപ്പെടുത്തുകയും സ്ലീബായാൽ രക്ഷിക്കുകയും ചെയ്ത നിന്റെ സഭയെ നീ ഓർക്കണമെന്ന് നിബിയന്മാരോടുകൂടെ ഞങ്ങളും അട്ടഹസിച്ചു പറയുമാറാകണമെ. കർത്താവേ! കാതോലികവും ശ്ലൈഹീകവുമായ ഈ പരിശുദ്ധ സഭയ്ക്കുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. അതിൽ നിന്റെ നിരപ്പും സമാധാനവും നീ വസിപ്പിക്കണമെ. അതിനു വേണ്ടി കഷ്ടപ്പാടുകൾ സഹിക്കുന്ന സത്യവിശ്വാസികളായ ഇടയന്മാരെ അതിൽ നീ എഴുന്നേല്പിക്കേണമെ. അതിൽ രോഗികൾക്കു സൗഖ്യവും ഞെരുങ്ങിയിരിക്കുന്നവർക്കു വിശ്രമവും വിലപിച്ചിരിക്കുന്നവർക്കു ആശ്വാസവും സങ്കടത്തിലിരിക്കുന്നവർക്കു ധൈര്യവും വിശ്വാസികളായ മരിച്ചുപോയവർക്കു കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നിന്റെ സ്വർഗ്ഗീയ ബലിപീഠത്തിന്മേൽ നല്ല ഓർമ്മയും കൊടുക്കണമെ. കർത്താവേ! തിരുമുമ്പാകെ കരുണ കണ്ടെത്തപ്പെടുന്നവരായ ഞങ്ങൾക്കു സകല ലംഘനങ്ങളുടെയും പരിഹാരം നീ സൗജന്യം ചെയ്യണമെ. എന്റെ കർത്താവേ! ഞങ്ങളും അവരും നിനക്കു സ്തുതി കരേറ്റുവാനും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തോത്രം നൽകുവാനും യോഗ്യരാക്കണമെ. ഹോശോ..........ആമ്മീൻ.

## ഗാനം

*(ഏനോനേനുഹറോ)*

**കേൾപ്പീനിതു ജാതികളെല്ലാം**

1. പാവനമാം തിരുസഭയോടേവം
ചൊന്നേശായാ നിബിമുഖ്യൻ
ഉണരുക നിൻ ശോഭ സമാഗതമായ്
നിൻ മണവാളൻ മൃതി രഹിതൻ
രാപകൽ നിന്നുടെ വാതിലുകൾ
അടയാതങ്ങു തുറന്നീടും
മുടിചൂടും മന്നന്മാരും
വിധികർത്താക്കൾ ജ്ഞാനികളും
സ്തുതി പാടിക്കൊണ്ടതിലേറും
**പരനതിനുള്ളിൽ ഭീ വേണ്ട**

2. വാന മണാ-ളൻ തൻ വധു സഭയേ
പരിശുദ്ധേ കളയുക ഭീതി
അപരനു നീ-ചേരായ്കിൽ ഞാനും
ചേർക്കില്ലന്യയെ-നീയെന്യേ
കാലാന്ത്യേ-ഭൂവാതങ്ങൾ
തൻ നാശം വന്നീ-ടുമ്പോൾ
നീ പാർക്കും കേടേശാതെ
താതസുതാ-ത്മാവിൻ സവിധേ
സംസ്ഥിതമാം-നിന്നാസ്ഥാനം.

ശുബഹോ.............

3. വാനിൽ നി-ന്നാഗതനായ് സഭയെ
പാണിഗ്രഹണം ചെയ്ത സുതൻ
സഭ പേർക്കായ് - ക്രൂശിത വചനേശൻ
സംസ്തുത്യൻ താ-നനവരതം
ക്രൂശാൽ രക്ഷിതമാം ജനത
സ്തുതി പാടി ചൊല്ലീടുന്നു
കുരിശാലുലകം വീണ്ടോനാം

**ദൈവാത്മജനേ നീ ശുദ്ധൻ**
**പരിശുദ്ധൻ നീ പരിശുദ്ധൻ**
**മെനഓലം.....**

**4. ആദ്യസുതൻ തൻ വധുവെന്നതുപോ**
**ലിതുവരെയുളവായില്ലന്യ**
**വരണം ചെ-യ്തവനവളേ മുന്നം**
**തൻ കൊലയാൽ-നല്കീ സദ്യ**
**ക്രൂശതിലവളു തൻ ചാരേ**
**ഭൂഷിതയായ് തൻ രക്തത്താൽ**
**ആർത്തുര ചെയ്താ-ളാദരവായ്**
**താത-ന്നനുരൂപൻ സൂനോ**
**നീ പരിശുദ്ധൻ പരിശുദ്ധൻ.**

## എത്രാ

കർത്താവേ! നിന്റെ കൃപയാൽ വിശുദ്ധ സഭയാകുന്ന ആന്തരിക സെഹിയോന്റെ കോട്ടകളെ നീ ശ്രേഷ്ടതപ്പെടുത്തണമെ. അതിലെ കൂട്ടങ്ങളെ നീ ബഹുമാന്യമാക്കണമെ. അതിന്റെ പ്രജകളെ നിന്റെ ദാനങ്ങളാൽ സന്തോഷിപ്പിക്കുകയും അതിന്റെ സന്താനങ്ങളെ നിന്റെ കാരുണ്യത്താൽ തേജസ്ക്കരിക്കുകയും ചെയ്യണമെ. അങ്ങനെ നിന്റെ സഭയും പ്രജകളും പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! നിനക്കു സ്തുതിയും സ്തേത്രവും കരേറ്റുമാറാകണമെ. ഹോശോ....ആമ്മീൻ

## എനിയോനോ

*(ദർഗ്ഗയ്ക്കു താഴെ വടിയും സ്ലീബയും പിടിച്ച് കിഴക്കോട്ടു തിരിഞ്ഞു നിന്നു സന്ദർഭോചിതമായി റൂശ്മാ ചെയ്തു കൊണ്ട്)*

**1. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തു സ്തുതിഷിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനേ സ്തുതിഷിൻ.**

**സീനായ് മലമേലെഴുന്നെള്ളി**
**പാവനമാക്കിയ പരിശുദ്ധാ!**
**വന്നു വസിച്ചാലയമിതിനേ**
**പാവനമാക്കി തീർക്കണമെ.**

**2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ട തയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.**

**സീനായ് മലയിൽ വന്നീശൻ**
**മോശയ്ക്കായ് കൈ വയ്പേകി**
**മോശയതഹരോനായ് നൽകി**
**വന്നതു യോഹന്നാനോളം**

**3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.**

**നിബിയന്മാരാലുര ചെയ്തോൻ**
**ശ്ലീഹന്മാരിൽ സ്ഥിതി ചെയ്തോൻ**
**റൂഹാ വന്നാലയമിതിനെ**
**നിർമ്മലമാക്കിത്തീർക്കണമെ.**

**4. തപ്പുകളാലും ചതുര തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.**

**പ്രാവെന്നോണം താണെത്തി**
**സുതനുടെ ശിരസ്സിൽ പാർത്തവനാം**
**റൂഹാ വന്നാലയമിതിനെ**
**ശുദ്ധീകരണം ചെയ്യണമെ.**

**5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.**

**മാളികയിൽ ശ്ലീഹന്മാർ മേൽ**
**ആവാസം ചെയതൊരു റൂഹാ**
**വാസം ചെയ്താലയമിതിനെ**
**ശുദ്ധീകൃതമാക്കീടേണം ശുബഹോ.....**

**6. പാവന സുതനേ വിട്ടോനാം**
**പരിശുദ്ധൻ താതൻ സ്തുത്യൻ**
**നിർമ്മല ഗർഭേ മേവിയവൻ**
**ശുദ്ധി വിശുദ്ധർക്കായ് നൽകി**

**മെന ഓലം..........**

**7. ജഡരത്തീന്നും ശമുവേലിനെ**
**നിർമ്മലനാക്കിയ വിമലാത്മൻ**
**വാസം ചെയ്താലയമിതിനെ**
**നിർമ്മമാക്കിത്തീർക്കണമെ.**

*(ദർഗ്ഗായിൽ കയറി നിന്നു കൊണ്ട് രഹസ്യം പരസ്യം, ശ്ലോമ്മോ, വീണ്ടും രഹസ്യം, പരസ്യം എന്നിവ ചൊല്ലുന്നു. രഹസ്യങ്ങളുടെ സമയത്ത് വലിയ മണി അടിക്കുകയും കിലുക്കു മണി മറുവഹ്സാകൾ എന്നിവ കിലുക്കുകയും ജനം കുറിയേലായിസ്സോൻ പറയുകയും ചെയ്യുന്നു.)*

**രഹസ്യം**

ബോധഗോചരവും ദൃശ്യവും ഇന്ദ്രിയ ഗോചരവുമായ സകല സൃഷ്ടിയുടെയും ഉടയവനും സ്വർഗ്ഗീയരുടെയും, ഭൗമികരുടെയും ഭൂമിയ്ക്കു താഴെയുള്ളവരുടെയും സൃഷ്ടാവുമായ ദൈവമായ കർത്താവേ! നിന്നെയും നിന്റെ ഏകജാതനാം പുത്രനെയും നിന്റെ പരിശുദ്ധ റൂഹായേയും ശുശ്രൂഷിക്കുന്ന സ്വർഗ്ഗീയ സഭയിൽ പേരെഴുതപ്പെട്ടിരിക്കുന്ന കടിഞ്ഞൂലുകളെപ്പോലെ നിന്റെ സഭകളെ നീ പൂർണ്ണമാക്കി. ഇപ്പോൾ ഈ പള്ളിയുടെ മേൽ അനുഗ്രഹം നിഴലിക്കുമാറാകണമെന്നും സകലത്തിലും ബഹുമാന്യമുള്ള നിന്റെ തിരുനാമത്തിന്റെ ആരാധനയ്ക്കായി അതിനെ വിശുദ്ധീകരിക്കണമെന്നും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങനെ അതിൽ നിന്നെ വിളിക്കുന്ന സകലരുടെയും നല്ല യാചനകൾ അവർക്കു ലഭിക്കുകയും സൽപ്രവർത്തികൾ കൊണ്ട് അതിൽ നിന്നെ അവർ ശുശ്രൂഷിക്കുകയും കാഴ്ചകൾ നിനക്കു അർപ്പിക്കുകയും ആദ്യഫലങ്ങൾ സമർപ്പിക്കുകയും, ശരീര സൗഖ്യം യാചിക്കുകയും രക്ഷ കണ്ടെത്തുകയും പിഴകളിൽ നിന്നും മോചനം പ്രാപിക്കുകയും, ജ്ഞാനം കൊണ്ട് പ്രകാശിപ്പിക്കപ്പെടുകയും, നാശമില്ലായ്മ പഠിക്കുകയും പഠിപ്പിക്കുകയും നിന്റെ പരിശുദ്ധ റൂഹായാൽ ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അവരിൽ നിന്നും ദുഃഖങ്ങൾ നീക്കപ്പെടുകയും അവർ പുണ്യം പ്രാപിക്കുകയും ചെയ്യണമെ. അതിൽ നന്മകൾ അവർ ചെയ്യുകയും സ്വർഗ്ഗത്തിൽ അവരുടെ പേരുകൾ എഴുതപ്പെടുകയും ഈ സ്ഥലത്ത് വ്യാപരിക്കുന്ന നിന്റെ ഇടവകയെ അങ്ങനെ നിന്നോടു കൂടെ കാണുകയും ചെയ്യുമാറാകണമെ. അതിൽ വണങ്ങി അവർ നിന്നെ വന്ദിക്കുകയും ദൈവം ഇതിൽ സ്ഥിതി

ചെയ്യുന്നുവെന്നു അധികമായി അവർ സമ്മതിക്കുകയും ചെയ്യണമെ.

**പരസ്യം**

കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. നിന്റെ തിരുവായ് മൊഴിയെ നീ നിവൃത്തിക്കുകയും നിന്റെ പരിശുദ്ധ റൂഹായുടെ - സകലത്തിലും വിശുദ്ധമായ വാഗ്ദത്തം നിറവേറ്റുകയും ചെയ്യണമെ. അങ്ങനെ അവൻ ഇതിൽ വസിച്ച് വ്യാപരിച്ച് പ്രവർത്തിച്ച് ഏവൻ ഗേലിയോന്യവചനം ത്വരിതപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമാകുന്ന നിന്റെ ഏകജാതനാം പുത്രൻ യേശു മശിഹായുടെ കൃപയാലും കരുണയാലും മനുഷ്യസ്നേഹത്താലും ഈ സ്ഥലത്തുണ്ടാകുന്ന സകല പ്രവൃത്തിയിലും വചനത്തിലും അവൻ ഉത്സാഹിക്കുകയും ചെയ്യണമെ. തന്നോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ..........ആമ്മീൻ.

**മേല്പട്ടക്കാരൻ: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ**

**ജനം: അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.**

**രഹസ്യം**

രാജാവും രക്ഷകനും പരിശുദ്ധനും സകലത്തിന്റെ നിർമ്മാതാവും സ്രഷ്ടാവുമായുള്ളോവേ! കരകൗശലപ്പണികളും തൊഴിലുകളും ജീവിത പ്രയോജനങ്ങളായ വിദ്യകളും കണ്ടെത്തുവാൻ തക്കവണ്ണം ജ്ഞാനത്തിന്റെ വിത്ത് ഞങ്ങളുടെ പ്രകൃതത്തിൽ നീ വിതച്ചു. വിശേഷബുദ്ധിയില്ലാത്ത മൃഗീയ നടപടിയിൽ നിന്നും നിരൂപണയിൽ നിന്നും ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തി. തണുപ്പു, ചൂട് എന്നിവ മുഖാന്തരമുള്ള നാശത്തിൽ നിന്നും രക്ഷപ്പെടുവാൻ തക്കവണ്ണം ഹൃദയ ജ്ഞാനം ഞങ്ങൾക്കു നീ പ്രദാനം ചെയ്ത് ഈ ഭവനത്തിന്റെ നിർമ്മാണത്തിൽ നിന്നെ സ്തുതിക്കുന്നവരെ സ്വീകരിക്കണമെ. സ്തുതികളും വൈദിക ശുശ്രൂഷകളും നിവൃത്തിക്കപ്പെടുവാൻ നിന്റെ പ്രകൃതത്തിനാവശ്യമായിട്ടല്ല. എന്തെങ്കിലും കുറവോ ആവശ്യമോ നിമിത്തവുമല്ല. അവയെ ഞങ്ങളിൽ നിന്നും നീ ആവശ്യപ്പെടുന്നത്. എന്നാലോ നിന്നിൽ നിന്നും നിരന്തരമായി ഞങ്ങൾക്കു നൽകപ്പെടുന്ന വർദ്ധനവിനും വളർച്ചയ്ക്കുമായിട്ടത്രെ. നിന്റെ ജനമായ ഇസ്രായേൽ മരുഭൂമി വഴിയായി പ്രയാണം

ചെയ്യുമ്പോൾ നിന്റെ പരിശുദ്ധ നാമത്തിനു കൂടാരം പണിയുവാൻ ബസാലിയേലിൽ ജ്ഞാനത്തിന്റെ ആത്മാവിനെ തീ വയ്ക്കുകയും നീ അതിനെ ശുദ്ധീകരിച്ച് അടിസ്ഥാനമിടുകയും ചെയ്തു. പരിശുദ്ധവും ആചാര്യ സംബന്ധവുമായ ഈ ഭവനത്തെ നിനക്കായും നിന്നോടുള്ള സ്തുതി വചനങ്ങൾക്കായും നീ സ്ഥിരപ്പെടുത്തി നിന്റെ ശക്തിയേറിയ ഉന്നത ഭുജങ്ങളാൽ നീ ജാഗ്രതയോടെ സംരക്ഷിക്കണമെ.

**പരസ്യം**

നിന്റെ വൈദിക ന്യായ പ്രമാണത്തിലും ദിവ്യഗാനങ്ങളിലും ഭയങ്കരവും സ്വർഗ്ഗീയവുമായ നിന്റെ രഹസ്യങ്ങളുടെ ഉല്പാദനത്തിലും ഞങ്ങൾ ഇമ്പപ്പെട്ടു കൊണ്ട് പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! സ്തുതിയും കൃതജ്ഞതയും നിനക്കു ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ..........ആമ്മീൻ

***നോട്ട്:- അനന്തരം ദർഗ്ഗായിൽ നിന്നും ഇറങ്ങി മെഴുകുതിരികൾ, ധൂപക്കുറ്റി, ഏവൻഗേലി, മറുവഹ്സാകൾ, മൂറോൻ പാത്രം എന്നിവകളോടും ഇടയ്ക്കിടക്ക് തക്ക മാനീസാ ചൊല്ലിയും നീങ്ങിക്കൊണ്ട് മദ്ബഹായുടെ കിഴക്കേ ഭിത്തി തുടങ്ങി മൂറോൻ കൊണ്ടു റൂശ്മാ ചെയ്യുന്നു. ആദ്യം മദ്ബഹായും പിന്നീട് ഹൈക്കലായും.***

# മദ്ബഹാ കൂദാശ

***താഴെ കാണുന്ന പ്രാർത്ഥന ചൊല്ലി ത്രോണോസിന്റെ കിഴക്കു മദ്ധ്യത്തിലായി മദ്ബഹായുടെ കിഴക്കേ ഭിത്തിയിലും അതിനു ശേഷം വടക്കേ ഭിത്തിയിലുള്ള വാതിലുകളും ജനലുകളും മേലും പടിഞ്ഞാറു വശത്ത് മദ്ബഹായുടെ വാതുക്കൽ വളവിന്മേലും തെക്കു വശത്തുള്ള വാതിലുകളും ജനലുകളും മേലും മൂറോൻ കൊണ്ടു റൂശ്മാ ചെയ്യുന്നു. മറ്റു ത്രോണോസ്സുകളുണ്ടെങ്കിൽ അവയ്ക്കെതിരായുള്ള കിഴക്കേ ഭിത്തികളും അപ്രകാരം റൂശ്മാ ചെയ്യുന്നു.***

**മാനീസാ**

**പാവന സഭയേ നിജകരതാരിൽ**
**പണിചെയ്തോൻ വന്ദ്യൻ**
**നിബിയർ ശ്ലീഹർ സഹദേരിവരെ**
**തറയായതിൽ വച്ചാൻ**
**അഖില ജനത്തെ കൂട്ടിച്ചേർത്തവരി**
**ന്നതിനുൾ-രാപകലിൻ-സ്തുതി**
**പാടീടുന്നു.**

## പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ മശിഹാ! നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെയും നിന്റെ മാതാവായ ദൈവജനനീ കന്യകമറിയാമിന്റെയും ഈ ആലയം ആരുടെ നാമത്തിൽ പണിതു സ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്നുവോ ആ പരിശുദ്ധനായ *(ഇന്നാരുടെയും)* പ്രാർത്ഥനകളാൽ ഈ പള്ളിയേയും ഞങ്ങളെയും വാഴ്ത്തി വിശുദ്ധീകരിക്കണമെ.

**ബാറേക് ഉ കാദേശ്.** എന്തെന്നാൽ പിതാവിനോടും പ. റൂഹായോടും കൂടെ നീ പരിശുദ്ധനാകുന്നുവല്ലോ. ഹോശോ..........ആമ്മീൻ.

## ഹൈക്കലാ കൂദാശ

*മദ്ബഹായുടെ റൂശ്മാ അവസാനിക്കുമ്പോൾ മേൽപ്രകാരം മാനീസാ ചൊല്ലിക്കൊണ്ട് ഹൈക്കലായിലേക്കിറങ്ങി അതിന്റെ വടക്കു കിഴക്കേ അറ്റം മുതൽ വടക്കു വശത്തും പടിഞ്ഞാറു വശത്തും തെക്കുവശത്തുമുള്ള വാതിലുകളും ജനലുകളും മൂറോൻ കൊണ്ടു റൂശ്മാ ചെയ്യുന്നു. ഓരോ പ്രാവശ്യവും ഞങ്ങളുടെ ദൈവമായ മശിഹാ!......... എന്ന പ്രാർത്ഥന ചൊല്ലുന്നു. മാമോദീസാ തൊട്ടി, മാമോദീസാ മുറി, സഹദാ മന്ദിരം മുതലായവയും അപ്രകാരം റൂശ്മാ ചെയ്യുന്നു.*

### വേദവായനകൾ

*റൂശ്മാ എല്ലാം കഴിയുമ്പോൾ മദ്ബഹായിൽ കയറി പടിഞ്ഞാട്ടു തിരിഞ്ഞു നിന്നു പഴയ നിയമത്തിൽ നിന്നും ശലോമോന്റെ പ്രാർത്ഥന മേല്പട്ടക്കാരൻ തന്നെയോ പകരം മറ്റാരെങ്കിലുമോ വായിക്കുന്നു.*

**നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന്, ദാവീദു മുഖാന്തിരം പരിശുദ്ധ റൂഹാ - പാടി.**

**1. രാജാക്കന്മാർ 8 : 10 - 11; 22-50** or **1. രാജാക്കന്മാർ 8 : 22; 26 - 43**

**ഏവൻ ഗേലിയോൻ** യോഹന്നാൻ 10:22-38

**പെത്ഗോമൊ**

**ഹാ-ഹാ-യാഹിന്നാലയമതിലേറാമെന്നായ്-**

**എന്നോടവരോതിയ നേരം ഞാൻ മോദിച്ചു.. ഹാ....**

***ഊർശ്ലേമിൽ പ്രതിഷ്ഠാ പെരുന്നാൾ ആയിരുന്നു. ശീതകാലവുമായിരുന്നു. യേശു തമ്പുരാൻ ദേവാലയത്തിൽ ശലോമോന്റെ മണ്ഡപത്തിൽ നടന്നു കൊണ്ടിരിക്കുമ്പോൾ, യഹൂദന്മാർ തന്നെ ചുറ്റി നിന്നു***

*കൊണ്ട് തന്നോട് നീ എത്രത്തോളം ഞങ്ങളെ അപഹൃതചിത്തരാക്കും. നീ മശിഹാ ആകുന്നുവെങ്കിൽ ഞങ്ങളോടു തുറന്നു പറയുക എന്നു പറഞ്ഞു. യേശു തമ്പുരാൻ ഉത്തരമായിട്ട് പറഞ്ഞു. ഞാൻ നിങ്ങളോടു പറഞ്ഞു. നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന എന്റെ പ്രവർത്തികൾ എന്നെപ്പറ്റി സാക്ഷ്യം വഹിക്കുന്നു. എന്നാലോ നിങ്ങൾ വിശ്വസിക്കുന്നില്ല. എന്തെന്നാൽ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്ന പ്രകാരം നിങ്ങൾ എന്റെ ആടുകളിൽ നിന്നുള്ളവരല്ല. എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും ചെയ്യുന്നു. അവ എന്റെ പിന്നാലെ വരുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുകയും ചെയ്യുന്നു. അവ ഒരു നാളും നശിക്കുകയില്ല. ഒരുവനും എന്റെ കൈയ്യിൽ നിന്നും അവയെ അപഹരിക്കുകയുമില്ല. എന്തെന്നാൽ എനിക്കു അവയെ നൽകിയ എന്റെ പിതാവ് സകലത്തിലും ശ്രേഷ്ടനാകുന്നു. എന്റെ പിതാവിന്റെ കൈയ്യിൽ നിന്നും അപഹരിപ്പാൻ ഒരുവനും കഴിയുകയുമില്ല. ഞാനും എന്റെ പിതാവും, ഞങ്ങളൊന്നാകുന്നു. യഹൂദന്മാർ തന്നെ എറിയുവാൻ വീണ്ടും കല്ലുകളെടുത്തു. യേശു തമ്പുരാൻ അവരോട് അനേകം നന്മ പ്രവർത്തികൾ എന്റെ പിതാവിന്റെ പക്കൽ നിന്നും ഞാൻ നിങ്ങളെ കാണിച്ചു. അവയിൽ ഏതു പ്രവർത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു. യെഹൂദന്മാർ തന്നോടു സൽപ്രവർത്തികൾ നിമിത്തമല്ല ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. എന്നാലോ നീ ദൈവദൂഷണം പറയുന്നതു കൊണ്ടും നീ മനുഷ്യനായിരിക്കുമ്പോൾ നിന്നെത്തന്നെ ദൈവമാക്കുന്നതു കൊണ്ടുമാകുന്നുവെന്നു പറഞ്ഞു. യേശു തമ്പുരാൻ അവരോടു അരുളിച്ചെയ്തു. നിങ്ങൾ ദൈവങ്ങളാകുന്നു. എന്നിപ്രകാരം നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരിക്കുന്നില്ലയോ. ദൈവവചനം അവരുടെ പക്കൽ ഉള്ളതു നിമിത്തം അവരെ ദൈവങ്ങളെന്നു പറഞ്ഞിരിക്കുന്നുവെങ്കിൽ തിരുവെഴുത്ത് അഴിഞ്ഞു പോകുവാൻ നിവൃത്തിയില്ലല്ലോ. പിതാവു വിശുദ്ധീകരിച്ച് ലോകത്തിലേക്കു അയച്ചവനോട് ഞാൻ ദൈവത്തിന്റെ പുത്രനാകുന്നു എന്നു ഞാൻ നിങ്ങളോടു പറഞ്ഞതിനെപ്പറ്റി നീ ദൈവദൂഷണം പറയുന്നുവെന്നു നിങ്ങൾ പറയുന്നുവോ? എന്റെ പിതാവിന്റെ പ്രവർത്തി*

*കൾ ഞാൻ ചെയ്യുന്നില്ലെങ്കിൽ നിങ്ങളെന്നെ വിശ്വസിക്കുന്നില്ലെങ്കിലും എന്റെ പിതാവിലും സ്ഥിതി ചെയ്യുന്നുവെന്നു നിങ്ങൾ തിരിച്ചറിഞ്ഞു വിശ്വസിക്കുവാൻ ആ പ്രവർത്തികളെ നിങ്ങൾ വിശ്വസിപ്പിൻ.*

**ലുത്തിനിയാ(കോറൂസൂസോ)**

**നാമെല്ലാവരും നല്ലവണ്ണം നിന്ന് താല്പര്യത്തോടും ദൈവത്തെ നിരഷാക്കുന്ന ശബ്ദങ്ങളാലും കുറിയേലായിസ്സോൻ എന്നു ഉത്തരമായി പറയണം. കുറിയേ.......**

**ഉന്നതത്തിൽ വസിക്കുകയും അഗാധത്തിൽ നോക്കുകയും ചെയ്യുന്ന ഞങ്ങളുടെ ദൈവമായ മശിഹാ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ.........**

**സ്വർഗ്ഗം തന്റെ സിംഹാസനവും ഭൂമി തന്റെ കാൽപീഠവും സകലവും തനിക്കു കീഴ്പെട്ടിരിക്കുകയും വിശ്വാസത്തോടെ തങ്കലേക്കു അടുത്തു വരുന്നവരെ വെടിപ്പുള്ള ആലയങ്ങളായി പരിഗണിക്കുകയും ചെയ്യുന്നവനെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**ഇന്ദ്രിയഗ്രഹിതമായ ഈ ആലയത്തിൽ ഞങ്ങളെ ശരീര പ്രകാരം ഒരുമിച്ചു കൂട്ടുകയും ഞങ്ങളുടെ ആത്മാക്കളെ നിന്നിലുള്ള വിശ്വാസത്തിലും ശരണത്തിലും ഐക്യപ്പെടുത്തി സ്ഥിരപ്പെടുത്തുകയും ചെയ്യുന്നവനെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**നിന്റെ പരിശുദ്ധ തിരുനാമം നിമിത്തമായി കൈപ്പണിയായ ആലയത്തിൽ കൂടുന്നവരുടെ മദ്ധ്യത്തിൽ നില്ക്കുന്നവനായുള്ളോവേ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കുറിയേ.........**

**നിന്റെ ആലയങ്ങളെ സത്യത്തിന്മേൽ അടിസ്ഥാനപ്പെടുത്തുകയും ഞങ്ങളുടെ ആത്മാക്കളെ ഇളകിപോകാത്ത സത്യപാറയാകുന്ന നിന്റെ മേൽ വിശ്വാസത്തിൽ പണിയുകയും ചെയ്യുന്നവനെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**കൈപ്പണിയായ ആലയങ്ങൾ, നിന്റെ വാസസ്ഥലമായി നീ തയ്യാറാക്കുകയും നിന്നെ സ്വീകരിച്ച പുൽക്കൂടിന്റെ ദൃഷ്ടാന്തമായ രഹസ്യ സൂചകമായ ബലിപീഠം അതിൽ ഉറപ്പിക്കുകയും ചെയ്തവനായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ...........**

**നമ്മുടെ ആയുഷ്ക്കാലമെല്ലാം ഈ ഭവനത്തിൽ വച്ച് തന്റെ തേജസ്സു കണുവാൻ നാം യോഗ്യരാകുന്നതിനു വേണ്ടി കർത്താവിനോടു നാം യാചിക്കണം. കുറിയേ..........**

**ഞെരുക്കങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും നാം രക്ഷപ്പെടുന്നതിനു വേണ്ടി കർത്താവിനോടു നാം യാചിക്കണം. കുറിയേ.......**

**ഞങ്ങളുടെ മശിഹാ തമ്പുരാനേ, ഞങ്ങളുടെ ആത്മീയ നയനങ്ങൾ കൊണ്ട് രഹസ്യസൂചകമായി നിന്നെ കാണുവാൻ ഞങ്ങളെ നീ യോഗ്യരാക്കി നിന്റെ പരിശുദ്ധനാമത്തിന്റെ മഹത്വത്തിനും ആരാധനയ്ക്കുമായി പണിയപ്പെട്ടിരിക്കുന്ന നിന്റെ ശക്തി വസിപ്പിക്കണമെ. ഞങ്ങളുടെ സത്യദൈവമായ മശിഹാ തമ്പുരാനെ! ഞങ്ങൾ നിന്റെ പരിശുദ്ധ റൂഹായുടെ അലയങ്ങളായിത്തീരുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമെ. ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നാം അട്ടഹസിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയണം. കുറിയേ.... കുറിയേ......... കുറിയേ................**

## ഉച്ചത്തിൽ(കൃതജ്ഞത)

ഉത്തമ നാഥാ! ഞങ്ങൾ നിന്റെ കൃപയെ അഭിനന്ദിക്കുകയും ഞങ്ങളുടെ പക്കൽ നീ പ്രവർത്തിച്ചിട്ടുള്ളതായ നന്മകൾക്കു വേണ്ടി സകല നാമങ്ങൾക്കും ഉപരിയായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കുകയും ചെയ്യുന്നു. കണ്ടാലും തിരുമുമ്പാകെ നില്പാനും ആചാര്യ സംബന്ധമായ ഈ ഭവനവും നിന്റെ മനുഷ്യസ്നേഹത്തിന്റെ മഹിമയ്ക്കും ഞങ്ങളുടെ ജീവന്റെ ആശ്വാസത്തിനുമായി അതിലുള്ള ബലിപീഠവും വിശുദ്ധീകരിപ്പാനും ഇപ്പോഴും നീ ഞങ്ങളെ യോഗ്യരാക്കിയിരിക്കുന്നു. ആകയാൽ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. അതിനെയും അതിൽ നിന്നെ സ്തുതിക്കുന്നവരായ ഞങ്ങളെയും നിന്റെ പരിശുദ്ധ വാസസ്ഥലമായി നീ ആക്കിത്തീർക്കണമെ. അങ്ങനെ അധർമ്മങ്ങളും ലൗകിക മോഹങ്ങളും ഞങ്ങൾ വെടിഞ്ഞ് വെടിപ്പോടും ഉണർവ്വോടും നീതിപൂർവ്വമായും ദൈവഭക്തിയിലും ഞങ്ങൾ ജീവിച്ച് രക്ഷപ്പെട്ട് നിന്റെ അടുക്കലേക്കു വന്നിട്ടുള്ളവരുടെ ഭാഗത്തിൽ പെട്ടവരായിത്തീരണമെ. എന്തെന്നാൽ നീ വീണ്ടെടുപ്പിന്റെ ദൈവമാകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനാം പുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും

കരേറ്റുന്നു. ഹോശോ............ആമ്മീൻ

## ശെമ്മാശ്ശൻ ലുത്തിനിയാ

**ഈ ആലയത്തിന്റെ നിർമ്മാണത്തിൽ അംശികളായിട്ടുള്ളവർക്കു വേണ്ടിയും അതിൽ ജാഗ്രതയോടെ പ്രയത്നിച്ചിട്ടുള്ള സകലർക്കും വേണ്ടിയും വീണ്ടും വീണ്ടും നാം അപേക്ഷിക്കണം. മനുഷ്യ സ്നേഹമുള്ളവനായ ദൈവം അവർക്കു നിത്യമായ ഭവനങ്ങൾ നൽകുവാൻ തക്കവണ്ണം കർത്താവിനോടു നാം അപേക്ഷിക്കണം. കുറിയേ........**

*(കൂദാശ ചെയ്യുന്നിടത്ത് ദയറായും അതിൽ സഹോദര സംഘവും ഉണ്ടെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന ബൈത്താ കൂടി ചേർത്ത് ചൊല്ലണം.)*

**എല്ലായിപ്പോഴും നീതിഫലങ്ങൾ കർത്താവിനു അർപ്പിക്കുവാനും അങ്ങനെ എല്ലാവരുമൊരുമിച്ച് സ്തുതിയും കൃതജ്ഞതയും തനിക്കു കരേറ്റുവാനും അദ്ധ്വാനിച്ചിട്ടുള്ളവരായ നമ്മുടെ സഹോദരങ്ങളെ യോഗ്യരാക്കണമേയെന്ന് കർത്താവിനോടു നാം അപേക്ഷിച്ച് മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയണം. കുറിയേ... കുറിയേ... കുറിയേ.......**

## രഹസ്യം - ദർഗ്ഗായിൽ കയറി നിന്നുകൊണ്ട്

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധ നാമത്തെ പ്രതി ഫലങ്ങൾ അർപ്പിക്കുകയും ഈ സ്ഥലത്ത് പ്രയത്നിക്കുകയും ചെയ്തിട്ടുള്ള സകലരേയും നീ ഓർക്കണമെ. സമൃദ്ധിയായ നൽവരങ്ങൾ പ്രതിഫലമായി അവർക്കു കൊടുക്കുകയും ചെയ്യണമെ.

## പരസ്യം

പൈശാചികമായ സകല കൊടുങ്കാറ്റിൽ നിന്നും ദുഷ്ട മനുഷ്യരുടെ ഉപദ്രവങ്ങളിൽ നിന്നും അവരെ വീണ്ടുകൊണ്ട് ദിവ്യ സൈന്യങ്ങളുടെ പാളയത്തിൽ അവരെ സംരക്ഷിക്കേണമെ. അവരുടെ കൈവേലകളെ വാഴ്ത്തുകയും അവരുടെ സകല വരവുകളേയും വർദ്ധിപ്പിക്കുകയും അവരുടെ ചെലവുകളെ തിരുമുമ്പാകെ പ്രസാദമുള്ളതായി നയിക്കുകയും ചെയ്യണമെ. അവരിൽ നിന്നും സകല രോഗങ്ങളും എല്ലാ ദുർബ്ബലതയും നീക്കണമെ. എന്തെന്നാൽ നീ സൗമ്യതയുള്ളവനും നിന്നെ വിളിക്കുന്ന സകലരോടും വളരെ കരുണ കാണിക്കുന്നവനുമാ

കുന്നുവല്ലോ. നിനക്കും നിന്റെ പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ.... ആമ്മീൻ.

**കൂബൽ തൈബൂസോ** (കൃതജ്ഞത)

ദൈവമായ കർത്താവേ! ഈ സ്ഥലത്ത് തിരുമുമ്പാകെ നിന്നുകൊണ്ട് നിന്റെ പരിശുദ്ധനാമത്തെ സ്തോത്രം ചെയ്യുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കുന്നതിനാൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എതിരാളിയുടെ സകല തന്ത്രങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങൾ നിന്നോട് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. നിന്നിൽ നിന്നുള്ള വാഴ് വുകളാൽ ഈ ആലയത്തെ വാഴ്ത്തുകയും ചെയ്യണമെ ആത്മീയാദായത്തിൽ അതിനെ കാത്തുകൊള്ളണമെ. അതിൽ ഭയങ്കരവും സ്വർഗീയവുമായ നിന്റെ രഹസ്യങ്ങൾ സ്വീകരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ പരിശുദ്ധാലയം ഉണ്ടാകുവാൻ നീ ആഗ്രഹിക്കുകയും നിന്റെ തിരുനാമ ബഹുമതിക്ക് അതിനെ ഉയർത്തുകയും ചെയ്തതുപോലെ തന്നെ അതിൽ നീ വസിക്കുകയും കുടിപാർക്കുകയും ചെയ്തുകൊണ്ട് അതിനെ സൂഷ്മതയോടെ കാത്തുകൊള്ളണമെ. നിന്റെ പരിശുദ്ധറൂഹായുടെ ശക്തിയാൽ നീ അതിനു കോട്ടയായിത്തീരുകയും ചെയ്യണമെ. ഹോശോ.... ആമ്മീൻ.

## *സ്ലീബാ ആഘോഷം*

*അവസാനം ചൊല്ലി ത്രോണോസുകളിൽ പ്രതിഷ്ഠിക്കേണ്ട കുരിശുകൾ ആഘോഷിച്ചു യഥാ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നു.*

***കിഴക്ക്***

**ഹൗദ്മാലാഖേ മ്ശംശിൻ ലേഹ്..**

കാദീശാത്ത് ആലോഹോ

**ഹൗദക് റൂബേ മ്ബർകിൻ ലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദസറോഫേ മ് കദിശിൻ ലേഹ്**

കാദീശാത്ത് ലോമോയൂസോ

**ഹാത്തോയേ ബത്യോബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത്മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

*പടിഞ്ഞാറ്*

**ഹൗദ് നൂറോനേ മ്ഹല്ലിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് റൂഹോനേ മ്ഹദറിൻലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് അഫറോനേ സൊഗദീൻ ലേഹ്**

കാദീശാത്ത് ലോമോയൂസോ

**യൽദെ ദ് ഈഔത്തോ മ് ഹൈമൻ തോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാ ഹാമ്മേലായ്ൻ

*വടക്ക്*

**ഹൗദ് ഏലോയേ മ്റമർമിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് മെസഓയെ മ് കൽസിൻ ലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് തഹത്തോയേ മ്സയഹിൻ ലേഹ്**

കാദീശാത്ത് ലോ മോയൂസോ

**ഹാത്തോയോ ബത് യോ ബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

*തെക്ക്*

**മോറാൻ എസറാ ഹാമ്മേലായ്ൻ**

മോറാൻ ഹുസുവെസറാഹാമ്മേലായ്ൻ

**മോറൻ കാബേൽ തെശ്മെശ്താൻ വസലാവോസാൻ എസറാഹാമ്മേലായ്ൻ**

ശുബഹോലോക് ആലോഹോ

**ശുബഹോലോക് ബോറൂയോ**

ശുബഹോലോക് മൽകൊമ്ശീഹോ ദ്ഹോയെൻ ലഹാത്തോയേ അബ്ദായ്ക് ബാറെക്മോർ.

*ആബൂൻ ദ് ബശ്മായോ.......... ശ്ലോംലേക് മറിയാം......... ശർകോ*

## മലയാളം

### *കിഴക്ക്*

**പട്ടക്കാരൻ : ദൂതന്മാർ സേവിപ്പോനേ!**

ജനം : ഈശാ! നീ പരിശുദ്ധൻ.(ദൈവമെ നീ പരിശുദ്ധനാകുന്നു.)

**പട്ട : ക്രോബേന്മാർ വാഴ്ത്തുന്നോനേ!**

ജനം : ശക്താ! നീ പരിശുദ്ധൻ. (ബലവാനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : സ്രാപ്പികൾ കാദീ-ശാർപ്പോനേ!**

ജനം : മൃതിഹീനാ നീ പരിശുദ്ധൻ.
(മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.**

ജനം : ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.
(ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ.)

### *പടിഞ്ഞാറ്*

**പട്ട: തീമയർ ഹാലൽ-ചൊൽവോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട: ആത്മീയർ ശ്ലാ-ഘിപ്പോനേ!**

ജനം: ശക്താ! നീ പരിശുദ്ധൻ.

**പട്ട: മൺമയരാഘോ-ഷിപ്പോനേ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട: പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

### *വടക്ക്*

**പട്ട: മേലുള്ളോർ മാ-നിപ്പോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട: മദ്ധ്യമർ കീർത്തി-ക്കുന്നോനേ!**

ജനം: ശക്താ! പരിശുദ്ധൻ.

**പട്ട: കീഴുള്ളോർ കൂപ്പുന്നോനെ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട: പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

*തെക്ക്*

**പട്ട:** **നാഥാ! കൃപ ചെയ്തീടേണം.**

ജനം: നാഥാ! കൃപ ചെയ്യുക. കനിവാൽ
(ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ.)

**പട്ട:** **നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെ-യ്തീടേണം.**

ജനം: ദേവേശാ! തേ സ്തോത്രം (ദൈവമെ നിനക്കു സ്തുതി)

**പട്ട:** **സൃഷ്ടാവേ! തേ സ്തോത്രം**

ജനം: പാപികളാം ദാസരിലലിയും മിശിഹാ രാജാവേ! സ്തോത്രം, (പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മശിഹാരാജാവെ നിനക്കു സ്തുതി. ബാറെക്മോർ.)

## പ്രതിഷ്ഠ

പരിശുദ്ധ സഭാ മക്കളുടെ വിജയത്തിന്റെയും രക്ഷയുടെയും അടയാളമാകുന്ന പരിശുദ്ധ സ്ലീബാ വിശ്വാസികളുടെ പ്രശംസയ്ക്കും ആകൽക്കറുസായുടെ വീഴ്ചയ്ക്കും *(ഇന്നാരുടെ)* സ്മരണയ്ക്കുമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനായിട്ട് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ബാറെക് മോർ

**ബശ്മോദാബോ. ഉദാബറോ വദ്റൂഹോ കാദീശോ ലഹായേ ദല ഓലം ഒൽമീൻ ആമ്മീൻ.**

***നോട്ട്: കുരിശു പ്രതിഷ്ഠ കഴിഞ്ഞ് ഇതിനു ശേഷം ചേർത്തിരിക്കുന്ന കൂദാശകളില്ലെങ്കിൽ സമാപിപ്പിച്ചിട്ട് മൂന്നാം മണി, ആറാം മണി എന്നീ നമസ്ക്കാരങ്ങൾ തികച്ചിട്ട് വി. കുർബ്ബാന ചൊല്ലുന്നു. നമസ്ക്കാര സമയത്തു കാർമ്മികൻ തൂയോബോ നടത്തുന്നു. കുർബ്ബാന മറ്റാർക്കെങ്കിലും ചൊല്ലണമെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. മറ്റു കൂദാശകളുണ്ടെങ്കിൽ അവയ്ക്കു ശേഷം നമസ്ക്കാരവും തുടർന്നു കുർബ്ബാനയും ചൊല്ലാം.***

**സമാപ്തം**

## കാസാ പീലാസ കാപ്പ, ഉടുപ്പ് അരക്കെട്ട് ഊറാറാ ധൂപക്കുറ്റി മുതലായ പള്ളി ഉപകരണങ്ങൾ പുതുതായി മദ്ബഹായിലെ ഉപയോഗത്തിനായി പ്രതിഷ്ഠിക്കുമ്പോൾ നടത്തുവാനുള്ള പ്രാർത്ഥന

സർവാധിപതിയും പരിശുദ്ധനും വിശുദ്ധീകരിക്കുന്നവനുമായ ദൈവമായ കർത്താവേ! നീ ആദ്യന്തമില്ലാത്ത വിശുദ്ധനും ആർക്കും സമീപിക്കുവാൻ കഴിയാത്ത പ്രകാശത്തിൽ വസിക്കുന്നവനും ആകുന്നു. നിന്റെ മഹത്വത്താലും വിശുദ്ധിയാലും സകലത്തേയും നീ നിറക്കുന്നു. നിനക്കു സ്തുതി. പാടകന്മാരില്ലാതിരിക്കുവാൻ ഇടവരാതെ നിന്റെ ശ്രേഷ്ടതയെ സ്തുതിച്ചു കീർത്തിക്കുവാൻ വേണ്ടി മേലുള്ള ഗണങ്ങളെ നീ സൃഷ്ടിച്ചു. അതു നിനക്കു സ്തുതിയുടെ ആവശ്യമുണ്ടായിട്ടല്ല നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ടരാകുവാൻ വേണ്ടിയാകുന്നു. കൃപയോടെ നീ ലോകത്തെ സൃഷ്ടിക്കുകയും നിന്റെ ബഹുമതിക്കായി പ്രധാനാചാര്യന്മാരെ നിയമിക്കുകയും ചെയ്തു. നിന്റെ തിരുനിവാസത്തിനായി സഭയിൽ കുടീരത്തെ നീ സ്ഥാപിക്കുകയും ധൂപകലശങ്ങൾ പാത്രങ്ങൾ തവികൾ ദീപപീഠങ്ങൾ പാനപാത്രങ്ങൾ കാപ്പകൾ ഊറാറകൾ ഇടക്കെട്ടുകൾ, അങ്കികൾ മുതലായ മോശൈക ശുശ്രൂഷയ്ക്കുള്ള വിശിഷ്ടോപകരണങ്ങൾ കൊണ്ട് കല്പന പ്രകാരം അതിനെ അലങ്കരിക്കുകയും ചെയ്തു. കർത്താവേ! ഇപ്പോൾ നിന്റെ ഏകപുത്രന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ ദാസരായ ഞങ്ങൾ നിന്റെ കരുണയോട് പ്രാർത്ഥിക്കുന്നു. നിന്റെ മദ്ബഹായിലെ ഉപയോഗത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന, ഞങ്ങളുടെ കൈയ്യിലിരിക്കുന്ന ഈ ഉപരകരണങ്ങളെ നിന്റെ വിശുദ്ധാലയത്തിന്റെ ബഹുമതിയും വന്ദ്യവും ശ്രേഷ്ടവുമായ നിന്റെ തിരുനാമമഹത്വത്തിനും ഉതകുമാറ് ശുദ്ധീകരിക്കേണമെ. കർത്താവേ! ദൈവമാതാവായ വി. കന്യ മറിയാമ്മിന്റെയും സകല വിശുദ്ധന്മാരുടേയും സത്യവിശ്വാസികളായ പിതാക്കന്മാരുടേയും പ്രാർത്ഥനയാൽ ഇവയെ സമർപ്പിച്ചവരുടേയും അതിൽ സംബന്ധപ്പെട്ടവരും സംബന്ധപ്പെടുന്നവരുമായ എല്ലാവരുടേയും ഈ വഴിപാടിനെ നീ അംഗീകരിക്കേണമെ. ഹോശോ.

**സാധനത്തിന്മേൽ മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചു കൊണ്ട്**

പിതാവിന്റെയും പുത്രന്റെയും ജീവനുള്ള വിശുദ്ധ റൂഹായുടേയും നാമത്തിൽ നിത്യജീവനായി ഈ ഉപകരണങ്ങൾ അവയാൽ ദൈവീകകാഴ്ചകളും കൂദാശീകമായ ബലികളും അർപ്പിക്കപ്പെടുവാൻ വേണ്ടി മുദ്രകുത്തപ്പെടുന്നു. *ബാറക്മോർ* ***.ബശ്മോദാബോ =*** **ആമ്മീൻ** ***ഉദാബറോ =*** **ആമ്മീൻ** ***വദ്റൂഹോ ഹായോ കാദീശോ = ലഹായേ ദല ഓലം ഒൽമീൻ*** **ആമ്മീൻ.**

**ധൂപം വീശിക്കൊണ്ട്**

"***ല് തെശുബ്ഹത്തോ ലീക്കോറോ ഹെദ്റോ റുമറോമോ ദത്‌ലീ സോയുസോ കാദിശ്തോ ശവിയാസ് ബൂസിയാ വൽശെനോ ബെനിയോനോ ദ് ഈത്തോ കാദിശ്തോ ദാലോഹോ.***"

**മലയാളം**

സാരാംശത്തിൽ സമത്വമുള്ള പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും അഭ്യുന്നതിയ്ക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടു പണിക്കുമായി ഇതു തീരുമാറാകട്ടെ.

g ✝ ϱ

# രൂപങ്ങളുടെയും ചിത്രങ്ങളുടെയും കൂദാശ

*നോട്ട്: പള്ളിയകത്തും കുരിശിൻ തൊട്ടി മുതലായവയിലും വയ്ക്കുന്ന രൂപങ്ങൾ (icons) ചിത്രങ്ങൾ, പടങ്ങൾ എന്നിവ സൈത്തു പൂശി കൂദാശ ചെയ്യുന്ന പതിവുണ്ട്. ഈ കൂദാശയും മേല്പട്ടക്കാരൻ ചെയ്യുന്നു. പൂശുന്നതിന് മാമോദീസായ്ക്കായി വിശുദ്ധീകരിക്കപ്പെട്ട സൈത്തെണ്ണ ഉപയോഗിക്കുന്നു. മൂറോൻ ഉപയോഗിക്കുകയില്ല. കൂദാശ ചെയ്ത ശേഷം പതിവു പോലെ പള്ളിക്കു ചുറ്റും പ്രദിക്ഷണവും മറ്റും അവ കൊണ്ടു നടന്നു ചെയ്യാവുന്നതാണ്.*

## സ്ലൂസോ

മാനസ്സഗോചരവും ഇന്ദ്രിയ ഗോചരവുമായ സകല സൃഷ്ടിയുടെയും ദൈവവും സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഭൂമിയ്ക്കു കീഴിലുള്ളവരുടെയും സൃഷ്ടാവും സ്വർഗ്ഗീയ സഭയിൽ പേരെഴുതപ്പെട്ടിട്ടുള്ള കടിഞ്ഞൂലുകളുടെ ദൃഷ്ടാന്തത്തിൽ നിന്നെയും നിന്റെ ഏകജാതനാം പുത്രനെയും നിന്റെ പരിശുദ്ധ റൂഹായേയും ശുശ്രൂഷിക്കുന്നവരെക്കൊണ്ട് സഭ മുഴുവനെയും നിറച്ചവനുമായ കർത്താവേ! ശക്തിയുള്ളതും സകലത്തിനും മതിയായതുമായ നിന്റെ വലത്തു കൈ ഈ രൂപത്തിന്മേൽ (ചിത്രം-പടം) നിഴലിച്ച്, സകലത്തിലും ബഹുമാനമുള്ള നിന്റെ തിരുനാമത്തിന്റെ ആരാധനയ്ക്കായി അതിനെ നീ അനുഗ്രഹിക്കണമെ. തന്നിമിത്തം സത്യവിശ്വാസത്തോടെ നിന്നെ വിളിക്കുകയും ഹൃദയവെടിപ്പോടെ നിന്റെ കാരുണ്യത്തോടെ യാചിക്കുകയും ചെയ്യുന്നവരായ സകലരും അവരുടെ നല്ല യാചനകൾ പ്രാപിക്കുകയും അവർ നേർച്ചകളും റിശ്ശീസ്സാകളും കാഴ്ചകളും അർപ്പിച്ച് ആരോഗ്യവും സൗഖ്യവും പ്രാപിക്കുകയും അവരുടെ ആത്മാക്കൾക്കു രക്ഷ കണ്ടെത്തുകയും ചെയ്യണമെ. ദൈവമായ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. പൂർണ്ണത നൽകുന്നവനായുള്ളോവേ! ഞങ്ങളുടെ വായിലെ വചനത്തേയും താൻ ആവസിച്ച് പ്രവർത്തിച്ച് ഏവൻഗേലിയോന്യ വചനം ത്വരിതപ്പെടുത്തുമെന്നുള്ള സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായെപ്പറ്റിയുള്ള വാഗ്ദത്തവും നിറവേറ്റുകയും ഈ ചിത്രനാമവാഹിയെ പ്രതി ഉണ്ടാകുന്ന സകല പ്രവർത്തികളിലും വചനത്തിലും നിന്റെ കൃപയാലും ഞങ്ങ

ളുടെ കർത്താവും ദൈവവും രക്ഷകനുമാകുന്ന നിന്റെ ഏകജാതൻ യേശുമശിഹായുടെ മനുഷ്യസ്നേഹത്താലും താൻ ഉത്സാഹ പൂർവ്വം പ്രവർത്തിക്കുകയും ചെയ്യുമാറാകണമെ. തന്നോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ സ്തുതിയും ബഹുമാനവും ഹോശോ.......ആമ്മീൻ.

**മേല്പട്ടക്കാരൻ:**

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെയും ദൈവജനനിയായ നിന്റെ മാതാവിന്റെയും ആരുടെ നാമത്തിൽ ഈ ചിത്രം ക്രമപ്പെടുത്തി രൂപപ്പെടുത്തിയിരിക്കുന്നുവോ ആ *(മാർ ഇന്നാരുടെയും)* പ്രാർത്ഥനകളാൽ ഈ ചിത്രത്തെയും ഞങ്ങളെയും നീ അനുഗ്രഹിക്കണമെ. എന്തെന്നാൽ നിന്റെ പിതാവിനോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ നീ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ

*(ശുദ്ധീകരിക്കപ്പെട്ട സൈത്തെണ്ണ കൊണ്ട് ചിത്രം പൂശി മേല്പട്ടക്കാരൻ പറയുന്നു.)*

***ബശ്മോദാബോ =*** **ആമ്മീൻ** ***ഉദാബറോ =*** **ആമ്മീൻ** ***വദ്റൂഹോ കാദീശോ = ദ് ലേഹ് ശുബഹോ ലഌാലം ഒൽമീൻ*** **ആമ്മീൻ.**

*നോട്ട്:-അനന്തരം ല്തെശുബ്ബുഹത്തോ ലീക്കോറോ..... ചൊല്ലി നാലു ഭാഗത്തേക്കും ചിത്രം ആഘോഷിക്കുകയും പള്ളിക്കു ചുറ്റും ചിത്രവുമായി ആഘോഷ പൂർവ്വം പ്രദക്ഷണം നടത്തുകയും ചെയ്യാം. ചിത്രത്തിനു യോഗ്യമായ കുക്കിലിയോൻ ചൊല്ലി ധൂപം വയ്ക്കുകയും ചെയ്യാം.*

"***ല് തെശുബ്ബുഹത്തോ ലീക്കോറോ ഹെദ്റോ റുമറോമോ ദത്‌ലീ സോയുസോ കാദിശ്തോ ശവിയാസ് ബൂസിയാ വൽശൈനോ ബെനിയോനോ ദ് ഈത്തോ കാദിശ്തോ ദാലോഹോ.***"

**മലയാളം**

സാരാംശത്തിൽ സമത്വമുള്ള പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും അഭ്യുന്നതിയ്ക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടു പണിക്കുമായി ഇതു തീരുമാറാകട്ടെ.

# ശവകോട്ട കൂദാശ

(ശവകുടീരം)

*വിശ്വാസികളുടെ കബറടക്കത്തിനായുള്ള പുതിയ ശവക്കോട്ട (ശവകുടീരം) കൂദാശ ശുശ്രൂഷാക്രമം. കുർബ്ബാന കഴിഞ്ഞ് മേല്പട്ടക്കാരനും വൈദികരും ജനങ്ങളും ശവക്കോട്ടയിൽ സന്നിഹിതരായി ക്രമം നടത്തുന്നു.*

## പ്രദക്ഷിണ ഗീതം

*ബ്രിക്ഹായോ ദസുബോ.....*

1. തൻ മൃതിയാലുത്ഥാനത്തിൻ ശരണം
തന്നവനാം ജീവാധാരൻ ധന്യൻ
2. പർവ്വത സീനായ് മേ-ലവരോഹം ചെ-
യ്തുത്ഥാനം മോശയ്ക്കറിയിച്ചീശൻ
3. സ്വർഗ്ഗീയോർശ്ലേമിൽ-ത്രോണോസിങ്കൽ
തൻ ദാസർക്കേകട്ടേ നല്ലോർമ്മ
4. നാഥാ! നിൻ സവിധേ-ദാസർ ചെയ്ത
പിഴകൾക്കേകണമേ-പരിഹാരം നീ
5. ഭീകരമാം തീയും-വിധിയും കൂടാ-
തിവരെക്കാക്കണമേ-തനു രക്ഷങ്ങൾ.
6. തൽ സംഘേ സ്തുതിതേ-ഘോഷിക്കുമിവർ
നീയല്ലോ നവജീ-വോത്ഥാനങ്ങൾ

**അല്ലെങ്കിൽ**

മൃതിയെനുക-ർന്നുത്ഥാ-നത്തിൻ-ശരണം
തന്നവനാ-മുയിരിൻ-നാഥൻ-ധന്യൻ.
സീനായ്മേ-ലവരോ-ഹംചെ-യ്തീശൻ
മോശയ്ക്കു-ത്ഥാനം-വെളിവായ്-കാട്ടി.
സ്വർഗ്ഗീയോ-ർശ്ലേമിൽ-ത്രോണോ-സിങ്കൽ
സുസ്മൃതിതൻ-ദാസ-ർക്കേക-ട്ടീശൻ.
ഈ ദാസർ-നാഥാ! തിരുസ-ന്നിധിയിൽ
ചെയ്തപിഴ-യ്ക്കെല്ലാം-ക്ഷമനൽ-കേണം.
എരിതീയും-വിധിയും-നീക്കി-ട്ടീവരെ

**കാക്കുക നിൻ-തനുവാൽ-രക്ത-ത്താലും.**
**നവജീവൻ-ഉത്ഥാ-നവുമാം നിന്നെ**
**അവരോടൊ-ത്തിവരും-വാഴ്ത്തീടട്ടെ.**

## പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ! ഈ നേരത്തു തിരുമുമ്പാകെ നിന്നു സത്യവിശ്വാസത്തിൽ നിദ്ര പ്രാപിച്ചിട്ടുള്ള വിശ്വാസികളുടെ അടക്കത്തിനുള്ള ഈ ശ്മശാന സ്ഥല കൂദാശ ശുശ്രൂഷ നിവൃത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. പരിശുദ്ധ പിതാക്കന്മാരായ അബ്രാഹാം, ഇസ്സഹാക്ക്, യാക്കോബ് മുതലായവരുടെ ശ്മശാന സ്ഥലം നീ പ്രതിഷ്ഠിച്ചതുപോലെ എന്റെ കർത്താവേ! ഈ ശ്മശാന സ്ഥലത്തെയും പ്രതിഷ്ഠിക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! സത്യ വിശ്വാസത്തോടും വൈദിക ശുശ്രൂഷയോടും ഇവിടെ മറവു ചെയ്യപ്പെടുന്ന സകലരുടെയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചു പോയവരുടെയും പാപങ്ങളും കടങ്ങളും ക്ഷമിക്കണമെ. മോറാൻ വാലോ............ആമ്മീൻ.

**ദൈവമേ! നിന്റെ കൃപ പോലെ..........**

## ഗാനം

1. **ആദാം മക്കൾക്കുത്ഥാനം**
   **വാഗ്ദത്തം ചെയ്തോൻ മശിഹാ!**
   **നിൻ ശരണത്തിൽ മൃതരായോ-**
   **ർക്കരുളണമുദ്ധിതമാം ജീവൻ.**
2. **കുലനായകനാമബ്രാഹാം**
   **വാഗ്ദത്തമതാം ദേശത്ത്**
   **വിശ്വാസത്തൊടു ശരണത്തിൽ**
   **കബറിടമതിനൊരു വയൽ വാങ്ങി**
3. **നിക്ഷേപത്തിൻ ഗുഹതന്നിൽ**
   **സംസ്കൃതനാദാം വിശ്വാസാൽ**
   **കർമ്മം തനയർ ചെയ്തവനും**
   **സുതരും മൃതരായ് നിൻ ശരണേ.**

4. വെളിവായെല്ലാം തൃക്കണ്ണാൽ
കാണും മശിഹാ രാജാവേ!
നിന്മഹിമോദയ ദിവസത്തിൽ
ഞങ്ങടെ കറ വെളിവാക്കല്ലേ.

5. പറുദീസ്സിൻ വാതിൽ തുറക്കും
താക്കോലാകും മശിഹായേ
തവശരമത്തിൽ നിദ്രിതരാം
മൃതർക്കായ് വാതിൽ തുറക്കണമെ.

6. സൃഷ്ടിക്കരചൻ മശിഹായേ!
വെളിവാം രഹസ്യം തിരുമുമ്പിൽ
നാഥാ! കൃപയാൽ ഞങ്ങളെ നിൻ
ചിറകിൻ കീഴവനം ചെയ്ക

ശുബഹോ..............മെനഓലം

7. ജനകാത്മജ പാവന റൂഹാ!
സത്യേകസ്ഥൻ ദേവേശാ!
വാങ്ങിപ്പോയോരങ്ങേയ്ക്കാ
യർപ്പിക്കും സ്തുതി വന്ദനകൾ.

## കുക്കിലിയോൻ 5-ാം രാഗം

മൃതരായോർക്കത്ഭുത കാര്യങ്ങൾ ചെയ്യുന്നു നീ ഹാ-
വീരന്മാരുത്ഥിതരായ് നിന്നെ സ്തുതി ചെയ്യും.
കുഴിയിലിറങ്ങുന്നോരൊപ്പം ഞാനെണ്ണപ്പെട്ടേൻ-ഹാ-
തുണയില്ലാത്തൊരു മാനുഷനേപ്പോൽ ഞാനായി.

ശുബഹോ...........മെനഓലം

## എക്ബാ

ദേവേശാ മശിഹാ! വിശ്രാന്തിയു മാനന്ദമതും ദാസർക്കേക-
വാഗ്ദത്തം നീ ചെയ്തോതിയപോലാശ്വാസമവർക്കുത്ഥാനേ നൽക-
മൃതരായോരൊപ്പം നീ എണ്ണപ്പെട്ടാ സത്യ ശരണമവരോടുൽഘോഷിച്ചു-
പാതാളത്തിൽ നാശത്തീന്നുളവാം. നീതിയെഴുന്നോരുത്ഥാനം
കൊണ്ടവരെ നീയുത്ഥിതരാക്ക.

**അല്ലെങ്കിൽ**

**സർവ്വേശാ മിശിഹാ! വിശ്രാന്തിയുമാനന്ദമതും ദാ-സർക്കരുൾക**
**മരണം കൈക്കൊണ്ടോനാം നീ പാതാ-ളസ്ഥിതരെ**
**നാശം തീർത്തെഴുന്നേല്പാൻ സാക്ഷാത്താം ജീവോത്ഥാനങ്ങൾ**
**വാഗ്ദത്തം ചെയ്തോതിയപോൽ ആശ്വാസമവർക്കുത്ഥാനേ നൽക.**

**സ്തൗമൻ കാലോസ്........**

**പ്രൊമിയോൻ**

തന്റെ കാരുണ്യത്താൽ ഞങ്ങളെ സൃഷ്ടിച്ച കർത്താവും തന്റെ ആത്മാവിനാൽ ഞങ്ങളെ ജീവിപ്പിച്ച സ്രഷ്ടാവും മണ്ണിൽ നിന്നും ഞങ്ങളെ മനഞ്ഞുണ്ടാക്കുകയും അതിലേക്കു തന്നെ നീതിയോടു കൂടി ഞങ്ങളെ തിരിപ്പിക്കുകയും, അതിൽ നിന്നു തന്നെ തന്റെ കൃപയാൽ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്യുന്ന നിർമ്മാതാവുമായ തനിക്കു സ്തുതി. തനിക്കു ഈ നേരത്തും ബ്കുലഹൂൻ...........ആമ്മീൻ.

**സെദറാ**

ബലവാനായ ദൈവമേ! ഇല്ലായ്മയിൽ നിന്നു ലോകത്തെ നീ സൃഷ്ടിച്ചു. നിന്റെ കൈകളാൽ മണ്ണിൽ നിന്നും മനുഷ്യനെ നീ മനഞ്ഞുണ്ടാക്കി. പാലിച്ചു ജീവിക്കുവാൻ നീ അവനു കല്പന നല്കി. കല്പന ലംഘനത്താൽ അവൻ വീണു പോയി ശേഷം നീ മണ്ണാകുന്നു, മണ്ണിലേക്കു തിരികെ ചേരും എന്നിങ്ങനെ മരണത്തിന്റെ ന്യായത്തീർപ്പ് അവനു നീ നിശ്ചയിക്കുകയും ചെയ്തും. നിനക്കായി ജീവിച്ച വിശ്വാസികളായ പിതാക്കന്മാർ അവരുടെ സംസ്ക്കാരത്തിനായി പ്രത്യേക സ്ഥലം അവർക്കു നിശ്ചയിച്ചു. ഗോത്ര തലവനായ അബ്രഹാം അവന്റെയും അവന്റെ വംശക്കാരായ സന്തതികളുടെയും സംസ്ക്കരണ സ്ഥലമായി വിശ്വാസത്തോടെ ഒരു വയൽ വിലക്കു വാങ്ങി. അവരുടെ കബറുകളിൽ അവരെ നീ അശ്വസിപ്പിച്ചു. പൂർവ്വിക നീതിമാന്മാരെയും നീ വിശ്രമിപ്പിച്ചു. ഇപ്പോഴും കാരുണ്യവാനായ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ശരണത്തിൽ നിദ്രിതരാകുന്ന വിശ്വാസികളുടെ സംസ്ക്കാരത്തിനായി ശരിപ്പെടുത്തിയിരിക്കുന്ന ഈ കബറിടത്തെ നീ അനുഗ്രഹിക്കണമെ. വിശ്വാസത്തോടും പുനരുത്ഥാന ശരണത്തോടും ഇവിടെ അടക്കപ്പെടുന്ന പരേതർക്കു പാപപരിഹാരം നൽക

ണമെ. കർത്താവേ! ശക്തി കൊണ്ടും അവരുടെ പണം കൊണ്ടും ഈ നിർമ്മാണത്തെ സഹായിച്ചിട്ടുള്ളവരും സഹായിക്കുന്നവരുമായ സകലരേയും നീ അനുഗ്രഹിക്കണമെ. അവരുടെ വിശ്വാസികളായ മരിച്ചു പോയവരെ ആശ്വസിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനാം പുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ...........ആമ്മീൻ.

**ഗാനം 5-ാം രാഗം**

**ആദാം തൊ-ട്ടാരംഭിച്ചു-മശിഹായോളം മരണം പാഞ്ഞെത്തി**
**തദ്ബ്ബലമോ-മശിഹാ-നീക്കി**
**പാപത്തിൻ-മുനധ്വം-സിച്ചു**
**സ്ക്കീപ്പാനേ-ടിയതാം വിജയം-തലമുറ തോറും ഘോഷിച്ചീടുന്നു.**
**ശുബഹോ..........**

**പുനരുത്ഥാ-നേ മാഞ്ഞീടും-മൃതിയോടു പാപം സാത്താൻ ലജ്ജിക്കും**
**നീതിജ്ഞ-ന്മാർ മോ-ദിക്കും**
**കാന്തിയെഴും-വസനം-ചാർത്തും**
**ദീപം ശോ-ഭിപ്പിച്ചെത്തും - ഉത്ഥാനദിനേ-രാജ്യം പ്രാപിക്കും**
**മെനഓലം...........**

**മശിഹാരാ-ജൻ തൻ വരവിൽ-ദൂതവരന്മാർ കാഹളമൂതുമ്പോൾ**
**കബറുകൾ പൊ-ളിയും പാ-റകളും**
**മൃതരായോ-രെഴുന്നേ-റ്റീടും**
**ദീപം ശോഭിപ്പിച്ചെത്തും-ഉത്ഥാന ദിനേ മണവറ പൂകീടും.**

**അല്ലെങ്കിൽ**

**ആദമിലാ-രംഭി-ച്ചായതമായ് മശിഹായോളം മരണം നീ-ണാളോടി**
**മിശിഹായ-മ്മരണത്തി-ന്നധികാരം**
**ഒഴിവാക്കി-ഷാപത്തിൻ-മുനനീക്കി**
**ഘോഷിക്കു-ന്നെല്ലാ-ത്തലമുറയും സ്ക്കീപ്പായിന്മേൽ നേടിയതാം-വിജയത്തെ**
**പുനരുത്ഥാ-നത്തിൽ-മാഞ്ഞീടും മൃതിയൊടു പാപംലജ്ജിതനാ-കും സാത്താൻ**
**നീതിപര-ന്മാരെല്ലാം-മോദിക്കും**
**ശോഭനമാം-വസനത്താൽ-ഭൂഷിതരായ്**
**ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ് മണവറയെ-പൂകിടുവാൻ**

**ബാറെക്മോർ-ശുബഹോ............**

**ഗാത്രത്തോ-ടാത്മാ-വോതുന്നു സസമാധാനം പ്രിയസഹജാ-മരുവുക നീ**
**പോകുന്നേൻ-നിന്നരികീ-ന്നിന്നേരം**
**നിഖിലേശൻ-കല്പിക്കും-സ്ഥാനത്തിൽ**
**കർത്താവിൽ-ഞാനാ-ശിക്കുന്നുണ്ടുത്ഥാനത്തിൽ നിന്നെക്കാ-ണാൻ വീണ്ടും.**

**മെനഒാലം............**

**മശിഹാരാ-ജാവിൻ-വരവിങ്കൽ ദൂതവരന്മാർ കാഹളമൂ-തുന്നേരം**
**കബറുകളും-പാറകളും-പൊളിയുമുടൻ**
**മൃതരെല്ലാ-മുത്ഥാനം-ചെയ്തീടും**
**ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ് മണവറയേ-പൂകിടുവാൻ.**

## എത്രാ

കർത്താവേ! നിന്റെ വലത്തു കൈയ്യാൽ ഞങ്ങളെയും, നിന്റെ മഹത്വത്തിനായി ഞങ്ങൾ പ്രവർത്തിക്കുന്ന സകലത്തെയും വാഴ്ത്തണമെ. ഈ സംസ്ക്കാര സ്ഥലത്തെ വിശുദ്ധീകരിക്കണമെ. ഇവിടെ സംസ്ക്കരിക്കപ്പെടുന്ന വിശ്വാസികളെ നിന്റെ അടുക്കൽ ആനന്ദിക്കുന്നു. നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ വിശ്രമിപ്പിച്ച് ആശ്വസിപ്പിക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചു പോയവർക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകണമെ. മോറാൻ വാലോഹൻ..........ആമ്മീൻ.

## ഗാനം.

**കൈക്കൊള്ളുക നാഥാ! - നിൻ ദാസർ തൻ**
**ശ്മശാനേ-ഞങ്ങളണച്ചോ-രീഷരിമളധൂപം.**
**അതിനാൽ നിൻ ശരണേ-മരണമട**
**ഞ്ഞോർക്കാശ്വാസം-സ്മൃതിയോടൊപ്പം നീ നൽകീടണമെ.**

**ശുബഹോ..........**

**എൻ ഗാത്രം ഭക്ഷി-ച്ചുയിരോലും രുധിരം**
**പാനം - ചെയ്തോനേ ഞാൻ വെടിയാശീയോളിൽ**
**എന്നാലവനെന്നും-ജീവിഷാൻ ഞാൻ മൃത**
**നായെ-ന്നീശൻ ചൊന്നോരാവചനം സ്തുത്യം.**

**മെനഒാലം......**

**സ്നേഹത്തോടെത്തി-സ്ലീബായാൽ രക്ഷിച്ചവനാ**
**യിനിയും വന്നി-ട്ടാദാമ്യരെയേറ്റി.**
**മഹിമാംബരമേകും-ജയവീരൻ ഈശോനാ്യ**
**പനേ-നാം സ്തോത്രം ചെ-യ്താരാധിക്കേണം.**

### ഏവൻ ഗേലി

**ഹാ-ഹാ-പുല്ലിനു തുല്യം നരനുടെ നാളുകളും-**
**വയലിലെ സസ്യം പോലവനുടെ ജീവിതവും -ഹാ**

**യോഹന്നാൻ 5:19-29**

*യേശു തമ്പുരാൻ ഉത്തരമായി അവരോടരുളി ചെയ്തു. ആമ്മീൻ. ആമ്മീൻ. ഞാൻ നിങ്ങളോടു പറയുന്നു. പിതാവു പ്രവർത്തിക്കുന്ന തായി കാണുന്നതിനെയല്ലാതെ പുത്രനു സ്വയമായി എന്തെങ്കിലും പ്രവർത്തിക്കുവാൻ കഴിയുകയില്ല. എന്തെന്നാൽ പിതാവ് പ്രവർത്തി ക്കുന്നവ തന്നെ പുത്രനും അവനേപ്പോലെ പ്രവർത്തിക്കുന്നു. പിതാവു തന്റെ പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം നിങ്ങള ത്ഭുതപ്പെടുവാനായിട്ട് അവനെ കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. എന്തെന്നാൽ പിതാവു മരിച്ചവരെ ഉയർപ്പിച്ച് അവർക്കു ജീവൻ കൊടു ക്കുന്നതുപോലെ തന്നെ പുത്രനും തനിക്കിഷ്ടമുള്ളവരെ ജീവിപ്പിക്കു ന്നു. പിതാവിനെ ബഹുമാനിക്കുന്ന പോലെ എല്ലാവരും പുത്രനെ ബഹു മാനിപ്പാനായിട്ട് പിതാവ് ഒരുവനെയും വിധിക്കാതെ ന്യായ വിധിയെല്ലാം പുത്രനു നൽകിയിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല. സത്യമായിട്ട് സത്യമാ യിട്ടു ഞാൻ നിങ്ങളോടു പറയുന്നു. ആരു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നുവോ അവനു നിത്യജീവനുണ്ട്. ന്യായ വിധിയിലേക്കു അവൻ വരാതെ മരണത്തിൽ നിന്നും ജീവനിലേക്കു മാറിപ്പോയിരിക്കുന്നു. ആമ്മീൻ. ആമ്മീൻ. ഞാൻ നിങ്ങളോടു പറയു ന്നു. നാഴിക വരുന്നു. അപ്പോൾ മരിച്ചു പോയവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യും. എന്തെന്നാൽ പിതാവിനു തന്നിൽ തന്നെ ജീവനുള്ളതു പോലെ പുത്രനും അവനിൽ തന്നെ ജീവനുണ്ടായിരിപ്പാൻ സംഗതിയാക്കിയി*

*രിക്കുന്നു. ന്യായവിധിയും നടത്തുവാൻ അവനെ അധികാരപ്പെടുത്തി യിരിക്കുന്നു.എന്തെന്നാൽ നാഴിക വരുന്നു. അപ്പോൾ കബറിലുള്ള എല്ലാവരും അവന്റെ ശബ്ദം കേൾക്കുകയും നന്മ ചെയ്തിട്ടുള്ളവർ ജീവന്റെ പുനരുത്ഥാനത്തിനും തിന്മകൾ ചെയ്തിട്ടുള്ളവർ ദണ്ഡവി ധിയുടെ പുനരുത്ഥാനത്തിനുമായി പുറപ്പെടുകയും ചെയ്യും.*

## മാർയാക്കോബിന്റെ ബോവൂസാ

1. ദൈവാത്മജനേ! നീതി പ്രിയരൊ-ത്താശ്വാസം നിൻ
ദാസർക്കേകുക-സിദ്ധരൊടൊപ്പം-ശാശ്വതരാജ്യേ
2. മൃതരേക്കബറീ-ന്നെഴുന്നേല്പിച്ചു-ത്ഥാനത്തിൻ നാൾ
മാഹാത്മ്യത്തിൻ-വസ്ത്രം ചാർത്തു-ന്നോനേ സ്തോത്രം
3. ഉലകിൻ വഴിയായ്-തലമുറയെല്ലാം-നിരനിരയായ് വ-
ന്നോരോന്നായി-മുമ്പേ പോവാൻ വെമ്പീടുന്നു
വലിയൊരു പാലം-തരണം ചെയ് വാൻ-ധൃതി കൂട്ടുന്നു
അന്ത്യം ചേരാ-തൊരുവൻ പരനെ-തള്ളീടുന്നു.
4. ദുർഭഗ മുലകം-പൂകുന്നോരോ-ദണ്ഡിതരതിനെ
സ്നേഹിപ്പോരും-ചിരമതിൽ മരുവാൻ-അനുവദരല്ല
വമ്പികളവകാ-ശികളെന്നവിധം-പണിചെയ്യുന്നോർ
തീർത്ഥാടകരാം-യാത്രക്കാർ പോൽ-പോയീടുന്നു.
5. ജീവിതകാലേ-മർത്യൻദൈവം-പോൽ കല്പിപ്പൂ
അന്ത്യത്തിങ്കൽ-ജന്തുസമാനം-മൃതിപൂകുന്നു
ഇന്നലെയുന്നത-രാജാക്കന്മാ-രധികാരികളും
ഇന്നോമൃതരാം-ദുർഭഗരെളിയവർ-പതിതന്മാരും
6. കാലാരംഭേ-യവരെ മനഞ്ഞൊരു-താതനു സ്തോത്രം
കാലാർദ്ധത്തിൽ-രക്ഷിച്ചോനാം-സുതനാരാധ്യൻ
കാലത്തികവിൽ ഭൂവാനങ്ങൾ-മാഞ്ഞീടുമ്പോൾ
പിതൃനന്ദന-പരിശുദ്ധാത്മാവോ-വന്ദ്യൻ സ്തുത്യൻ.
7. മരണക്കാസാ-നീങ്ങീടുവാനായ്-പ്രാർത്ഥിച്ചോനാം
മശിഹാ രണ്ടാം-മരണക്കാസാ-നീക്കീടണമെ.

*(കബറിടത്തിൽ കുരിശു പ്രതിഷ്ഠിക്കണമെങ്കിൽ സ്ലീബായുടെ കുക്കിലിയോൻ,എക്ബോ കോലാകൾ, ബോവൂസോ എന്നിവ ചൊല്ലിയ ശേഷം സ്ലീബാ നാലു വശങ്ങളിലേക്കും ആഘോഷിക്കുന്നു.)*

## കുക്കിലിയോൻ

**വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ - ഹാ-**
**ദ്വേഷികളെ മെതിച്ചീടും നിൻ-നാമത്തിൽ.**
**വൈരികളിൽ നിന്നും കാത്തെങ്ങളെ നീ-ഹാ-**
**ശത്രുക്കളെ ല-ജ്ജിപ്പിച്ചു. ബാറെക്മോർ**

**ശുബഹോ............മെനഓലം**

## എക്ബോ

**സ്ലീബാവെന്നൂവെല്ലുന്നു - സ്ലീബാ വിദ്വേഷിയെ വെന്നൂ**
**സ്ലീബായേ സാക്ഷിച്ചോർക്കായ് - സ്ലീബായാകട്ടെ കോട്ട**

**സ്തൗമെൻ കാലോസ്.........**

## കോലാകൾ

**നാഥൻ കൂട്ടായുള്ളതിനാൽ - ദുഷ്ടനെ നാം പേടിക്കില്ല**
**തൻ ദിവ്യായുധ ധാരികളാം - നമ്മൾക്കുന്നതിയുണ്ടാകും.**

**ശുബഹോ..........**

**സ്ലീബായേ തോളിൽ താങ്ങി - സീയോനിൽ നിന്നും പോയോൻ**
**മൃതർ തന്നസ്ഥികളിന്മീതേ - ചൊരിയട്ടെ കരുണാപ്പനിനീർ**

## എക്ബോ

**യേറുശലേം ഗോഗുൽത്തായിൽ - ക്രൂശിതനാമീശോ സ്തോത്രം**
**പാറ പിളർന്നു തൻ ധ്വനിയാൽ - മൃതരേറി സ്തോത്രം പാടി.**

## *സ്ലീബാ ആഘോഷം*

### *കിഴക്ക്*

**ഹൗദ്മാലാഖേ മ്ശംശിൻ ലേഹ്..**
കാദീശാത്ത് ആലോഹോ
**ഹൗദക് റൂബേ മ്ബർകിൻ ലേഹ്**
കാദീശാത്ത് ഹൈൽസോനോ
**ഹൗദസറോഫേ മ് കദിശിൻ ലേഹ്**
കാദീശാത്ത് ലോമോയൂസോ

**ഹാത്തോായേ ബത്‌യോബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത്മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

*പടിഞ്ഞാറ്*

**ഹൗദ് നൂറോനേ മ്ഹല്ലിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് റൂഹോനേ മ്ഹദറിൻലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് അഫറോനേ സൊഗദീൻ ലേഹ്**

കാദീശാത്ത് ലോമോയൂസോ

**യൽദെ ദ് ഈത്തോ മ് ഹൈമൻ തോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാ ഹാമ്മേലായ്ൻ

*വടക്ക്*

**ഹൗദ് ഏലോയേ മ്റമർമിൻ ലേഹ്**

കാദീശാത്ത് ആലോഹോ

**ഹൗദ് മെസഓായെ മ് കൽസിൻ ലേഹ്**

കാദീശാത്ത് ഹൈൽസോനോ

**ഹൗദ് തഹത്തോായേ മ്സയഹിൻ ലേഹ്**

കാദീശാത്ത് ലോ മോയൂസോ

**ഹാത്തോായോ ബത് യോ ബൂസോ മെസ്കശ്ഫീൻ ഒമറീൻ**

ദെസ്ത് ലബ്ത് മേത്തുലോസാൻ എസറാഹാമ്മേലായ്ൻ

*തെക്ക്*

**മോറാൻ എസറാ ഹാമ്മേലായ്ൻ**

മോറാൻ ഹുസുവെസറാഹാമ്മേലായ്ൻ

**മോറൻ കാബേൽ തെശ്മെശ്താൻ വസലാവോസാൻ**
**എസറാഹാമ്മേലായ്ൻ**

ശുബഹോലോക് ആലോഹോ

**ശുബഹോലോക് ബോറൂയോ**

ശുബഹോലോക് മൽകൊമ്ശീഹോ ദ്ഹോയെൻ ലഹാത്തോായേ അബ്ദായ്ക് ബാറെക്മോർ.

## മലയാളം

### *കിഴക്ക്*

**പട്ടക്കാരൻ : ദൂതന്മാർ സേവിഷോനേ!**

ജനം : ഈശാ! നീ പരിശുദ്ധൻ.(ദൈവമെ നീ പരിശുദ്ധനാകുന്നു.)

**പട്ട : ക്രോബേന്മാർ വാഴ്ത്തുന്നോനേ!**

ജനം : ശക്താ! നീ പരിശുദ്ധൻ. (ബലവാനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : സ്രാഷികൾ കാദീ-ശാർഷോനേ!**

ജനം : മൃതിഹീനാ നീ പരിശുദ്ധൻ.
(മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.)

**പട്ട : വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.**

ജനം : ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.
(ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമെ.)

### *പടിഞ്ഞാറ്*

**പട്ട: തീമയർ ഹാലൽ-ചൊൽവോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട: ആത്മീയർ ശ്ലാ-ഘിഷോനേ!**

ജനം: ശക്താ! നീ പരിശുദ്ധൻ.

**പട്ട: മൺമയരാഘോ-ഷിഷോനേ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട: പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

### *വടക്ക്*

**പട്ട: മേലുള്ളോർ മാ-നിഷോനേ!**

ജനം: ഈശാ! നീ പരിശുദ്ധൻ.

**പട്ട: മദ്ധ്യമർ കീർത്തി-ക്കുന്നോനേ!**

ജനം: ശക്താ! പരിശുദ്ധൻ.

**പട്ട: കീഴുള്ളോർ കൂഷുന്നോനെ**

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

**പട്ട: പാപികളനുതാപത്തോടൊ-ത്തർത്ഥിച്ചോതുന്നു**

ജനം: ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം.

*തെക്ക്*

**പട്ട:** **നാഥാ! കൃപ ചെയ്തീടേണം.**

ജനം: നാഥാ! കൃപ ചെയ്യുക. കനിവാൽ

(ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ.)

**പട്ട:** **നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെ- യ്തീടേണം.**

ജനം: ദേവേശാ! തേ സ്തോത്രം (ദൈവമെ നിനക്കു സ്തുതി)

**പട്ട:** **സൃഷ്ടാവേ! തേ സ്തോത്രം**

ജനം: പാപികളാം ദാസരിലലിയും മിശിഹാ രാജാവേ! സ്തോത്രം, (പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മശിഹാരാജാവെ. ബാറെക്മോർ.)

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........**

**കൃപ നിറഞ്ഞ മറിയമേ.......**

## സ്ലീബാ പ്രതിഷ്ഠിച്ച് റൂശ്മാ ചെയ്തുകൊണ്ട്

സകല ക്രിസ്തീയ യോഗ്യതകളോടും കൂടി കൊണ്ടുവരപ്പെടുന്ന വാങ്ങിപ്പോയിട്ടുള്ള വിശ്വാസികളുടെ അടക്കത്തിനുള്ള ഈ കബറിടം (ശവകുടീരം) സാരാംശത്തിൽ സമത്വമുള്ള വി. ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും ഉന്നമനത്തിനുമായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധ റൂഹായുടേയും നാമത്തിൽ അനുഗ്രഹിക്കപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. **ബാറക്മോർ.*ബശ്മോദാബോ*** = **ആമ്മീൻ** ***ഉദാബറോ*** = **ആമ്മീൻ** ***വദ്റൂഹോ ഹായോ കാദീശോ*** = ***ഹോശോ വബ് കൂൽസ്ബാൻ ലഓലം ഒൽമീൻ*** **ആമ്മീൻ.**

## പരേതർക്കായുള്ള കുക്കിലിയോൻ

*ധൂപം വച്ച് കുക്കിലിയോൻ ചൊല്ലുന്ന സമയത്ത് ഒരു ശെമ്മാശ്ശനോ കശ്ശീശായോ ശവക്കോട്ട മുഴുവനും ചുറ്റി നടന്ന് ധൂപം വീശുന്നു.*

## കുക്കിലിയോൻ

**മക്കളിലപ്പൻ കൃപ ചെയ്വതുപോലെ ഹാലേലുയ്യാ**
**ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും**
**പുല്ലിനു തുല്യം നരനുടെ നാളുകളഹോ ഹാലേലുയ്യാ**
**പൂക്കുന്നിതു വയലിൽ പൂച്ചെടി പോലെ. ബാറെക്മോർ**

**ശുബഹോ............ മെനഓലം.........**

## എക്ബോ

**മൃതി പൂണ്ടോരേ! സൗഭാഗ്യം നിങ്ങൾക്കു-**
**ത്ഥാനത്തിൻ നാളിൽ ഉൾക്കൊണ്ടോരുയിരിൻ**
**തിരുമെയ്യും മോചനമേകും തിരുരക്തമതും**
**നിങ്ങളെ നിർത്തീടും വലഭാഗേ. സ്തൗമെൻ കാലോസ് ........**

## കോലോകൾ

**അബ്രാഹാം ധൂപമണച്ചു - കാഴ്ചകളർപ്പിച്ചൂ നോഹ**
**ധൂപമതർപ്പിതരാം ദാസർ - ക്കേകുക ശാന്തി നിൻ കൃപയാൽ**
**ശുബഹോ....**

**സ്തോത്രം മൃത ജീവപ്രദനേ! - കബറീന്നേറ്റീടുന്നോനേ!**
**നിൻ പ്രേഷക താതനുമമലൻ - റൂഹായ്ക്കും ഹാലേലുയ്യാ.**
**മൊറിയോ റാഹേം..........**

## മാർ ബാലായിയുടെ ബോവൂസോ

**കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
**നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ**
**വരവിനു കാത്തീടും മൃതരിൽ കനിയണമെ.**
**അവരബറാഹത്തിന്റേയു മിസഹാക്കുടേയും**
**യാക്കോബിന്നുടെയും മടിയിൽ പാർക്കണമെ.**
**വന്നവനാം വരുവോ നും മൃതർ തന്നുയിരും**
**സ്തുതനെന്നു ശരീരാ ത്മാക്കൾ പാടണമെ.**

*ധൂപം വച്ചു തീർന്നിട്ടില്ലെങ്കിൽ ആദ്യത്തെ പ്രദക്ഷിണ ഗീതം കൂടി തുടർന്നു ചൊല്ലാം*

## ഹൂത്തോമ്മോ

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളേവരും വാഴ്ത്തപ്പെട്ടവരാകുന്നു. ഈ കബറിടത്തിന്റെ പണിയിൽ സംബന്ധിച്ചിട്ടുള്ളവരും സംബന്ധപ്പെടുന്നവരും ഈ ശുശ്രൂഷയിൽ ഞങ്ങളോടു കൂടി സന്നിഹിതരായിട്ടുള്ളവരുമായ എല്ലാവരേയും ദൈവം തമ്പുരാൻ കാത്തു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങളെല്ലാവർക്കും നിങ്ങളുടെ വിശ്വാസികളായ സകല മരിച്ചു പോയവർക്കും കരുണയുള്ളവനായ കർത്താവ് പാപപരിഹാരം നൽകുമാറാകട്ടെ. നിങ്ങളെല്ലാവരെയും നിങ്ങളുടെ മക്കളെയും

നിങ്ങൾക്കുള്ളതായ സകലത്തെയും താൻ അനുഗ്രഹിക്കുമാറാകട്ടെ. ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകമായി (മാർ ഇന്നാരുടെയും) പ്രാർത്ഥനകളും അപേക്ഷകളും നിങ്ങളുടെ ആയുഷ്ക്കാലമൊക്കെയും എന്നേക്കും നിങ്ങളെ അനുധാവനം ചെയ്യുകയും സഹായിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

**സമാപ്തം.**

# സഹദാ മന്ദിര കൂദാശയും തിരുശേഷിപ്പ് നിക്ഷേപവും

*നോട്ട്: തിരുശേഷിപ്പു നിക്ഷേപിക്കേണ്ടതുണ്ടെങ്കിൽ മേല്പട്ടക്കാരൻ അതു വഹിച്ചു കൊണ്ടും അതിനു മുമ്പിലായി വൈദിക ഗണങ്ങളും ജനങ്ങളും മാനീസാകൾ ചൊല്ലിക്കൊണ്ടും, മെഴുകുതിരികൾ, ധൂപക്കുറ്റി, മറുവഹ്സാകൾ എന്നിവകളോടും കൂടെ ക്രമമായി തിരുശേഷിപ്പു നിക്ഷേപിക്കേണ്ട സഹദാമന്ദിരത്തിലേക്കു പോയി അതിനുള്ള ക്രമം നടത്തുന്നു.*

**നിക്ഷേപിക്കേണ്ട സ്ഥലത്തു ചെന്ന ശേഷം തിരുശേഷിപ്പു മേശപ്പുറത്തു വച്ചു കൊണ്ട്**

## കുക്കിലിയോൻ

**നീതിജ്ഞൻ പനപോലെ തളിർത്തിടുമേ-ഹാ..............**

**എക്ബാ**

**ഒരു പോലിങ്ങും മാർ***(ഇന്നാരെ)*

**സ്തൗമൻ കാലോസ്......**

## പ്രൊമിയോൻ

തന്റെ ഭക്തന്മാരുടെ ആത്മാക്കളിൽ വസിക്കുന്ന ഏക പരിശുദ്ധ പിതാവിനും തന്റെ പരിശുദ്ധന്മാരുടെ അസ്ഥികളിൽ (തിരുശേഷിപ്പുകളിൽ)കുടി കൊള്ളുന്ന വന്ദനീയനായ ഏക പുത്രനും, തന്റെ പോരാട്ടക്കാർക്കു മഹത്വകിരീടമുടയുന്ന ജീവനുള്ള പരിശുദ്ധ ഏക റൂഹായ്ക്കും സ്തുതി. തനിക്കു ഈ നേരത്തും സകല പെരുന്നാളുകളിലും................ ബ്കുലഹൂൻ.........ആമ്മീൻ.

## സെദറാ

നമ്മുടെ കർത്താവിന്റെ സ്നേഹിതന്മാരായ പരിശുദ്ധ നിബിയന്മാരും ശ്ലീഹന്മാരും സഹദേന്മാരും സർവ്വ വല്ലഭനായ മശിഹായുടെ സൈന്യാധിപന്മാരും സത്യത്തിന്റെ ഗോപുരങ്ങളും ദൈവ ഭക്തരായ പരാക്രമികളും, സത്യവിശ്വാസം നട്ടു പിടിപ്പിച്ചിട്ടുള്ളവരും വിശുദ്ധ സഭയുടെ ശില്പികളും പാപവൃണങ്ങളുടെ വൈദ്യന്മാരും, നീതിയുടെ ശാസ്ത്രികളും പരിപാകതയുള്ള മല്പാന്മാരും തെറ്റുകളെ ഉന്മൂലനം ചെയ്യുന്നവരും അധർമ്മങ്ങളെ നശിപ്പിക്കുന്നവരും ലോകത്തിൽ വച്ച് ഞങ്ങളുടെ മുമ്പാകെ ഞങ്ങളുടെ ജീവിതയാത്രയെ ശരിപ്പെടുത്തിയിട്ടുള്ള ഭൗമിക നക്ഷത്രങ്ങളും മനുഷ്യ മക്കളുടെ നയനങ്ങളെ പ്രകാശി

പ്പിക്കുന്ന നീതി സൂര്യന്റെ കിരണങ്ങളും ഭൂതലം മുഴുവന്റെയും സഹായക്കാരെന്ന പോലെ സർവ്വവല്ലഭനായ മശിഹായുടെ വടുകുകളെ തങ്ങളുടെ ശരീരങ്ങളിൽ വഹിച്ച് സകല ഭാഗങ്ങളിൽ നിന്നും പുറജാതിത്വത്തിന്റെയും യൂദത്വത്തിന്റെയും നാശത്തെ നീക്കിയ ലവണമായുള്ളോരേ! നിങ്ങളോടു (മാർ ഇന്നാരെ അങ്ങയോട്)ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ കടങ്ങൾ പരിഹരിക്കപ്പെടുകയും പാപങ്ങൾ മായിക്കപ്പെടുകയും ഭോഷത്വങ്ങൾ മോചിക്കപ്പെടുകയും ചെയ്യുവാൻ തക്കവണ്ണം നിങ്ങൾ (അങ്ങ്) ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കുന്ന പ്രതിനിധികളും അപേക്ഷകരുമായിത്തീരുമാറാകണമെ. നിങ്ങളുടെ പരിശുദ്ധമായ അപേക്ഷകൾ മൂലം അടിമകൾ രക്ഷ പ്രാപിക്കുകയും കാരാഗൃഹവാസികൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യണമെ. ബന്ധനസ്ഥർ മോചിക്കപ്പെടുകയും ദുഃഖിക്കുന്നവരും വിലപിക്കുന്നവരും ആശ്വസിപ്പിക്കപ്പെടുകയും ചെയ്യണമെ. ദൂരസ്ഥർ അടുത്തുവരികയും സമീപസ്ഥർ സംരക്ഷിക്കപ്പെടുകയും സമ്പന്നർ നീതി നടപടികളാൽ അനുഗ്രഹിക്കപ്പെടുകയും ദരിദ്രരും അഗതികളും പുലർത്തപ്പെടുകയും ചെയ്യണമെ. രോഗികളും ഞെരുക്കമനുഭവിക്കുന്നവരും സൗഖ്യം പ്രാപിക്കണമെ. പരീക്ഷകൾ നീങ്ങുകയും കോപവടികൾ നിലയ്ക്കുകയും ശാന്തിയും സമാധാനവും വാഴുകയും സഭയും അതിന്റെ മക്കളും സന്തോഷിക്കുകയും ചെയ്യണമെ. അതിലെ പട്ടക്കാർ ശോഭയോടെ ശുശ്രൂഷിക്കുകയും ഇടയന്മാർ കരുണയോടെ സംരക്ഷിക്കപ്പെടുകയും അതിലുള്ള സകല ഗണങ്ങളുടെ മേലും കരുണയും ആർദ്രതയും ചൊരിയപ്പെടുകയും ചെയ്യണമെ. വിശ്വാസികളായ മരിച്ചു പോയവർ സ്വർഗ്ഗീയ ബലിപീഠങ്ങൾ മേൽ ഓർക്കപ്പെടണമെ. തെറ്റിപ്പോയിട്ടുള്ളവരും നഷ്ടപ്പെട്ടിട്ടുള്ളവരും തിരിച്ചുവരണമെ. നിങ്ങളുടെ ഗുരുവായ ഞങ്ങളുടെ കർത്താവേശുമശിഹായിലുള്ള നിങ്ങളുടെ പരിപൂർണ്ണ ശിഷ്യത്വത്തിനും ആത്മീയ ഉപദേശത്തിനും, സൗഭാഗ്യകരമായ വാഗ്ദത്തത്തിനും ഞങ്ങളെല്ലാവരും യോഗ്യരായിത്തീരുകയും നിങ്ങളുടെ നടപടികളിൽ താൻ ഞങ്ങളെ ധൈര്യപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. താൻ മുഖാന്തിരവും തന്നോടു കൂടെയും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സകല സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ..........ആമ്മീൻ.

## പ്രാർത്ഥന

സത്യപ്രധാനാചാര്യനും ഞങ്ങളുടെ ആത്മാക്കളുടെ സൃഷ്ടാവും വെടിപ്പുള്ള നിന്റെ സഹദേന്മാരുടെ (പരിശുദ്ധനായ മാർ-ഇന്നാര്)സഹായം ഞങ്ങൾക്കു സൗജന്യം ചെയ്തിട്ടുള്ളവനുമായ ഞങ്ങളുടെ നാഥൻ കർത്താവേശു മശിഹാ! ആത്മീയ സ്തുതികളാലും പാട്ടുകളാലും സന്തോഷമുള്ള അധരങ്ങളാലും പരിശുദ്ധമായ അവരുടെ അസ്ഥി നിക്ഷേപത്തെ (തിരുശേഷിപ്പ്) ആത്മീയമായി ബഹുമാനിച്ച് പെരുന്നാൾ ആചരിപ്പാനും അവരുടെ ഓർമ്മകളെ പുകഴ്ചകളാൽ നിറവേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. നിന്നോടു ഭയഭക്തിയുള്ളവരുടെ ഇഷ്ടം നടത്തുകയും അവരുടെ അപേക്ഷ കേൾക്കുകയും ചെയ്യുന്നവനായ ദൈവമേ! നിന്റെയും സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായുടെയും കൃപയാൽ ഈ സ്ഥലത്തും അത്ഭുതങ്ങളും സൗഖ്യ പ്രവർത്തികളും നടക്കുകയും പിശാചുക്കൾ ഓടിക്കപ്പെടുകയും സകല രോഗങ്ങളും നൊമ്പരങ്ങളും സുഖമാകുകയും സകല കോപങ്ങളും നിന്റെ നാമത്തിൽ നിരോധിക്കപ്പെടുകയും ചെയ്യുമാറാകണമെ. എന്തെന്നാൽ നിന്നെ വിളിക്കുന്ന സകലർക്കും തിരുനാമം രക്ഷയുടെയും വിശുദ്ധിയുടെയും സ്തംഭമാകുന്നു. നിന്റെ പിതാവിനോടും നിന്റെ പരിശുദ്ധ റൂഹായോടും കൂടെ നീ സ്തുതിക്കപ്പെട്ടവനാകുന്നു. ഹോശോ.........ആമ്മീൻ.

**കാർമ്മികൻ: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

**ജനം: അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.**

**ശെമ്മാശ്ശൻ: കരുണയുള്ള കർത്താവിന്റെ മുമ്പാകെ, നമ്മുടെ തലകളെ നാം കുനിക്കണം.**

**ജനം: ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ! തിരുമുമ്പാകെ ഞങ്ങളുടെ തലകളെ ഞങ്ങൾ കുനിക്കുന്നു.**

*മേല്പട്ടക്കാരൻ തിരുശേഷിപ്പ് എടുത്ത് ആഘോഷിച്ചു കൊണ്ട് പറയുന്നു. (നാലു ഭാഗത്തും)*

## മലയാളം

തന്റെ പരിശുദ്ധന്മാരെ ബഹുമാനിക്കുന്ന പരിശുദ്ധവും സാരാംശത്തിൽ സമത്വമുള്ളതുമായ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും നല്ല ഉന്നതിക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുപണക്കുമായി ഇതു തീരട്ടെ.

**മേല്പട്ടക്കാരൻ പരിശുദ്ധ തിരുശേഷിപ്പു അതിനായി തയ്യാറാക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രത്യേക പാത്രത്തിൽ വച്ചു കൊണ്ട് പറയുന്നു.**

**മലയാളം**

ഇന്ന സഹദായുടെ (പരിശുദ്ധന്റെ )പരിശുദ്ധ തിരുശേഷിപ്പുകളാകുന്ന ഈ വിശുദ്ധ നിക്ഷേപം ദൈവത്തിന്റെ മഹത്വത്തിനും പരിശുദ്ധന്മാരുടെ ബഹുമാനത്തിനും അവയിൽ കുടികൊള്ളുന്ന ദിവ്യശക്തിയിൽ അഭയം പ്രാപിക്കുന്ന വിശ്വാസികളുടെ സഹായത്തിനുമായി പ്രതിഷ്ഠിക്കപ്പെടുന്നു. ***ബാറെക്മോർ*** **ബശ്മോ ദാബോ= ഉദാബറോ=വദ്റൂഹോ ഹായോ കാദീശോ=ഹോശോ വബ്കൂൽസ്ബാൻ ലഒൽമീൻ ആമ്മീൻ**.

**ഹൂത്തോമ്മാ**

പരിശുദ്ധന്മാരിൽ ആശ്വസിക്കുകയും ശുദ്ധിമാന്മാരെ പൂർണ്ണരാക്കുകയും ചെയ്യുന്ന പരിശുദ്ധനും നിബിയന്മാരുടെ പ്രശംസയും ശ്ലീഹന്മാരുടെ പുകഴ്ചയും സഹദേന്മാരുടെ കിരീടവും നീതിമാന്മാരുടെ ആനന്ദവും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകലരുടെയും ശരണവുമായ ദൈവമെ! നിന്റെ പരിശുദ്ധന്മാരുടെ ഓർമ്മയെ ആത്മായമായി നിറവേറ്റുവാനും നിന്നെ സ്നേഹിച്ചിട്ടുള്ളവരെ സ്നേഹിപ്പാനും തിരുനാമം നിമിത്തം സകല ദുരിതങ്ങൾക്കും തങ്ങളുടെ ശരീരങ്ങളെ ഏല്പിച്ചു കൊടുത്തിട്ടുള്ളവരോടു സദൃശ്യപ്പെടുവാനും ഞങ്ങൾക്കു സംഗതിയാക്കണമെ. നല്ല ഭക്തി നിമിത്തമുള്ള അവരുടെ തീഷ്ണതയും അവരുടെ സുകൃതങ്ങളും അനുകരിപ്പാൻ ഞങ്ങൾക്കിടയാക്കണമെ. നിന്നെ സ്തുതിക്കുന്നവരെ മഹത്വപ്പെടുത്തുന്നവനായ ദൈവമേ! ഞങ്ങളുടെ ആത്മാക്കൾക്കു വേണ്ടി സ്ഥാനാപതികളും അപേക്ഷകരുമായി അവരെ അംഗീകരക്കണമെ. അവരോടു കൂടി ഓഹരിയും അവകാശവും ഉണ്ടാകുവാൻ ഞങ്ങൾക്കു യോഗ്യത നൽകണമെ. എന്തെന്നാൽ നീ കാരുണ്യവാനും ആർദ്രതയുള്ളവനും മനുഷ്യസ്നേഹിയുമായ ദൈവമാകുന്നുവല്ലോ. നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ.........ആമ്മീൻ.

**അനന്തരം കുക്കിലിയോൻ (സാദീക്കോ) ചൊല്ലി ധൂപം വയ്ക്കുന്നു.**

***സമാപ്തം.***

# ഉള്ളടക്കം


| | | |
|---|---|---|
| ജ്ഞാപകം | : | 1-3 |
| കല്ലിടീൽ ശുശ്രൂഷ | : | 4-20 |
| ഒന്നാം ശുശ്രൂഷ | : | 21-45 |
| രണ്ടാം ശുശ്രൂഷ | : | 46-80 |
| മൂന്നാം ശുശ്രൂഷ | : | 81-99 |
| സാധന കൂദാശ | : | 100-101 |
| രൂപങ്ങളുടേയും<br>ചിത്രങ്ങളുടേയും കൂദാശ | : | 102-103 |
| ശവക്കോട്ട കൂദാശ | : | 104-117 |
| സഹദാ മന്ദിരകൂദാശയും<br>തിരുശേഷിപ്പ് നിക്ഷേപവും | : | 118-121 |